Reg. M. No. 2293

ഒററപ്രതി 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 തുലാം 26—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 നവംബർ 11 | ലക്കം 12



# മാർ ഈവാനിയോസ് തിരുമേനിയുടെ കത്തുകളും പ്രസംഗങ്ങളും

## VI. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കു് അയച്ച കത്തുകൾ

(ഫാദർ തോമസ്സ് ഇഞ്ചെയ്ക്കലോടി)

കേരളത്തിലെ യാക്കോബായ സഭയെ ഇതഃപര്യന്തം ഭരിച്ചിട്ടുള്ള മെത്രാപ്പോലീത്തമാരിൽ അദ്വിതീയമായ സ്ഥാനം അർഹിച്ചിരുന്ന ദേഹമായിരുന്നു വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി. ഭരണകർത്താക്കൾക്ക് അവശ്യം ഉണ്ടായിരിക്കേണ്ട ബുദ്ധിസാമർത്ഥ്യം, ഭരണപ്രാപ്തി, നയതന്ത്രജ്ഞത എന്നീ ഗുണലക്ഷണങ്ങളിൽ ഇദ്ദേഹത്തെ അതിശയിക്കത്തക്ക വേറൊരു മെത്രാപ്പോലീത്താ യാക്കോബായസഭയിൽ ഉണ്ടായിട്ടില്ലെന്നു നിസ്സംശയം പ്രസ്താവിക്കുന്നതിനു സാധിക്കും. ക്രിസ്ത്വബ്ദം 1908-ൽ അന്ത്യോക്യയിൽ എത്തി അബ്ദുള്ളാ പാത്രിയർക്കീസിൽനിന്നും മെത്രാൻസ്ഥാനം സ്വീകരിച്ച് കേരളത്തിൽ മടങ്ങി എത്തിയ ഇദ്ദേഹത്തെ പുലിക്കോട്ടു മാർ ദിവന്നാസ്യോസ് തിരുമേനിയുടെ മരണശേഷം മലങ്കരമെത്രാപ്പോലീത്തായായി 1909-ൽ പാത്രിയർക്കീസ് നിയമിക്കയാണുണ്ടായതു്. പ്രസ്തുത വർഷംതന്നെ ഇവിടെ ആഗതനായ പാത്രിയർക്കീസ് മലങ്കരയാക്കോബായസഭയുടെ ലൗകികവും ആത്മീയവുമായ അധികാരം തനിക്കാണെന്നു സമ്മതിച്ചുകൊണ്ടുള്ള ഉടമ്പടി എല്ലാ മെത്രാന്മാരും ഇടവകക്കാരും നൽകണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പാത്രിയർക്കീസിനു് ആത്മീയമേലധികാരം ഉണ്ടെന്നു സമ്മതിക്കാമെന്നും എന്നാൽ ലൗകികാധികാരം ഉണ്ടെന്നു സമ്മതിച്ചുകൊണ്ടുള്ള ഉടമ്പടി നൽകുവാൻ തയ്യാറില്ലെന്നും മാർ ദിവന്നാസ്യോസ് തിരുമേനി ശക്തിയുക്തം വാദിക്കുകയും പാത്രിയർക്കീസിനു് എതിരായി ഇവിടെ ഒരു കക്ഷി ഉണ്ടാക്കുന്നതിനു് പരിശ്രമിക്കുകയും ചെയ്തു. തന്നിമിത്തം ദിവന്നാസ്യോസ് മെത്രാപ്പോലീത്തായെ അബ്ദുള്ളാ പാത്രിയർക്കീസ് 1911-ൽ മുടക്കുകയുണ്ടായി. ഇതോടുകൂടെയായിരുന്നു കേരളത്തിലെ യാക്കോബായസഭ, അന്ത്യോക്യാ പാത്രിയർക്കീസിന്റെ ആത്മീയവും ലൗകികവുമായ മേലധികാരത്തെ സ്വീകരിക്കുന്ന ബാവാകക്ഷി (സക്കേറൽ യാക്കോബായസഭ), പാത്രിയർക്കീസിന്റെ ആത്മീയാധികാരത്തെ (?) സമ്മതിക്കുകയും ലൗകികാധികാരത്തെ നിഷേധിക്കുകയും ചെയ്യുന്ന മെത്രാൻ കക്ഷി (ഓർത്തഡോക്സ് സഭ) എന്നിങ്ങനെ രണ്ടു കക്ഷികളായി പിരിയുകയും ഉടനു സമിതിക്കേസ്, വട്ടിപ്പണക്കേസ്, സമുദായക്കേസ് എന്നിവ ആരംഭിക്കുകയും ചെയ്തതു്.

ഇരുകക്ഷിമത്സരത്തിൽ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായുടെ വലംകൈയായി നിന്നു പ്രവർത്തിച്ചുകൊണ്ടിരുന്നതു മാർ ഈവാനിയോസു തിരുമേനിയായിരുന്നു എന്നു നിസ്സംശയം പ്രസ്താവിക്കുന്നതിനു സാധിക്കും. എം. ഡി. സെമിനാരി പ്രിൻസിപ്പാൾ, സെറാമ്പൂർ കോളേജ് പ്രൊഫസർ, ബഥനി ആശ്രമാദ്ധ്യക്ഷൻ എന്നീ നിലകളിൽ സമുദായസേവനം നിർവ്വഹിച്ചു ഇരുപതുവർഷക്കാലവും മാർ ഈവാനിയോസു തിരുമേനി വട്ടശ്ശേരിൽ മെത്രാപ്പോലീത്തായുടെ "താങ്ങും തണലു"മായി പ്രവർത്തിച്ചുകൊണ്ടാണു് ഇരുന്നിട്ടുള്ളതു്. അന്നത്തെ സ്ഥിതിഗതികൾ ശരിക്കു് അറിയാവുന്ന ഒരുവനെങ്കിലും ഈ പരമാർത്ഥം നിഷേധിക്കുവാൻ മുതിരുന്നതുമല്ല. അബ്ദുള്ളാ പാത്രിയർക്കീസിനെ സധീരം എതിർക്കുന്നതിനും, ഒരു പുതിയ കക്ഷി ഇവിടെ ഉണ്ടാക്കുന്നതിനും, അബ്ദേദ്മ്ശിഹാ പാത്രിയർക്കീസിനെ ഇവിടെ വരുത്തുന്നതിനും, കാതോലിക്കാസിംഹാസനം സ്ഥാപിക്കുന്നതിനും മാർ ഈവാനിയോസു തിരുമേനിയുടെ ആലോചനയും പ്രേരണയും സ്വാധീനശക്തിയും ഇല്ലായിരുന്നുവെങ്കിൽ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്ത ഒരു കാലത്തും ധൈര്യം പ്രദർശിപ്പിക്കുമായിരുന്നില്ല. തന്റെ പിൻഗാമിയായി—മലങ്കരമെത്രാപ്പോലീത്തായായി — ഈവാനിയോസു തിരുമേനിയെ വാഴിക്കുന്നതിനാണു് വട്ടശ്ശേരിൽ തിരുമേനി ഉദ്ദേശിച്ചിരുന്നതു് എന്നുള്ളതു് അക്കാലത്തെ പരസ്യമായ ഒരു രഹസ്യവുമായിരുന്നു. പക്ഷേ, "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ."

കത്തോലിക്കാസഭാ പുനരൈക്യത്തിനു റോമാസിംഹാസനവുമായി നടത്തിക്കൊണ്ടിരുന്ന എഴുത്തുകുത്തുകൾ ഫലപ്രാപ്തിയിൽ എത്തിക്കഴിഞ്ഞപ്പോൾ ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരിൽ പലരും, വട്ടിപ്പണക്കേസിൽ വിജയം കൈവരിച്ചതുനിമിത്തം, കത്തോലിക്കാ പുനരൈക്യത്തിനു മുമ്പോട്ടുവരാതെ പിമ്പോട്ടു വലിയുകയാണുണ്ടായതു്. ഇതേപ്പറ്റി മാർ ഈവാനിയോസു തിരുമേനിയുടെ "ആത്മകഥാകഥന"ത്തിൽനിന്നും ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു് കഴിഞ്ഞ ലേഖനങ്ങളിൽ സുവിശദമായി പ്രതിപാദിച്ചിരുന്നുവല്ലോ. ബഥനി മെത്രാപ്പോലീത്താ ആയ മാർ ഈവാനിയോസും സഹഗനായ മാർ തിയോഫിലോസും കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനു നിശ്ചയിച്ചുകഴിഞ്ഞുവെന്നു ഗ്രഹിച്ച മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്കു് പ്രധാനമായി ഉണ്ടായിരുന്ന ഭയം ബഥനിവക സ്വത്തുക്കളും പള്ളികളും കത്തോലിക്കാസഭയ്ക്കു് അധീനപ്പെട്ടുപോകുമോ എന്നുള്ളതായിരുന്നു. ഇരുഭയം നിമിത്തം ബഥനിസ്വത്തുക്കളും പള്ളികളും ഓർത്തഡോക്സ് സഭയുടെ മലങ്കര അസോസിയേഷന്റെപേർക്കു് എഴുതിക്കൊടുക്കുന്നതിനു മാർ ഈവാനിയോസു തിരുമേനിയെ അദ്ദേഹം ശക്തിയായി നിർബന്ധിച്ചുതുടങ്ങി. സ്വതന്ത്രനിലയിൽ സ്ഥാപിതമായ ബഥനി ഓർത്തഡോക്സ് സഭയ്ക്കു് എഴുതിക്കൊടുക്കുന്നപക്ഷം അവസാനം അവയെല്ലാം അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ ഭരണത്തിൽ ചെന്നു ലയിക്കുമെന്നും തന്മൂലം ബഥനിയുടെ സ്ഥാപനോദ്ദേശം നിർവ്വഹിക്കുവാൻ സാദ്ധ്യമല്ലാത്ത [illegible]ത്തിൽ എത്തിച്ചേരുമെന്നും ബുദ്ധിമാനായ മാർ ഈവാനിയോസു തിരുമേനിക്കു് അറിയാമായിരുന്നു. തന്നിമിത്തം, ദിവന്നാസ്യോസ് മെത്രാപ്പോലീത്തായോടു് എത്രമാത്രം സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നുവെങ്കിലും ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ അഭീഷ്ടം അനുസരിച്ചു പ്രവർത്തിക്കുവാൻ വന്ദ്യതിരുമേനി വിമുഖതയാണു് പ്രദർശിപ്പിച്ചതു്. ഇതുസംബന്ധിച്ചു് വന്ദ്യതിരുമേനി ദിവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്കു് അയച്ചുകൊടുത്ത മൂന്നു കത്തുകൾ അപ്രാസംഗികമായ ചില ഭാഗങ്ങൾ വിട്ടശേഷം ചുവടെ ഉദ്ധരിച്ചുകൊള്ളുന്നു. വന്ദ്യതിരുമേനിയുടെ കത്തോലിക്കാസഭാപുനരൈക്യത്തിനു പത്തു മാസങ്ങൾക്കുമുമ്പാണു് ഈ കത്തുകൾ എഴുതിയതെന്നുള്ള വിവരവും ഇവിടെ പ്രത്യേകം പ്രസ്താവ്യമത്രെ.

(1)

വടശ്ശേരിക്കര
22-3-105

മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു്,

തുലാം 20-ാം തീയതി അയച്ചുതന്ന സാധനം കിട്ടി. കഴിഞ്ഞ സ്ലീബാപെരുനാൾദിവസം വി. കുർബാന കഴിഞ്ഞപ്പോൾ ഞാൻ തിരുമനസ്സിലെ മുറിയിൽവന്നു ചില കാര്യങ്ങൾ തിരുമുമ്പാകെ അറിയിച്ചിട്ടുള്ളതാണല്ലോ. അബ്ദുള്ളാബാവായും മറ്റു ശത്രുക്കളും നിമിത്തം തിരുമനസ്സുകൊണ്ടു സഹിക്കേണ്ടിവന്നിട്ടുള്ള വിഷമങ്ങൾ തിരുമനസ്സിലെക്കൂടെ നിന്നു ഞാനും അനുഭവിച്ചിട്ടുള്ളതാണു്. അവ ഇനിയും അനുഭവിപ്പാൻ സൗകര്യമുണ്ടാകത്തക്ക യാതൊരു വഴിയിലും പ്രവേശിപ്പാൻ ഞാൻ വിചാരിക്കുന്നില്ല. കഴിഞ്ഞയാണ്ടിൽ പരുമലപ്പെരുനാളിനു ഞാൻ വരുന്നതിനുള്ള പ്രതിബന്ധം ജലദോഷംമാത്രമല്ലായിരുന്നു. ബാവായും എല്ലാവരും ഉള്ളപ്പോൾ അന്യോന്യം അഭിപ്രായം യോജിക്കാത്ത നിലയിൽ വല്ലതും സംസാരിക്കേണ്ടിവരുമോ എന്നുള്ള ഭയംകൂടെയായിരുന്നു. വ്യവഹാരവും മറ്റും കഴിഞ്ഞു് ഏതെങ്കിലും വിധത്തിൽ സമുദായത്തിനു നന്മയുണ്ടാകുവാൻ തക്ക ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതാണു്. ആരെക്കെല്ലാം മെത്രാൻസ്ഥാനം കൊടുക്കണമെന്നു തിരുമനസ്സുകൊണ്ടു നിശ്ചയിക്കുന്നുവോ അതിനു ഞാൻ പ്രതികൂലിയല്ല.———

മാർ ഈവാനിയോസു
(ഒപ്പു്)

(2)

രണ്ടാമത്തെ കത്തു വട്ടശ്ശേരിൽ മി വി. എം. വറുഗീസ് ബി. എ. എൽ. റ്റി. മുഖാന്തിരം മാർ ദിവന്നാസ്യോസു തിരുമേനിക്കു് അയച്ചുകൊടുത്തതാണു്. ബഥനിയുടെ സ്വതന്ത്രനില പരിപാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ഈ കത്തിൽ ഏറ്റവും ശക്തിയായിട്ടാണു് എഴുതിയിരിക്കുന്നതു്.

വടശ്ശേരിക്കര
28-3-105

നമ്മുടെ വാത്സല്യഭാജനമായ ക്വറിച്ചനു് വാഴ്‌വു്.

പ്രിയനേ, ഈ സാധനം വലിയ തിരുമേനിയെ വായിച്ചു കേൾപ്പിക്കണം.

"മേലാവു് ആരാണെന്നു് ചോദിച്ചിട്ടു് ബഥനിമെത്രാച്ചൻ ഉത്തരം പറയുന്നില്ല; പിന്നെ ഭ്രാന്തുവന്നേക്കും" എന്നു തിരുമേനി തിരുവനന്തപുരത്തു വെച്ചു് ജോൺ വക്കീലിനോടും പിലിപ്പോസ് ജഡ്ജിയോടും കല്പിച്ചതായും ഇതേപ്പറ്റി "ഗിരിദീപ"ത്തിൽ എഴുതിയിരുന്ന കാര്യം പ്രസ്താവിച്ചതായും ഇവിടെ എഴുത്തു് വന്നിട്ടുണ്ടു്. തിരുമേനിയുടെ മേലധികാരം സ്വീകരിപ്പാനോ, ബഹുമാനിപ്പാനോ, അനുസരിപ്പാനോ, എനിക്കു് യാതൊരു മടിയുമില്ലെന്നു് തിരുമനസ്സിലേക്കു് നന്നായി അറിയാം. കാതോലിക്കായും പാത്രിയർക്കീസും തമ്മിലും സൂനഹദോസും പാത്രിയർക്കീസും തമ്മിലും വല്ല ബന്ധവുമുണ്ടോ എന്നും ഉണ്ടെങ്കിൽ എന്താണെന്നും വ്യക്തമാക്കപ്പെട്ടിട്ടില്ലല്ലോ. ഏതെങ്കിലും വിധത്തിൽ യാക്കോബായ പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിക്കുന്നപക്ഷം ഇനിയും പാത്രിയർക്കീസു വരുമ്പോൾ എന്നെ മുടക്കുമെന്നും ബഥനി സ്വത്തുക്കൾ കിട്ടുന്നതിനു് പാത്രിയർക്കീസ് പക്ഷത്തുനിന്നു് ഇനിയും കേസുകൊടുക്കുമെന്നും പിലിപ്പോസ് ജഡ്ജി ഒരിക്കൽ എന്നോടു പറയുകയും, ബഥനി, പാത്രിയർക്കീസിന്റെ അധികാരത്തിൽനിന്നും സ്വതന്ത്രമാണെന്നു് ഞാൻ മറുപടി പറയുകയും ചെയ്ത വിവരം തിരുമുമ്പാകെ അറിയിച്ചിട്ടുണ്ടു്.

എന്തെല്ലാം പ്രയാസം നേരിട്ടാലും പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിപ്പാനോ, കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ള അനുഭവങ്ങളിൽക്കൂടി ഇനിയും കടന്നുപോകുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. ഇങ്ങനെ ബഥനി പാത്രിയർക്കീസിൽ നിന്നും പരിപൂർണ്ണമായി വേർപെട്ടുനില്ക്കുന്നതുകൊണ്ടു് തിരുമേനിയെയോ കാതോലിക്കാബാവായെയോ സംബന്ധിച്ചു് ശരിയ്ക്കു സ്ഥാപിക്കുമെന്നോ, തന്നിമിത്തം തിരുമനസ്സിലെ കേസുകൾക്കു് വല്ല ദൂഷ്യങ്ങളുണ്ടാകുമെന്നോ തോന്നുന്ന പക്ഷം, ബഥനിയോടു് ബന്ധമില്ലാത്തനിലയിൽ എന്തെങ്കിലും കല്പന പരസ്യപ്പെടുത്തുന്നതു് എനിക്കു് സമ്മതമാണു്. ബഥനി വ്യവഹാരത്തിനു് വിഷയമാകാതിരിക്കുന്നതിനും, ശിമക്കാരിൽനിന്നും മറ്റും ഉണ്ടാകാനിടയുള്ള ഉപദ്രവങ്ങളിൽ നിന്നു് ഒഴിഞ്ഞിരിക്കുന്നതിനും ഞാനും ആഗ്രഹിക്കുന്നു.

തിരുമനസ്സിലെ അധികാരം പോലും സമ്മതിക്കാത്ത ഒരു നിലയല്ല ഇതു് എന്നു പ്രഥമദൃഷ്ടിയിൽ തോന്നാവുന്നതാണു്. പക്ഷേ, ഇതിന്റെ യാഥാർത്ഥ്യം മേല്പറഞ്ഞതാണു്. യാതൊരു മേലധികാരത്തിനും കീഴ്പ്പെടാതെ സ്വതന്ത്രമായി നില്ക്കണമെന്നു് എനിക്കു് ആഗ്രഹമില്ല. എന്നാൽ ഏതെങ്കിലും രൂപത്തിൽ പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിക്കേണ്ടിവരുന്ന യാതൊരു വ്യവസ്ഥയിലും പങ്കുകൊള്ളുവാൻ ഞാൻ തയ്യാറില്ല. എന്റെ ഈ നിലകൊണ്ടു് തിരുമേനിയെ കക്ഷിയാക്കിയിട്ടുള്ള കേസുകൾക്കു് ഏതെങ്കിലും തരത്തിൽ ദോഷം വരണമെന്നോ, തിരുമനസ്സിലേക്കു് വല്ല പ്രയാസവും ഉണ്ടാക്കണമെന്നോ ഞാൻ ഒട്ടും ആഗ്രഹിക്കുന്നില്ല.

* * *

"ഗിരിദീപം" അവസാന അദ്ധ്യായം അച്ചടിക്കുന്നതിനുമുമ്പു് കഴിഞ്ഞ കർക്കടകമാസത്തിൽ ജോൺവക്കീൽ തിരുമൂലപുരത്തു വന്നിരുന്നു. "അന്ത്യോക്യാ മേലധികാരം ബഥനി സ്വീകരിക്കുന്നില്ല എന്നുള്ളതു് അറിയാമല്ലോ" എന്നു ഞാൻ സന്ദർഭവശാൽ പറയുന്നതിനു് ഇടയായി. "ഞാനും സ്വീകരിക്കുന്നില്ല" എന്നാണു് അദ്ദേഹം മറുപടി പറഞ്ഞതു്.

ഇപ്പോഴത്തെ മെത്രാൻകക്ഷി ഒരുകാലത്തു പാത്രിയർക്കീസിനു കീഴ്പ്പെടുകയോ, സ്വതന്ത്രസഭയായി രൂപീകരിക്കപ്പെടുകയോ, ഏതെങ്കിലും സഭയോടു യോജിക്കുകയോ അല്ലാതെ വേറെ മാർഗ്ഗം കാണുന്നില്ല.........

ക്രിസ്ത്യാനികൾ തമ്മിലുള്ള മത്സരങ്ങൾ അവസാനിപ്പിക്കണമെന്നും, സഭകൾ തമ്മിൽ പുനരൈക്യം ഉണ്ടാകണമെന്നും കർത്താവു് ഇഷ്ടപ്പെടുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അതിനു് എതിരായി തിരുമനസ്സുകൊണ്ടു് യാതൊന്നും കല്പിക്കരുതെന്നു് ഞാൻ ആഗ്രഹിക്കുന്നു.......... യാക്കോബായ പാത്രിയർക്കീസിന്റെ നുകത്തിൽനിന്നും സ്വാതന്ത്ര്യം ലഭിക്കാത്ത കാലത്തോളം മലങ്കരസുറിയാനിക്കാർക്കു് ഐശ്വര്യമുണ്ടാകുവാൻ പ്രയാസമാണെന്നു് എനിക്കു ബോദ്ധ്യമുണ്ടു്. തല്ക്കാലത്തേക്കുമാത്രമുള്ള വല്ല സന്ധി ഉണ്ടായതുകൊണ്ടു് മതിയാകയില്ലല്ലോ. തിരുമനസ്സിലേക്കും ഉള്ളിൽ ഈ ബോദ്ധ്യം തന്നെ ഉണ്ടെന്നാണു് എന്റെ വിശ്വാസം. ബഥനി വ്യവഹാരത്തിൽ ഉൾപ്പെടാതെനില്ക്കുകയാണു് വേണ്ടതെന്നു പലപ്പോഴും തിരുമനസ്സുകൊണ്ടു കല്പിച്ചിട്ടുള്ളതുമാണല്ലോ. ഏതെങ്കിലും രൂപത്തിൽ യാക്കോബായ പാത്രിയർക്കീസിനു് അധീനപ്പെടുവാൻ ഇടയാക്കുന്ന ഏതു പന്ഥാവിൽ ആരു പ്രവേശിച്ചാലും അവർക്കു് അവസാനം ആപത്തും നിരാശയുമുണ്ടാകുമെന്നു കഴിഞ്ഞ പല തലമുറകളിലെ അനുഭവം സാക്ഷിക്കുന്നുണ്ടു്. തിരുമനസ്സിലെ അനുഭവങ്ങൾ ഇതിലേക്കു് സാക്ഷിയാണു്.

ബഥനിയുടെ സ്വതന്ത്രനില പാലിച്ചേ മതിയാവൂ എന്നു് എന്നെ നിർബന്ധിക്കുന്ന വേറെയും ചിലകാരണങ്ങൾ ഉള്ളതു ഞാൻ തിരുമുമ്പാകെ രഹസ്യമായും അഭിമുഖമായും അറിയിച്ചിട്ടുള്ളതാണു്. ഇങ്ങനെയെല്ലാമിരിക്കെ "പിന്നെ ഭ്രാന്തുവന്നേക്കും" എന്നു തിരുമനസ്സുകൊണ്ടു് ജോൺ വക്കീലിനോടും പിലിപ്പോസു ജഡ്ജിയോടും കല്പിച്ചതു് അറിഞ്ഞതിൽ സങ്കടപ്പെടുന്നു.

എന്നു്,
(ഒപ്പു്)
മാർ ഈവാനിയോസു്

(3)

മേലുദ്ധരിച്ച കത്തു് എഴുതി കഴിഞ്ഞു് രണ്ടു മാസങ്ങൾക്കുശേഷം—കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിനു എട്ടുമാസങ്ങൾക്കുമുമ്പു —മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്കു് അയച്ചുകൊടുത്തവേറൊരു കത്തു് ചുവടെ ചേർത്തുകൊള്ളുന്നു.

ബഥനി-വടശ്ശേരിക്കര
3-മകരം-105

തിരുമുമ്പാകെ ബോധിപ്പാൻ എഴുതിക്കൊള്ളുന്നതു്,

അയച്ചുതന്ന സാധനം കിട്ടി, മലങ്കര സുറിയാനിസമുദായത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും ഭാവിയിൽ ഉണ്ടാകുവാനിടയുള്ള ആപത്തുകളും വിചാരിക്കുമ്പോൾ എന്റെ ഹൃദയം തകർന്നുപോകുന്നു. ഈ അവസ്ഥയിൽ നിന്നു സമുദായത്തെ ഉദ്ധരിപ്പാൻ പര്യാപ്തമായ മാർഗ്ഗം നിർദ്ദേശിക്കേണ്ട കടമ തിരുമനസ്സിലേക്കു

(ശേഷം 11-ാം പേജിൽ)

# കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തി

## പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ "നിത്യരാജൻ" എന്നാരംഭിക്കുന്ന വിശ്വലേഖനം

(പരിഭാഷകൻ: ഫാദർ തോമസ്സ് വടക്കുശ്ശേരി എൽ. ഡി.)

### കൽക്കദോനിയാ സൂനഹദോസിന്റെ നിർവ്വചനം

സുവിശേഷങ്ങളിൽനിന്നു സംസിദ്ധമായ ഈ അഗാധതത്വം എഫേസൂസ് സൂനഹദോസിന്റെ നിർണ്ണയങ്ങളിൽനിന്നു വ്യത്യസ്തമല്ല. ഈ തത്വം എവുത്തിക്കോസിനെ നിരസിക്കുന്നതിനോടൊപ്പം നെസ്തോറിയസിനെയും വൃഥാ വിടുന്നില്ല. കൽക്കദോനിയാസൂനഹദോസ് താഴെപ്പറയുന്ന വാക്കുകളിൽ സ്പഷ്ടമായും നിഷ്കൃഷ്ടമായും ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നും, എന്നാൽ ഒരു വ്യക്തിത്വമേ ഉള്ളുവെന്നും ഉറപ്പിച്ചുപറഞ്ഞു വിശ്വാസനിർണ്ണയം ചെയ്യുമ്പോൾ പ്രസ്തുത തത്വത്തോടു പരിപൂർണ്ണമായി യോജിക്കുകയത്രെ ചെയ്യുന്നതു്. "ഐക്യത്തിനു മുമ്പു് കർത്താവിൽ രണ്ടു സ്വഭാവങ്ങളുണ്ടെന്നും, ഐക്യത്തിനുശേഷം ഒന്നുമാത്രമേ ഉള്ളുവെന്നും ഉപദേശിക്കുന്നവരെയും മഹനീയവും പരിശുദ്ധവും സാർവ്വത്രികവുമായ ഈ സൂനഹദോസ് ശപിക്കുന്നു. ആകയാൽ വന്ദ്യ പിതാക്കന്മാരുടെ മാതൃക അനുഗമിച്ചുകൊണ്ടു പരിപൂർണ്ണമായ അഭിപ്രായൈക്യത്തോടുകൂടി ഞങ്ങളെല്ലാം ഉപദേശിക്കുന്നതായതു:- (ദൈവ)പുത്രനും നമ്മുടെ കർത്താവുമായ ഈശോമിശിഹാ ഏക ആൾതന്നെയാണെന്നു ഞങ്ങൾ വിശ്വസിക്കുന്നു; അവിടുന്നു ദൈവത്വത്തിൽ പരിപൂർണ്ണനാകുന്നു. മനുഷ്യത്വത്തിലും പരിപൂർണ്ണനാകുന്നു; സത്യദൈവവും സത്യമനുഷ്യനുമാകുന്നു; വിശേഷബുദ്ധിയുള്ള ആത്മാവോടും ശരീരത്തോടുംകൂടിയ അവിടുന്നു് അതേ സമയംതന്നെ ദൈവത്വത്തിൽ പിതാവിനോടു സമത്വമുള്ളവനും, മനുഷ്യത്വത്തിൽ നമ്മോടു് സമത്വമുള്ളവനും, പാപമൊഴിച്ചുള്ളതിലെല്ലാം നമ്മോടു സദൃശനുമാണു്; സർവ്വലോകങ്ങൾക്കും മുമ്പു ദൈവത്വത്തിൽ പിതാവിൽനിന്നും, നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി അവസാനദിവസങ്ങളിൽ മനുഷ്യത്വത്തിൽ ദൈവമാതാവായ കന്യകാമറിയത്തിൽനിന്നും അവിടുന്നു ജാതനായി; (ദൈവ)പുത്രനും, കർത്താവും, ഏകജാതനും, ഏകവ്യക്തിയുമായ ക്രിസ്തു സമ്മിശ്രപ്പെടാതെയും, ഭേദപ്പെടാതെയും, വിഭാഗിക്കപ്പെടാതെയും വേർതിരിക്കപ്പെടാതെയും ഇരിക്കുന്ന രണ്ടു സ്വഭാവങ്ങളോടുകൂടിയവനാണെന്നു സമ്മതിക്കേണ്ടതത്രെ. എന്നാൽ സംയോജനം ഹേതുവായി സ്വഭാവങ്ങൾ വിഭിന്നമായും, അതിലും പ്രത്യേകിച്ചു രണ്ടു സ്വഭാവങ്ങളുടെയും പ്രകൃതിഗുണം പരിരക്ഷിക്കപ്പെട്ടും ഒറ്റവ്യക്തിയും അസ്തിത്വവുമായിത്തീർന്നിരിക്കുന്നു. അവിടുന്നു രണ്ടു വ്യക്തികളായി ഒരിക്കലും വേർതിരിക്കപ്പെടുകയോ, വിഭാഗിക്കപ്പെടുകയോ ചെയ്തിട്ടില്ല; പ്രത്യുത (ദൈവ)പുത്രനും, ഏകജാതനും, ദൈവവും, വചനവുമായ നമ്മുടെ കർത്താവീശോമിശിഹാ ഏകവ്യക്തിതന്നെയാണു്."(21)

### സാങ്കേതികപദങ്ങളുടെ പ്രസ്പഷ്ടതയും ഖണ്ഡിതാവസ്ഥയും

അബദ്ധോപദേശങ്ങളെ ഖണ്ഡിക്കുന്നതിൽ കൽക്കദോനിയാസൂനഹദോസ് ഇത്രമാത്രം സുവ്യക്തവും ഫലപ്രദവുമായ ഭാഷ ഉപയോഗിക്കുവാൻ ഇടയായതു് എന്തുകൊണ്ടാണെന്നു ചോദിച്ചാൽ, ആ സൂനഹദോസ് സംശയാസ്പദമായതിനെ പരിവർജ്ജിക്കയും, ഏറ്റവും സമുചിതമായ സാങ്കേതികപദങ്ങൾ പ്രയോഗിക്കയും ചെയ്തതിനാലാണെന്നത്രെ നാം വിചാരിക്കുന്നതു്. കൽക്കദോനിയാസൂനഹദോസിലെ നിർവ്വചനങ്ങളിൽ "ആൾ"(person), "വ്യക്തി" (hypostasis)—prosopon—hypostasis—എന്നീ രണ്ടു പദങ്ങൾക്കും ഒരേ അർത്ഥമാണു നൽകിയിട്ടുള്ളതു്. എന്നാൽ "സ്വഭാവം"(nature, physis) എന്ന പദത്തിനു മറെറാരു അർത്ഥമാണുള്ളതു്. സ്വഭാവം എന്ന പദത്തിന്റെ അർത്ഥത്തിൽ ആൾ, വ്യക്തി എന്നീ രണ്ടുപദങ്ങൾ ഒരിക്കലും പ്രയോഗിക്കപ്പെട്ടിട്ടില്ല.*

ആകയാൽ ഒരുകാലത്തു നെസ്തോറിയസിന്റെയും എവുത്തിക്കോസിന്റെയും കക്ഷികളും, ഇക്കാലത്തു ചരിത്രകാരന്മാരിൽ ചിലരും അഭിപ്രായപ്പെട്ടനപ്രകാരം കൽക്കദോനിയാസൂനഹദോസ് എഫേസൂസ് സൂനഹദോസ് നിർണ്ണയിച്ചതിനെ തിരുത്തിയിട്ടുണ്ടെന്നു പറയുന്നതു് അബദ്ധമാണു്. നേരെമറിച്ച് ഒരു സൂനഹദോസ് മറെറാന്നിനെ പൂർത്തീകരിക്കയാണു ചെയ്യുന്നതു്. ഇപ്രകാരം ക്രിസ്തുവിനെ സംബന്ധിച്ചുള്ള മൗലികതത്വത്തിന്റെ ഐകരൂപ്യസമ്മിളിതമായ ഉദ്ഗ്രഥനം കോൺസ്റ്റാന്റിനോപ്പിളിൽ നടത്തപ്പെട്ട രണ്ടാമത്തേയും മൂന്നാമത്തേയും സൂനഹദോസുകളിൽ പൂർവ്വാധികം പ്രത്യക്ഷമായി.

ചില പദപ്രയോഗങ്ങളെ തെററിദ്ധരിക്കുകനിമിത്തം ഏകസ്വഭാവവാദികൾ എന്നു വിളിക്കപ്പെടുന്നവരും, കൽക്കദോനിയാസൂനഹദോസിന്റെ പൂർവ്വവൈരികളുമായ ചിലർ ആ സൂനഹദോസിന്റെ പ്രസ്പഷ്ടവും ഏദയംഗമവും പരിപൂർണ്ണവുമായ ഉപദേശത്തെ നിരസിക്കുന്നതു് ഏററവും ദയനീയമത്രെ. ക്രിസ്തുവിൽ സ്വഭാവങ്ങളുടെ സമ്മിശ്രമുണ്ടെന്നു തെററായി ഉപദേശിച്ചിരുന്ന എവുത്തിക്കോസിനു് എതിരായിട്ടാണു് ഇവർ നിലകൊണ്ടിരുന്നതെങ്കിലും "ദൈവവചനത്തിനു് അവതീർണ്ണമായ ഒററസ്വഭാവം" (Una natura Dei Verbi incarnata—The Word of God has one nature incarnate) എന്ന വിശ്രുതമായ പദപ്രയോഗത്തെ ഇവർ മുറുകെ പിടിച്ചിരുന്നു. ഈ പദം വി. അത്തനാസ്യോസിൽനിന്നു വന്നതായി പരിഗണിച്ചു അലക്സാണ്ഡ്രിയായിലെ വി. കൂറില്ലോസ് ഉപയോഗിച്ചിട്ടുണ്ടു്. എന്നാൽ വി. കൂറില്ലോസ് ശരിയായ അർത്ഥത്തിൽ, അതായതു് വ്യക്തി എന്ന അർത്ഥത്തിലാണു സ്വഭാവം എന്ന പദം പ്രയോഗിച്ചിട്ടുള്ളതു്. എന്നാൽ കൽക്കദോനിയായിലെ പിതാക്കന്മാർ ഈ സാങ്കേതികപദങ്ങളിൽനിന്നു ദ്വയാർത്ഥത്തെയും അവ്യക്തതയെയും നീക്കിക്കളഞ്ഞു ത്രിത്വത്തെ സംബന്ധിച്ചുള്ള ഉപദേശത്തിലും മനുഷ്യാവതാരത്തെ സംബന്ധിച്ചുള്ള ഉപദേശത്തിലും ഒരേ സാങ്കേതികപദങ്ങൾ പ്രയോഗിച്ച് "സ്വഭാവം" (nature), "സാരാംശം" (essence, ousia) എന്നീ പദങ്ങൾ തുല്യാർത്ഥമുള്ളവയെന്നും, "ആൾ" (person), "വ്യക്തി" (hypostasis) എന്നിവ തുല്യാർത്ഥമുള്ളവയെന്നും അവർ പ്രസ്താവിച്ച രണ്ടുതരത്തിലുള്ള ഈ പദപ്രയോഗങ്ങൾ തമ്മിലുള്ള അന്തരത്തെ സൂക്ഷ്മതയോടെ അവർ വേർതിരിച്ചുകാണിച്ചു. എന്നാൽ മേൽപ്രസ്താവിക്കപ്പെട്ട എതിരാളികൾ സ്വഭാവത്തെയും വ്യക്തിയെയും തുല്യാർത്ഥത്തിൽ പരിഗണിച്ചു. എന്നാൽ സ്വഭാവത്തെയും സാരാംശത്തെയും തുല്യാർത്ഥത്തിൽ അവർ പരിഗണിച്ചുമില്ല. ആകയാൽ സാധാരണവും വ്യക്തവുമായ പദപ്രയോഗമനുസരിച്ചു ദൈവത്തിൽ ഒരു സ്വഭാവവും (nature), മൂന്നു് ആളുകളും (persons) ഉണ്ടെന്നും, ക്രിസ്തുവിൽ ഒരാളും രണ്ടുസ്വഭാവങ്ങളുമുണ്ടെന്നും നാം പറയേണ്ടിയിരിക്കുന്നു.

ഇപ്പറഞ്ഞ കാരണങ്ങളാൽ ഈജിപ്തിലും, എത്യോപ്യായിലും അർമ്മേനിയായിലും മററു ചില സ്ഥലങ്ങളിലും * യഥാർത്ഥമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചിട്ടുള്ളതായി കാണപ്പെടുന്ന ചില വിഭിന്നസംഘങ്ങൾ ഇക്കാലത്തുമുണ്ടു്. അവർ വ്യതിചലിച്ചിരിക്കുന്നതു പ്രധാനമായി കർത്താവിന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ചുള്ള ഉപദേശം രൂപവൽക്കരിച്ചിട്ടുക്കുന്നതിലുള്ള പദപ്രയോഗത്തിലാണെന്നു് അവരുടെ ആരാധനക്രമം, വേദശാസ്ത്രം എന്നിവസംബന്ധിച്ചുള്ള രേഖകളിൽനിന്നു് അനുമാനിച്ചെടുക്കാവുന്നതാണു്.

പന്ത്രണ്ടാം ശതാബ്ദത്തിൽപ്പോലും അർമ്മേനിയരുടെ ഇടയിൽ ഏററവും പ്രാമാണ്യം സിദ്ധിച്ചിട്ടുള്ള ഒരു എഴുത്തുകാരൻ ഈ വിഷയത്തിലുള്ള തന്റെ വിചിന്തനങ്ങളെ പരസ്യമായി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "ക്രിസ്തുവിൽ ഏകസ്വഭാവമാണെന്നു നാം പറയുന്നതു് എവുത്തിക്കോസിന്റെ അഭിപ്രായപ്രകാരം സമ്മിശ്രമായ ഒന്നായിട്ടല്ല; അപ്പൊല്ലിനാരിസിന്റെ അഭിപ്രായപ്രകാരം ക്ഷയിച്ചുപോയ ഒന്നായിട്ടുമല്ല, പ്രത്യുത അലക്സാണ്ഡ്രിയായിലെ വി. കൂറില്ലോസിന്റെ അഭിപ്രായപ്രകാരമുള്ള ഒന്നായിട്ടാണു്. "നെസ്തോറിയസിനു് എതിരായ നിർദ്ദേശങ്ങൾ" എന്ന തന്റെ ഗ്രന്ഥത്തിൽ വി. കൂറില്ലോസ് പറയുന്നു:- "പിതാക്കന്മാർ പഠിപ്പിച്ചിട്ടുള്ളതുപോലെ മനുഷ്യാവതാരംചെയ്ത (ദൈവ)വചനത്തിനു് ഏകസ്വഭാവമാണുള്ളതു്......" വിശുദ്ധന്മാരുടെ പാരമ്പര്യത്തെ അനുഗമിച്ച് ഇതുതന്നെ ഞങ്ങളും പറയുന്നു. വിഭിന്നകക്ഷികൾ ഏകസ്വഭാവത്തെപ്പററി പറയുമെങ്കിലും ക്രിസ്തുവിന്റെ സംയോജനത്തിൽ അവർ സമ്മിശ്രത്തെയോ, ഭാവഭേദത്തെയോ, മാററത്തെയോ ഉൾപ്പെടുത്തുന്നു. ഞങ്ങൾ ഈ അഭിപ്രായം സ്വീകരിക്കുന്നില്ല. ക്രിസ്തുവിൽ ഉള്ളതായി നിങ്ങൾ സമ്മതിക്കുന്ന വ്യക്തിത്വത്തെയാണു ഞങ്ങളും അർത്ഥമാക്കുന്നതു്. ഇതു ശരിയാണു്. ഞങ്ങളും ഇതു സമ്മതിക്കുന്നു. ഒരു സ്വഭാവം എന്ന ഞങ്ങളുടെ പദപ്രയോഗത്തിനു് ഏററവും സമമായിട്ടുള്ളതാണു് ഇതും. രണ്ടു സ്വഭാവങ്ങൾ എന്നു പറയുന്നതിനെ ഞങ്ങൾ നിരസിക്കുന്നില്ല. എന്നാൽ രണ്ടെന്നു പറയുമ്പോൾ നെസ്തോറിയസിന്റെ അഭിപ്രായപ്രകാരം (ക്രിസ്തു) രണ്ടായി വിഭജിക്കപ്പെട്ടതായി മനസ്സിലാക്കരുതു്. നേരെമറിച്ചു, എവുത്തിക്കോസിന്റെയും അപ്പൊല്ലിനാരിസിന്റെയും ഉപദേശത്തിനു് എതിരായി, കൂടിച്ചേരാത്ത ഒരു സ്വഭാവമായി നാം മനസ്സിലാക്കണം."(22)

"സഹോദരന്മാർ ഐക്യത്തിൽ ഒരുമിച്ചു വസിക്കുന്നതു് എത്ര നല്ലതും എത്ര അനുഗ്രഹപ്രദവുമാണു്"(23) എന്നുള്ള സങ്കീർത്തകന്റെ വാക്കുകൾ അന്വർത്ഥമാകുന്നപക്ഷം സന്തോഷവും ആദ്ധ്യാത്മികാനന്ദവും അവയുടെ പരമസീമയിൽ എത്തിച്ചേരുമെങ്കിൽ—ക്രിസ്തുവിന്റെ പരിപൂർണ്ണസത്യവും പരിപൂർണ്ണസ്നേഹവും അവിടുത്തെ അജഗണത്തെ ഒരുമിച്ചു ചേർക്കുന്നവേളയിൽ ദൈവമഹത്വവും മനുഷ്യവർഗ്ഗത്തിനു പരമനന്മയും വിശേഷവിധിയായി പ്രശോഭിതമാകുമെങ്കിൽ—സ്നേഹത്തിലും ദുഃഖത്തിലും ആരെ സംബന്ധിച്ചു നാം പ്രസ്താവിക്കുന്നുവോ അവർ ഒന്നു ചിന്തിച്ചുനോക്കട്ടെ, സാങ്കേതികപദപ്രയോഗത്തിൽ ആരംഭകാലത്തു വന്നുപോയ ഈ തെററിദ്ധാരണനിമിത്തം ഇന്നുനിലകൊള്ളുന്നവർ,(24) അതായതു് പ്രവാചകന്മാരുടെയും അപ്പോസ്തോലന്മാരുടെയും മേലും യേശുക്രിസ്തു എന്ന പ്രധാനമൂലക്കല്ലിന്മേലും (25) സ്ഥാപിതമായിട്ടുള്ള ഏക വിശുദ്ധ സഭയിൽനിന്നു് അവർ ഇപ്പോഴും വേർപെട്ടു നില്ക്കുന്നതു് ശരിയോ എന്നും, അവക്കു പ്രയോജനപ്രദമോ എന്നും.

(തുടരും)

(21) Mansi 7, 114—115.

* പാശ്ചാത്യപൗരസ്ത്യ സുറിയാനിഭാഷകളിൽ വ്യക്തിക്കു ക്നൂമോ, ക്നോമാ എന്നും, സ്വഭാവത്തിനു ക്യോനോ, ക്യാനാ എന്നും യഥാക്രമം പറയുന്നു—പരിഭാഷകൻ.

* കേരളത്തിലുള്ള യാക്കോബായക്കാർ സിറിയായിൽനിന്നു വന്ന യാക്കോബായമെത്രാനെ സ്വീകരിച്ചു് 1665-ൽ മാത്രമാണു് യാക്കോബായക്കാരായിത്തീർന്നതു്—പരിഭാഷകൻ.

(22) Thus Nerses IV (1173) in Libellus confessionis fidei" to Manuel Comnenus, Byzantine Emperor (cf. 1 Cappelleti, "S. Narsatis Cliensis Armenorum Catholici opera, 1, Venetiis, 1836, pp. 182—183)

(23) സങ്കീ. 132, 1 (24) cf. എശ. 54, 11

(25) cf. എഫേ. 2, 20.

# യുഫ്രേസി ബാർബിയേ

(പ്രൊഫസർ ജോസഫ് മീനാട്ടൂർ)

യേശുനാഥൻ കരംഗ്രഹിച്ച രമ്യകഥയാണു് യുഫ്രേസിനയിച്ചതുനിമിത്തം ഒരു അല ബാർബിയേയുടേതു്. കുക്കാരിപ്പെണ്ണു് ലോകമെങ്ങും 1829 ജനുവരി നാലാം തീയതി. നോർമണ്ടിയിൽ ഗ്രാമപ്രചരിച്ചിട്ടുള്ള ഒരു മഹാസഭയുടെ സ്ഥാപകയായിത്തീർന്ന് അനേക ഹൃദയങ്ങളെ കുളിപ്പിച്ചുകൊണ്ടു തുമഞ്ഞു പെയ്തുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞു. ലോകത്തിന്റെ ഹൃദയത്തെ കുളിർപ്പിക്കുന്ന ഒരു കൊച്ചുകുഞ്ഞു്, തുമഞ്ഞിൻകഷണംപോലെ അമലപേലവമായ ഒരു പിഞ്ചുപൈതൽ, നോർമണ്ടിയിലെ ഒരു ഗ്രാമത്തിൽ ജാതയായി. കുഞ്ഞു ദുർബലയായി കാണപ്പെട്ടതിനാൽ അവൾക്കു് അന്നുതന്നെ ജ്ഞാനസ്നാനം നൽകി; അതിൽ യൂഫ്രേസി എന്ന പേരുകളും കൊടുത്തു



ഒരു ഉത്തമകത്തോലിക്കാ കുടുംബത്തിൽ ഈശ്വരഭക്തരായ മാതാപിതാക്കന്മാരിൽനിന്നു ജനിച്ച യൂഫ്രേസിക്കു വിശ്വാസചൈതന്യം തുടിക്കുന്ന അന്തരീക്ഷത്തിൽ വളരുവാൻ കഴിഞ്ഞു. പത്താമത്തെ വയസ്സിൽ അവൾ ഈശോയെ ദിവ്യകാരുണ്യത്തിൽ സ്വീകരിച്ചപ്പോൾ, ഒരു നിവേദിതജീവിതത്തിനായുള്ള ദിവ്യാഹ്വാനം അന്തഃകരണത്തിന്റെ അന്തർവേദിയിൽ അവൾ ശ്രവിച്ചു. അഞ്ചുകുഞ്ഞുങ്ങളുള്ള ഒരു പാവപ്പെട്ട കുടുംബത്തിലെ മൂത്ത കുട്ടിയായിരുന്നതിനാൽ യൂഫ്രേസി കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പതിന്നാലാംവയസ്സിൽ ഒരു അലക്കുകമ്പനിയിൽ ജോലി സ്വീകരിച്ചു. അവളുടെ ശരീരം കേവലം ദുർബലമായിരുന്നെങ്കിലും, ഉത്സാഹപൂർവ്വം പണിയെടുത്തതിന്റെ ഫലമായി നാലുവർഷത്തിനകം സ്വന്തമായി ഒരു അലക്കുകമ്പനി ആരംഭിക്കുവാൻ സാധിച്ചു.

ഒരു മിഷനറിയാകണമെന്നുള്ള ആഗ്രഹം അവളുടെ അകത്തട്ടിൽ മൊട്ടിട്ടു. അക്കാലത്തു സ്ത്രീകൾ മിഷനറിമാരായി വിദേശരാജ്യങ്ങളിലേക്കു പോകുന്നതു് അസാധാരണമായിരുന്നു. എങ്കിലും വിദേശമിഷനുവേണ്ടി പുതുതായി സ്ഥാപിതമായ കാൽവരിയുടെ പുത്രിമാർ എന്ന കന്യാസഭയിൽ ചേരുവാൻ യൂഫ്രേസിക്കു കഴിഞ്ഞു. ഇംഗ്ലീഷുഭാഷ സംസാരിക്കുന്ന വിദേശരാജ്യങ്ങളിൽ വേലചെയ്യുന്നതിനു ഭാഷ വശമാക്കേണ്ടതു ആവശ്യമായിരുന്നതിനാൽ, യൂഫ്രേസിയെ താമസിയാതെ ഇംഗ്ലണ്ടിലേക്കു് അയച്ചു. യൂഫ്രേസിയുടെ കന്യാസഭയിലെ പേരു സിസ്റ്റർ മേരി എന്നായിരുന്നുവെങ്കിലും ഇംഗ്ലണ്ടിലെ അവളുടെ മിത്രങ്ങൾ അവളെ "സിസ്റ്റർ ശല്യം" എന്നാണു് വിനോദമായി വിളിക്കാറുണ്ടായിരുന്നതു്. കാരണം, പാവങ്ങൾക്കുവേണ്ടി യാചിക്കുന്നതിനു അവൾ കാണിച്ച അത്യുത്സാഹംതന്നെ.

സിസ്റ്റർ മേരിയുടെ കന്യാസഭ അനുകമ്പയുടെ സഹോദരിമാർ എന്ന പേരു സ്വീകരിക്കുകയും വിദേശീയ പ്രേഷിതത്വം എന്ന അവരുടെ ഉദ്ദേശ്യം പ്രായേണ പശ്ചാത്തലത്തിലേക്കു മറയുകയും ചെയ്തപ്പോൾ, ലിമോഗിലെ മാർപ്പു ഫാദേഴ്സിന്റെ സുപ്പീരിയർ ജനറലായ ഫാദർ ഹാവിന്റെ നിർദ്ദേശമനുസരിച്ചു സിസ്റ്റർ മേരി ഫ്രാൻസിലേക്കു മടങ്ങി, ഒരു മിഷനറിസഭയുടെ സ്ഥാപനം നിർവഹിക്കുവാനായി. 1861 ആഗസ്റ്റു പതിനഞ്ചാം തീയതി തിരുഹൃദയത്തിന്റെ മദർ മേരി "മിഷൻമാതാവിന്റെ പുത്രിമാർ" എന്ന പേരിൽ പുതിയ സഭ സ്ഥാപിച്ചു. പ്രേഷിതവൃത്തിക്കായി പ്രത്യേകം ഉദ്ദേശിച്ചിട്ടുള്ള ഒരു സഭയായതിനാലാണു് "മി

പ്രഥമചരമവാർഷികം



അന്നക്കുട്ടി കാഞ്ഞിരക്കോട്ടേത്തു്
വൈക്കം

മരണം: 16—11—1952

Inserted by her loving son Jose Vanchipurackal, Kaduthuruthy

ഷൻ മാതാവിന്റെ പുത്രിമാർ" എന്നു് അതിനു പേരുകൊടുത്തു്.

ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന പുതിയ സഭയ്ക്കു മൂന്നു കൊല്ലത്തിനകം ന്യൂസീലണ്ടിൽ ഒരു ശാഖ സ്ഥാപിക്കുവാൻ കഴിഞ്ഞു. നരമാംസഭുക്കുകളായ കിരാതന്മാർ ആ നാട്ടിലുണ്ടെന്നുകേട്ടിട്ടും മിഷൻമാതാവിന്റെ പുത്രിമാർക്കു് ഭയമുണ്ടായില്ല. അവർക്കിന്നു ന്യൂസീലണ്ടിൽ മുപ്പത്തിയഞ്ചു കന്യകാലയങ്ങളുണ്ടു്.

1883-ൽ മദർ മേരിയും അഞ്ചു കന്യാസ്ത്രീകളും ചിററഗോംഗിൽ എത്തി അവിടെ ഒരു ആശ്രമം സ്ഥാപിച്ചു. ഇപ്പോൾ ഇന്ത്യ, പാകിസ്ഥാൻ, ബർമ്മാ, എന്ന രാജ്യങ്ങളിൽ പതിനൊന്നു മഠങ്ങളുണ്ടു്.

അനന്തരവത്സരങ്ങളിൽ ഈ സഭയുടെ പ്രവർത്തനങ്ങൾ ഇംഗ്ലണ്ടു്, ഐർലണ്ടു്, സ്വിററ്സർലണ്ടു്, ക്യാനഡാ, ആസ്ത്രേലിയാ, ഇൻഡോചൈന എന്നീ രാജ്യങ്ങളിലേക്കു വ്യാപിക്കുകയുണ്ടായി.

അനാരോഗ്യത്തിനു അസ്വസ്ഥം വിധേയയായിരുന്നുവെങ്കിലും മദർമേരിയുടെ പ്രതിദിന തപശ്ചര്യയിൽ നാഴിയിൽപ്പരം ചമ്മട്ടിയടിയും ഉൾപ്പെട്ടിരുന്നു. പ്രാർത്ഥനയിലും തപശ്ചര്യയിലും ജീവചൈതന്യം ദർശിച്ചിരുന്ന മദർ മേരി, അനാരോഗ്യത്തെ അവഗണിച്ചു. സഭയുടെ ആശ്രമങ്ങൾ സന്ദർശിക്കുന്നതിനായി രണ്ടുവട്ടം വിദൂരവിദേശപര്യടനം നടത്തി. ചെന്നേടത്തെല്ലാം കീർത്തിയും വിനയവും ഉപവിയും നിമിത്തം ഈശോയ്ക്കുവേണ്ടി ആത്മാക്കളെ ആകർഷിക്കുവാൻ അവർക്കു കഴിഞ്ഞു. മദർ മേരി ഇന്ത്യയിലായിരുന്നപ്പോൾ ഉണ്ടായ ഒരു സംഭവം പ്രത്യേകം ശ്രദ്ധേയമാണു്. അവർ ഒരു യാചകനു് ഒരു നാണയം കൊടുത്തു. പട്ടിണിയോടു പൊരുതി പൊറുതിമുട്ടിയ ആ പാവം, അതുകൊണ്ടു ഭക്ഷ്യസാധനം വാങ്ങിക്കുവാൻ കൂട്ടാക്കാതെ, അതിനെ ചുംബിച്ചു. മേരിയമ്മയുടെ സ്മാരകമായി സൂക്ഷിച്ചു.

അനേക ക്ലേശങ്ങളോടു നേരിട്ടു കഴിച്ചുകൂട്ടേണ്ടിവന്ന അറുപത്തിമൂന്നു വർഷക്കാലത്തെ അത്യദ്ധ്വാനത്തിനുശേഷം, 1893 ജനുവരി 18-ാം തിയതി ഇംഗ്ലണ്ടിൽവച്ചു തിരുഹൃദയത്തിന്റെ മദർമേരിയുടെ ആത്മാവു് തിരുഹൃദയത്തിൽ വിശ്രമംകൊള്ളുന്നതിനായി പറന്നുപോയി.

മദർ മേരിയെ ധന്യയെന്നു നാമകരണം ചെയ്യുന്നതിനായി, അവളുടെ അനേകായിരം പുത്രിമാരോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

മിഷൻമാതാവിന്റെ പുത്രിമാരുടെ സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്ന ബാലികമാർ St Scholastica's Convent, Chittagong, East Pakistan എന്ന വിലാസത്തിലോ, St Mary's Convent, Shillong, Assam എന്ന വിലാസത്തിലോ എഴുതണം.

സഭാചരിത്രപംക്തി (4)

# യറുശലേമിലെ ആദിമക്രിസ്ത്യൻസമൂഹം

(പ്രൊഫസ്സർ പി. ടി. തോമസ് എം. എ.)

ക്രിസ്തുവിന്റെ ഇഹലോകവാസത്തിലെ അവിസ്മരണീയങ്ങളായ സംഭവങ്ങളെപ്പററിയോ അവിടുത്തെ ദിവ്യോപദേശങ്ങളെപ്പററിയോ ഇവിടെ പ്രതിപാദിക്കണമെന്നുദ്ദേശിക്കുന്നില്ല. അവ അത്രമാത്രം പ്രഖ്യാതങ്ങളാണു്. എന്നാൽ ചരിത്രചർച്ചയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നുരണ്ടുകാര്യങ്ങൾ പ്രത്യേകം ശ്രദ്ധാവിഷയമാക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ രണ്ടു പ്രധാനലക്ഷ്യങ്ങൾ ദൃശ്യമാണു്. ഒന്നു് വ്യക്തിയുടെ ആത്മപവിത്രീകരണവും മററതു് ഒരു സംഘടനയുടെ അഥവാ സഭയുടെ സ്ഥാപനവും. തന്റെ പരസ്യപ്രഖ്യാപനങ്ങളിൽ പലയിടത്തും ഒരു നൂതനസഭയെപ്പററിയുള്ള സുവ്യക്തമായ സൂചനകൾ ഉണ്ടു. അവിടുത്തെ ആദേശങ്ങളേയും തത്വങ്ങളേയും അഭംഗുരം പരിരക്ഷിക്കുന്നതിനും അവിടുന്നു സാധിച്ച മനുഷ്യപരിത്രാണം ലോകാവസാനത്തോളം തുടർന്നു നിർവ്വഹിക്കുന്നതിനും വേണ്ടി അധികാരസമേതം ഉദ്യുക്തമായ ഒരു സഭയെയാണു് അവിടുന്നു് വിഭാവനചെയ്തതു്. ക്രിസ്തു തന്റെ മരണത്തിനു് ഒരു സംവത്സരംമുമ്പു് അപ്പസ്തോലപ്രധാനിയായ ശെമയോനോടു് ഇങ്ങനെ കല്പിച്ചു: "നീ പത്രോസാകുന്നു; ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും; നരകവാതിലുകൾ അതിനെ കീഴ്പ്പെടുത്തുകയില്ല." ഈ പ്രഖ്യാപനത്തിൽനിന്നു, ഭൂമിയിൽ ഒരു സഭ സ്ഥാപിക്കുവാൻ ക്രിസ്തുവിനുള്ള ഉദ്ദേശ്യം വ്യക്തമാണു്. ഉയിർപ്പിനുശേഷം "എന്റെ ആടുകളെ മേയ്ക്കുക, എന്റെ കുഞ്ഞാടുകളെ മേയ്ക്കുക" എന്നരുളിച്ചെയ്തുകൊണ്ടു് പത്രോസിനെ തന്റെ സഭയുടെ ദൃശ്യപരമാധികാരിയായി ക്രിസ്തു സ്ഥിരീകരിക്കയും ചെയ്തു.

ആദിമസഭയുടെ വിജയത്തിനു നിദാനമായിനില്ക്കുന്നതു് രണ്ടു മഹൽസംഭവങ്ങളാണു്. ഒന്നു് ക്രിസ്തുവിന്റെ ഉയിർപ്പു്, മററതു് പരിശുദ്ധാത്മാവിന്റെ ആഗമനവും. ക്രിസ്തു ഉയിർത്തില്ലായിരുന്നുവെങ്കിൽ അവിടുത്തെ ദൈവത്വത്തിൽ ആർക്കും സ്ഥായിയായ വിശ്വാസം ജനിക്കയില്ലായിരുന്നു. കാൽവരിയിലെ ദാരുണനാടകത്തോടുകൂടി എല്ലാം പരിപൂർണ്ണപരാജയത്തിൽ കലാശിച്ചുവെന്നു് സാമാന്യജനങ്ങൾ ധരിച്ചുപോകുമായിരുന്നു. അപ്പസ്തോലന്മാർ പോലും നഷ്ടധൈര്യന്മാരായി, ഭയചകിതരായി, പരാജയമനോഭാവത്തോടുകൂടിയാണു് കാൽവരിയെ വീക്ഷിച്ചതു്. എന്നാൽ മരണത്തെ ജയിച്ചു് ഉയിർത്തെഴുന്നേററ ക്രിസ്തു താൻ ചിരപ്രതീക്ഷിതനായ ദൈവികപരിത്രാതാവാണെന്നുള്ള സത്യം അനിഷേദ്ധ്യമാംവണ്ണം സ്ഥാപിച്ചു. മരണജേതാവായ ക്രിസ്തുവിന്റെ ദിവ്യപ്രഭാവമാണു് അനേകായിരങ്ങളെ ആദിമസഭയിലേക്കാകർഷിച്ചതു്.

രണ്ടാമത്തെ സുപ്രധാനസംഭവം പരിശുദ്ധാത്മാവിന്റെ ആഗമനമാണു്. അന്നു് യഹൂദർ പന്തക്കുസ്താതിരുനാൾ ആഘോഷിക്കയായിരുന്നു. റോമാസാമ്രാജ്യത്തിന്റെ വിദൂരഭാഗങ്ങളിൽ നിന്നും ലക്ഷക്കണക്കിനു് യഹൂദപ്രവാസികൾ ആഘോഷങ്ങളിൽ പങ്കുകൊള്ളുവാൻവേണ്ടി യറുശലേമിൽ എത്തിയിരുന്നു. അന്നു് ശ്ലീഹന്മാർ രഹസ്യമായി ഒരു സ്ഥലത്തു സമ്മേളിച്ചുകൊണ്ടു് പ്രാർത്ഥനാനിമഗ്നരായി സമയം കഴിച്ചു. പരിശുദ്ധാത്മാവു് അവരുടെമേൽ ഇറങ്ങിവരികയും അവരുടെ ഹൃദയങ്ങളെ പ്രസാദവരംകൊണ്ടു നിറയ്ക്കുകയുംചെയ്തു. അത്ഭുതകരമായ ഒരു പരിവർത്തനം അവിടെ സംഭവിച്ചു. കേവലം അസംസ്കൃതരും, ദുർബ്ബലരും, അസ്ഥിരപ്രകൃതികളുമായിരുന്ന ശ്ലീഹന്മാർ ആ നിമിഷംമുതൽ അമാനുഷികമായ ആത്മധൈര്യവും വിശ്വാസസ്ഥൈര്യവും ആദ്ധ്യാത്മികപ്രഭാവവും ഉൾക്കൊള്ളുന്ന മഹദ്‌വ്യക്തികളായിട്ടാണു് കാണപ്പെടുന്നതു്.

പുറത്തു തിങ്ങിക്കൂടിയിരുന്ന വമ്പിച്ച ജനാവലിയോടു് അപ്പസ്തോലപ്രധാനിയായ പത്രോസ് ഉയിർത്തെഴുന്നേററ ദൈവമായ ക്രിസ്തുവിനെപ്പററി പ്രസംഗിച്ചു. യൂറോപ്പിന്റെയും ഏഷ്യയുടേയും വിദൂരഭാഗങ്ങളിൽനിന്നു വന്നിരുന്ന യഹൂദർ ആ പ്രസംഗം ശ്രവിച്ചു. അവരിൽ മൂവായിരംപേർ അപ്പോൾത്തന്നെ മാനസാന്തരപ്പെട്ടു. അങ്ങനെ ആ സുസ്മരണീയമായ പന്തക്കുസ്താദിവസം തിരുസ്സഭയുടെ സ്ഥാപനം പൂർത്തീകരിക്കപ്പെട്ടു. കുറേ ദിവസങ്ങൾക്കുശേഷം യറുശലേമിലെ ക്ഷേത്രകവാടത്തിങ്കൽവച്ചു്, വി. പത്രോസ് ഒരു മുടന്തനെ അത്ഭുതകരമാംവണ്ണം സുഖപ്പെടുത്തുകയും അതോടുകൂടി രണ്ടായിരംപേർകൂടി ക്രിസ്തുമാർഗ്ഗം സ്വീകരിക്കുകയുംചെയ്തു.

മാനസാന്തരപ്പെട്ടവരിൽ അധികംപേരും യറുശലേമിൽത്തന്നെ താമസിച്ചു. അവർ അപ്പസ്തോലന്മാരുടെ പ്രത്യേകപരിലാളനയിൽ പുതിയ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിച്ചു. ലോകത്തിലെ ആദിമക്രിസ്തീയസമൂഹം അങ്ങനെ യറുശലേമിൽ രൂപപ്പെടുകയും ചെയ്തു. ആദ്യകാലങ്ങളിൽ അവർ മററുള്ളവരോടൊപ്പം യഹൂദ ദേവാലയങ്ങളിൽ പോവുകയും അവിടത്തെ ആരാധനക്രമങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. എന്നാൽ അവർ ഓരോ ആഴ്ചയിലെയും ആദ്യദിവസം പ്രത്യേകമായി സമ്മേളിക്കയും അവരുടെ വിശ്വാസമനുസരിച്ചുള്ള ദൈവാരാധനയിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ഇതു കൂടാതെ അടുത്തടുത്തു്, മിക്കവാറും ദിവസേന എന്നവണ്ണം, അവർ രഹസ്യമായി സമ്മേളിക്കുകയും സ്നേഹസദ്യ (Love Feast) എന്ന ഒരു ചടങ്ങിനുശേഷം "അപ്പം മുറിക്കൽ" (Breaking of the Bread) എന്ന കർമ്മം ഏററം ഭക്ത്യാദരപൂർവ്വം നിർവ്വഹിക്കുകയും ചെയ്തുപോന്നു. ഇതു വിശുദ്ധ കുർബ്ബാനയുടെ അനുഷ്ഠാനമല്ലാതെ മററൊന്നുമായിരുന്നില്ല.

ഈ ആദിമക്രിസ്ത്യൻ സമൂഹത്തിൽപ്പെട്ട അംഗങ്ങൾ പരസ്പരം ഗാഢമായ സ്നേഹത്താൽ ബന്ധിതരായിരുന്നു. അങ്ങനെ ക്രിസ്തു നൽകിയ ഏററം കാതലായ പ്രമാണത്തെ അവർ അവരുടെ എല്ലാം പ്രവൃത്തികളിലും സാർത്ഥകമാക്കിത്തീർത്തു. "ഒരു ഹൃദയവും ഒരാത്മാവും" ആയിരുന്നു അവരുടേതു്. അവർക്കുണ്ടായിരുന്ന വിഭവങ്ങളെല്ലാം അവർ പൊതുവിൽ അനുഭവിച്ചുപോന്നു. വസ്തുവകകൾ ഉണ്ടായിരുന്നവർ അവയെ മുഴുവനും വിററിട്ടു് കിട്ടുന്ന ധനം സമൂഹത്തിന്റെ വിനിയോഗത്തിനുവേണ്ടി അപ്പസ്തോലന്മാരുടെ പാദങ്ങളിൽ കൊണ്ടുവന്നു സമർപ്പിച്ചിരുന്നു.

എന്നാൽ കാലക്രമത്തിൽ ഈ ധനവിതരണത്തെ സംബന്ധിച്ചു് അംഗങ്ങളുടെ ഇടയിൽ ചില പിറുപിറുപ്പുകളും അസ്വാസ്ഥ്യങ്ങളും ഉണ്ടായി. ഈ ആദിമക്രിസ്ത്യൻ സമൂഹത്തിൽ അന്നുതന്നെ രണ്ടു കക്ഷികളുണ്ടായിരുന്നു. യറുശലേമിൽ സ്ഥിരതാമസക്കാരായിരുന്ന യഹൂദരും വിദേശങ്ങളിൽനിന്നു മടങ്ങിവന്ന പ്രവാസികളും. രണ്ടാമത്തെ കൂട്ടരിൽ അധികവും പന്തക്കുസ്താദിവസം മാനസാന്തരപ്പെട്ടവരായിരുന്നു. വിഭവവിഭജനത്തിൽ രണ്ടാമതു പറഞ്ഞ കൂട്ടരെ യഥായോഗ്യം പരിഗണിക്കുന്നില്ലെന്നായിരുന്നു അവരുടെ പരാതി. മേലിൽ കാര്യങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നതിനുവേണ്ടി ഏഴു പേരെ അപ്പസ്തോലന്മാർ തിരഞ്ഞെടുത്തു നിയമിച്ചു. ഇവരെ ഡീക്കന്മാരെന്നു വിളിച്ചുവന്നു. ഡീക്കന്മാരുടെ പ്രധാന കർത്തവ്യം സമൂഹത്തിന്റെ ലൗകികാവശ്യങ്ങളെ വേണ്ടവണ്ണം നിർവ്വഹിക്കുക എന്നുള്ളതായിരുന്നു. ഭാരമേറിയ ഈ ചുമതല ഡീക്കന്മാരെ ഏല്പിച്ചതോടുകൂടി അപ്പസ്തോലന്മാർക്കു അവരുടെ സമയം മുഴുവനും പ്രാർത്ഥനയിലും പ്രേഷിതവൃത്തിയിലും കഴിച്ചുകൂട്ടുവാൻ സാധിച്ചു. അങ്ങനെ സഭയുടെ ആരംഭകാലത്തുതന്നെ അപ്പസ്തോലന്മാരുടെ അധികാരത്തിനു വിധേയമായി പ്രത്യേകമായ കർത്തവ്യങ്ങളോടുകൂടിയ ഒരു ഉദ്യോഗസ്ഥവൃന്ദം (Deacons) രൂപംപ്രാപിക്കുന്നതായിക്കാണാം.


## നല്ല അവസരം

വി. തോമാശ്ലീഹായുടേയും വി. ഫ്രാൻസീസ് സേവ്യറിന്റെയും ഒന്നിച്ചുള്ള മനോഹരമായ ഇററാലിയൻ കളർചിത്രങ്ങളും (ഫ്രയിം സൈസിലും, പ്രെയർബുക്കു സൈസിലും) ബാഡ്ജുകൾ, ക്രിസ്മസ് കാർഡുകൾ, പ്രാർത്ഥനപ്പുസ്തകങ്ങൾ, കൊന്ത, കാശുരൂപം, കുരിശുരൂപങ്ങൾ മുതലായവയും പള്ളികൾക്കാവശ്യമുള്ള മെഴുകുതിരി, കാസ, കസ്തൂരി, അരുളിക്ക, തിരികാലുകൾ, മുത്തുക്കുടകൾ, കൊത്തുരൂപങ്ങൾ മുതലായവയും മിതമായ വിലയ്ക്കു് കിട്ടുന്നതും ഓർഡർ അനുസരിച്ചു് ചെയ്തുകൊടുക്കുന്നതുമാണു്. സത്യദീപം ആഫീസിനു സമീപമുള്ള ഈ ഡിപ്പോ സന്ദർശിക്കുവിൻ.

മാനേജർ, പൂക്കന്നൂർ തിരുഹൃദയ
അനാഥശാലഡിപ്പോ, എറണാകുളം-1




പ്രസിദ്ധിനേടിയ ഉഴുന്നുമാവും, കറാച്ചി പപ്പടക്കാരവും ആട്ടമാക്കു് നല്ലെണ്ണയും കീർത്തിപ്പെട്ട കന്നുകാലി ആഹാരവും ടി മില്ലിലും അച്ചുവിളക്കിനു കിഴക്കുവശമുള്ള ഡിപ്പോവിലും മൊത്തമായും ചില്ലറയായും കിട്ടുന്നതാണു്.

കമേർസിയൽ റൈസ്മിൽ

കൊക്കാല, തൃശ്ശൂർ
ഫോൺ: 102
Tel-CIARYEM


## 2ND DEATH ANNIVERSARY



മി. ചാണ്ടി വാറു ഔസേപ്പ്
കൊട്ടക്കാട്ട്
Died on 11th November 1951

# തിരുശേഷിപ്പുകൾ

(ഫാ: ജേക്കബ് കല്ലറയ്ക്കൽ)

കേരളീയ കത്തോലിക്കർ അത്യാശാപൂർവ്വം പാർത്തിരുന്ന ആ അസുലഭസന്ദർഭം—നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുംകൊണ്ട് അത്യുന്നതകർദ്ദിനാൾ തിരുമേനി കേരളത്തിലേക്ക സമാഗതനാകുന്ന സുവർണ്ണാവസരം—നമ്മെ സമീപിച്ചുകഴിഞ്ഞു. പിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ അവിടുത്തെ സന്താനസഹസ്രങ്ങൾ സഹർഷം സ്വീകരിച്ച് പ്രതിഷ്ഠിക്കാൻ പോകയാണ്. കേരളത്തിനു ലഭിച്ച ഒരമൂല്യസമ്പത്തായി ഭാവിതലമുറകളും ഈ വിശുദ്ധാവശിഷ്ടങ്ങളെ വിലമതിക്കുകയും വണങ്ങുകയും ചെയ്യുമെന്നുള്ളതിൽ സംശയമില്ല. ഈ അനർഘനിക്ഷേപത്തിന്റെ സാന്നിദ്ധ്യം നൂററാണ്ടുകൾക്കപ്പുറത്തെ അപ്പസ്തോലപ്രബുദ്ധതയിലേക്ക് കേരളീയകത്തോലിക്കരെ നയിക്കയില്ലെന്നാരറിഞ്ഞു! ഈ അവസരത്തിൽ തിരുശേഷിപ്പുകളെപ്പററിയുള്ള ഒരു സംക്ഷിപ്തപ്രതിപാദനം അസ്ഥാനത്താകുകയില്ലല്ലൊ.

തിരുശേഷിപ്പുകൾ എന്നാൽ എന്താണ്? ദിവംഗതനായ ഒരു വിശുദ്ധന്റെ അഥവാ വിശുദ്ധയുടെ ഭൗതികാവശിഷ്ടങ്ങൾക്കാണ് തിരുശേഷിപ്പുകൾ എന്നു പറയുന്നത്. ശരീരം, അതിന്റെ ഏതെങ്കിലും ഭാഗങ്ങൾ, പ്രസ്തുത വിശുദ്ധൻ ഉപയോഗിച്ച ഏതെങ്കിലും സാധനങ്ങൾ ഇവ തിരുശേഷിപ്പുകളുടെ ഗണത്തിലുൾപ്പെടും. കത്തോലിക്കർ തിരുശേഷിപ്പുകളെ വണങ്ങുന്നു. പ്രസ്തുത വണക്കത്തിൽ യുക്തിവിരുദ്ധമായി ഒന്നുമില്ല. തിരുശേഷിപ്പുകൾ വിശുദ്ധരുടെ പാവനസ്മരണ നിലനിറുത്തുന്ന അഭഗ്നസ്മാരകങ്ങളാണ്. കാലയവനികയ്ക്കുള്ളിൽ അന്തർദ്ധാനംചെയ്ത മാതാപിതാക്കന്മാരുടെയോ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ സ്മരണ നിലനിറുത്തുന്നതിനു് അവർ ഉപയോഗിച്ചിരുന്ന പുസ്തകങ്ങളോ പടങ്ങളോ മററു പദാർത്ഥങ്ങളോ കൈവശമാക്കി അമൂല്യനിക്ഷേപമായി നാം സൂക്ഷിക്കുന്നില്ലേ? ഇതിൽ അന്തർഭവിച്ചിരിക്കുന്ന തത്വംതന്നെയാണ് തിരുശേഷിപ്പുകളുടെ വണക്കത്തിലും അടങ്ങിയിരിക്കുന്നതു്.


ഭാരതത്തിന്റെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ബഹുമാനാർത്ഥം ദേശീയസ്മാരകസ്തംഭങ്ങൾ നിർമ്മിക്കുകയും അവയിൽ അദ്ദേഹം ഉപയോഗിച്ചിരുന്ന സാധനങ്ങൾ, കൈയെഴുത്തുകൾ, റിക്കാർഡുകൾ, പുസ്തകശേഖരങ്ങൾ മുതലായവ പൂജ്യമായി നാം സൂക്ഷിക്കുകയും ചെയ്യുന്നു. അമേരിക്കൻ ജനത, തങ്ങളുടെ സ്വാതന്ത്ര്യപട്ടയത്തിൽ ഒപ്പുവയ്ക്കാൻ ഉപയോഗിച്ച പേനാകളും, സ്വാതന്ത്ര്യമണിയും, വാഷിംഗ്ടന്റെ വാളും എത്ര അഭിമാനപൂർവ്വമാണ് ഇന്നും സൂക്ഷിക്കുന്നതു്! അവ അവരുടെ രാഷ്ട്രപിതാക്കന്മാരുടെ അക്ഷയസ്മാരകങ്ങളാണ്. ദൈവത്തിന്റെ സ്നേഹിതരും നമ്മുടെ മദ്ധ്യസ്ഥരുമായ വിശുദ്ധരുടെ ഭൗതികാവശിഷ്ടങ്ങളെ ബഹുമാനിക്കുന്നതിൽ കത്തോലിക്കരുടെ ഉദ്ദേശ്യവും നിലപാടും ഇതുതന്നെയാണ്.

തിരുശേഷിപ്പുകളോടുള്ള വണക്കം തിരുസ്സഭയിൽ പുരാതനകാലംമുതൽ നിലവിലിരിക്കുന്നുവെന്നതിനു രണ്ടാംശതാബ്ദംമുതൽ തെളിവുകളുണ്ട്. ആദിമശതകങ്ങളിലെ സഭാപിതാക്കന്മാർ, വിശിഷ്യ വേദപാരംഗതരായ അഗസ്റ്റിൻ, ആംബ്രോസ്, ജറോം, നീസ്സായിലെ ഗ്രിഗരി, ഗ്രിഗരിനസ്സിയാൻസൻ, ജോൺക്രിസോസ്റ്റം എന്നിവർ തിരുശേഷിപ്പുകളോടുള്ള വണക്കത്തെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്.

തത്സംബന്ധമായ തിരുസ്സഭയുടെ പ്രബോധനം ത്രെന്തോസ് സൂനഹദോസ് ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ഇപ്പോൾ ക്രിസ്തുവിനോടുകൂടി നിത്യഭാഗ്യം അനുഭവിക്കുന്ന രക്തസാക്ഷികളുടെയും മററു വിശുദ്ധരുടെയും ശരീരങ്ങളെ—ക്രിസ്തുവിന്റെ സജീവാവയവങ്ങളും പരിശുദ്ധാത്മാവിന്റെ ആലയങ്ങളും ആയിരുന്നതും നിത്യജീവിതത്തിലേക്കായി ക്രിസ്തു ഉയിർപ്പിക്കുകയും മഹത്വീകരിക്കുകയും ചെയ്യാനിരിക്കുന്നതുമായ ശരീരങ്ങളെ—വിശ്വാസികൾ വണങ്ങേണ്ടതാണ്. എന്തുകൊണ്ടെന്നാൽ പ്രസ്തുത ശരീരങ്ങൾവഴി ദൈവം മനുഷ്യർക്ക നിരവധി അനുഗ്രഹങ്ങൾ പ്രദാനംചെയ്തുകൊണ്ടിരിക്കുന്നു. ആകയാൽ, വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾക്ക് വണക്കവും ബഹുമാനവും നൽകേണ്ടതില്ലെന്നും അവയെ ബഹുമാനിക്കുന്നതും വിശുദ്ധരുടെ സ്മരണയ്ക്കായി പ്രതിഷ്ഠിതമായിട്ടുള്ള സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര കഴിക്കുന്നതും നിഷ്പ്രയോജനമാണെന്നും വാദിക്കുന്നവരെ തിരുസ്സഭ ശപിച്ചിരിക്കുന്നു."

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സ്നേഹിതർ എന്ന നിലയിലാണ് വിശുദ്ധരെ കത്തോലിക്കർ ബഹുമാനിക്കുന്നതു്. മററുമനുഷ്യരെപ്പോലെ വിശുദ്ധരും ഇഹത്തിലായിരുന്നപ്പോൾ ആത്മശരീരങ്ങളോടുകൂടിയ സൃഷ്ടികളായിരുന്നു. ഇപ്പോഴാകട്ടെ അവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ ആനന്ദം അനുഭവിക്കുകയാണ്. ആത്മാവോടുകൂടി അനന്തഭാഗ്യം അനുഭവിക്കുന്നതിനുവേണ്ടി ശരീരത്തെ അവസാനവിധിദിവസത്തിൽ ദൈവം ഉയിർപ്പിക്കുകയും മഹത്വീകരിക്കുകയും ചെയ്യും. അന്നു ദൈവം ശരീരത്തിനു നൽകുമെന്ന മഹത്വം മുൻകൂട്ടി ദർശിച്ച തിരുസ്സഭ വിശുദ്ധരുടെ ശരീരങ്ങളേയും ശരീരാവശിഷ്ടങ്ങളേയും മററു ഭൗതികാവശിഷ്ടങ്ങളേയും ഇപ്പോൾത്തന്നെ ബഹുമാനിക്കുകയാണു ചെയ്യുന്നതു്.

വിശുദ്ധരുടെ തിരുശേഷിപ്പുകൾ രോഗശാന്തികൾക്കും മററു അത്ഭുതപ്രവർത്തനങ്ങൾക്കുമുള്ള ഉപകരണമായി ദൈവം ഉപയോഗിക്കാറുണ്ട്. അത്ഭുതങ്ങൾ ദൈവത്തിന്റെ ശക്തിയാൽ മാത്രമാണു സംഭവിക്കുന്നതു്. ദൈവശക്തിയാൽ അല്ലാതെ തിരുശേഷിപ്പുകൾക്ക തനിച്ചു എന്തെങ്കിലും അത്ഭുതശക്തിയുണ്ടെന്നു കത്തോലിക്കർ വിശ്വസിക്കുന്നില്ല. വി. ജറോമിന്റെ വാക്കുകൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "സ്രഷ്ടാവിനെ എന്നതിനെക്കാൾ സൃഷ്ടികളെ പൂജിക്കുന്നുവെന്ന അബദ്ധം പിണയാതിരിക്കാൻ, തിരുശേഷിപ്പുകളെ ഞങ്ങൾ ആരാധിക്കുകയോ ഉപാസിക്കുകയോ ചെയ്യുന്നില്ല. പ്രത്യുത രക്തസാക്ഷികൾ ആർക്കുവേണ്ടി ജീവൻ ബലികഴിച്ചുവോ ആ ദൈവത്തെ കൂടുതൽ നന്നായി ആരാധിപ്പാനായി രക്തസാക്ഷികളുടെ തിരുശേഷിപ്പുകളെ ഞങ്ങൾ വണങ്ങുകയേ ചെയ്യുന്നുള്ളു."


H. O. ഡിണ്ടിഗൽ 1932

B. O. തിരുവനന്തപുരം 1941

## തവണ വില്പന പദ്ധതി

1953 ഡിസംബർ 1-ാംനു ആരംഭിക്കുന്നു. 200 അംഗങ്ങൾ. മാസന്തോറും 15ക. പ്രകാരം 25 മാസങ്ങൾമാത്രം. 375 ക. വിലയുള്ള $2\frac{1}{2} \times 2 \times 1\frac{3}{4}$ അടി ഇരുമ്പുപെട്ടി ഒന്നു്. എല്ലാമാസവും നറുക്കെടുക്കും. വിജയിച്ചാൽ ഉടൻ പെട്ടി കൊടുക്കപ്പെടും. മേലാൽ സംഖ്യ വെക്കയുംവേണ്ട. പള്ളികൾ, ആശ്രമങ്ങൾ, മഠങ്ങൾ, കോളെജുകൾ, സ്കൂളുകൾ, സഹകരണസംഘങ്ങൾ, ബാങ്കുകൾ മുതലായ സ്ഥാപനങ്ങൾക്കു് ഏററവും ഉപയോഗപ്രദമുള്ള ഈ പെട്ടി സൗകര്യമായി വാങ്ങാവുന്ന ഈ പദ്ധതിയിൽ ചേരുവാൻ ഉദ്ദേശിക്കുന്നവർക്ക വിലാസം അറിയിച്ചാൽ നിബന്ധനകൾ അയച്ചുകൊടുക്കുന്നതാണ്. ഞങ്ങളുടെ ഷോറൂം സന്ദർശിപ്പാൻ എവരേയും ക്ഷണിച്ചുകൊള്ളുന്നു.

## ശ്രീ ഗോപാലകൃഷ്ണാ & കമ്പനി

ഇരുമ്പുപെട്ടിവ്യാപാരം, ജൂതത്തെരുവ്, എറണാകുളം


# ഓർട്ടോണായിൽനിന്നു്

(കെ. എം. മാത്യു)

ഭാരതീയരായ നമുക്കു് സത്യവിശ്വാസദീപം കൊളുത്തിത്തന്ന മാർത്തോമ്മാശ്ലീഹായുടെ മൃതശരീരം സംസ്കരിക്കപ്പെട്ടതു് മൈലാപ്പൂരിലാണല്ലോ. എന്നാൽ മൂന്നാം നൂററാണ്ടോടുകൂടി "ഹാബ്ബാൻ" എന്ന വണിക്കു് ശ്രേഷ്ഠൻ ശ്ലീഹായുടെ തിരുശേഷിപ്പുകളുടെ ഒരു നല്ല ഭാഗം തന്റെ സ്വദേശമായ "എദേസ്സാ" യിലേക്ക കൊണ്ടുപോയതായി സഭാപാരമ്പര്യമുണ്ട്. ബാക്കിയുണ്ടായിരുന്നവ മൈലാപ്പൂരിൽ തന്നെ നിക്ഷേപിക്കുകയുണ്ടായി എന്നു് വി. എഫ്രേം പ്രസ്താവിക്കുന്നു. വിശുദ്ധന്റെ അസ്ഥികളുടെ ഒരംശവും, ശത്രുക്കൾ ശ്ലീഹായെ വധിക്കുവാൻ ഉപയോഗപ്പെടുത്തിയ കുന്തത്തിന്റെ മുനയും ഇന്നും "സാൻതോമി"ൽ ഉണ്ടെന്നു് അവിടത്തെ വൈദികാധികാരികൾ അവകാശപ്പെടുന്നുമുണ്ട്. അസ്സേമാനി [Assemani) എന്ന സുപ്രസിദ്ധ ചരിത്രപണ്ഡിതന്റെ അഭിപ്രായവും സെൻതോമസിന്റെ ഭൗതികാവശിഷ്ടങ്ങൾ എദേസ്സായിലേക്ക മാററപ്പെട്ടുവെന്നാണ്. സുറിയാനി ഗ്രീക്കുഭാഷകളിൽ, വിശുദ്ധന്റെ പൂജ്യാവശിഷ്ടങ്ങൾ എദേസ്സായിലേക്കു് കൊണ്ടുപോകപ്പെട്ടതായി പ്രസ്താവിക്കുന്ന സാഹിത്യഗ്രന്ഥങ്ങളുണ്ട്.

എദേസ്സാ (Edessa) യുടെ ഇന്നത്തെ പേരു് "ഉർഫാ"(Urfa) എന്നാണ്. ഈ സ്ഥലം ടർക്കിയിൽ മെസൊപ്പൊട്ടാമിയായുടെ ഏററം വടക്കേ അററത്തു സ്ഥിതിചെയ്യുന്നു. മെഡിററേനിയൻ കടലിൽനിന്നു് 270 കിലോമീററർ (ഉദ്ദേശം 165 മൈൽ) കിഴക്കുവടക്കാണ് ഈ പുണ്യഭൂമി. എദേസ്സായ്ക്കു മഹത്തായ ഒരു ചരിത്രം പിന്നിലുണ്ട്. എദേസ്സാക്കാർ പലയുദ്ധങ്ങളിലും സജീവമായി പങ്കെടുത്തിട്ടുള്ളവരായിരുന്നു. തിരുസ്സഭാചരിത്രത്തിലും എദേസ്സാ തലയുയർത്തിനില്ക്കുന്നു. ദൈവശാസ്ത്രപഠനത്തിന്റെ കേന്ദ്രമായിരുന്നിട്ടുണ്ട് ഈ സ്ഥലം. വി. എപ്പിഫാനിയൂസിന്റെ കാലത്തു് ഇവിടം പൗരസ്ത്യവിജ്ഞാനത്തിന്റെ ഉറവിടമായിരുന്നു. എ. ഡി. 718-ൽ എദേസ്സാ ഒരു ഭൂകമ്പത്തിൽപ്പെട്ട് അധഃപതിച്ചു. അധഃപതനത്തെ ത്വരിപ്പിക്കുന്നതിനു് കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന പെരുവെള്ളവും. ഇന്നത്തെ "ഉർഫാ" പുരാതനമായ എദേസ്സായുടെ പുനഃസ്ഥാപനമാണെന്നു വില്യം സ്മിത്തു് പ്രസ്താവിക്കുന്നു.

മൂന്നാം ശതാബ്ദത്തിനു മുമ്പായി ശ്ലീഹായുടെ തിരുശേഷിപ്പുകൾ എദേസ്സായിലേക്കു് സംവഹിക്കപ്പെട്ടുവെന്നാണ് ദക്ഷിണേന്ത്യയിലെ പാരമ്പര്യം. "റോമൻ മാർത്തിരോളജി" എന്ന ഗ്രന്ഥത്തിലും കാണുന്നുണ്ട് വി. ശ്ലീഹായുടെ ശരീരാവശേഷങ്ങൾ ഭാരതത്തിൽനിന്നു് എദേസ്സായിലേക്കു് മാററി സ്ഥാപിച്ചുവെന്നു്. എ. ഡി. 232-ൽ തിരുശേഷിപ്പുകൾ മാററപ്പെട്ടുവെന്നു് കാത്തലിക് എൻസൈക്ലോപീഡിയായിൽ പറയുന്നു. "മാർത്തോമ്മായുടെ നടപടികൾ" എന്ന സുറിയാനിഗ്രന്ഥം രചിക്കപ്പെട്ടതും ഇതേവത്സരത്തിൽ ആയിരുന്നെന്നു വിശ്വസിക്കപ്പെടുന്നു.

വി. എഫ്രേമിന്റെ ജീവിതകാലത്തു് (എ. ഡി. 300-373) എദേസ്സായിൽ സെൻതോമസ്സിന്റെ അഭിധാനത്തിൽ ഒരു ദൈവാലയം ഉണ്ടായിരുന്നു. അവിടെയാണ് വിശുദ്ധന്റെ ഭൗതികാവശിഷ്ടങ്ങൾ പൂജ്യമായി സൂക്ഷിക്കപ്പെട്ടുവന്നിരുന്നതു്. ഈ വസ്തുത തന്റെ സാഹിത്യകൃതികളിൽ വി. എഫ്രേം വിവരിക്കുന്നുണ്ട്. എഫ്രേമിന്റെ നിര്യാണശേഷം പൂർത്തിയാക്കപ്പെട്ട മനോഹരമായ ബസ്ലിക്കായിലേക്കു് തിരുശേഷിപ്പുകൾ സാഘോഷം മാററി സ്ഥാപിക്കപ്പെട്ടു.

ഹാബ്ബാനെക്കുറിച്ചു് വി. എഫ്രേം പാടിയിരിക്കുന്നതു് ഇത്തരുണത്തിൽ സ്മരണീയമാണ്.

"പാരിൽ പരക്കെ സൽക്കീ
ത്തിവളർത്തിയ
ഭാരതഭൂവിലെ "വൈര്യവർഗ്ഗം"
വ്യാപാരംചെയ്തുതൻ നാട്ടി
ലിറക്കാനായ്
വ്യാപാരി "ഹാബ്ബാൻ" ഇന്നി
ഞ്ഞിറങ്ങി.
ആഴിമുറിച്ചുവനദ്രിക്കി ലെത്തി
യു-
പാർജ്ജിച്ചോട്ടേറെ ധനമെ
ങ്കിലും
പാരംവിശുദ്ധമാം നിന്തിരു
ശേഷിപ്പാ-
ണേതിലും ധന്യമായ്ക്കണ്ടത
വൻ."

(വിശുദ്ധ ശ്ലീഹായെ സംബോധനചെയ്തുകൊണ്ടു എഴുതിയിട്ടുള്ളതാണീഭാഗം. ഇതിൽപ്പറയപ്പെടുന്ന "ഹാബ്ബാൻ" വിശുദ്ധനെ ഇൻഡ്യയിലേക്ക നയിച്ച ഹാബ്ബാനല്ലെന്നുള്ളതു് പ്രത്യേകം എടുത്തുപറയണമെന്നില്ലല്ലോ.)

ക്രിസ്ത്വബ്ദം 1144-ൽ ടർക്കികൾ എദേസ്സാപട്ടണം ആക്രമിക്കുന്നതുവരെ തിരുവസ്തുക്കൾ അവിടെ സ്ഥിതിചെയ്തിരുന്നു. ഈ ആക്രമണത്തിൽനിന്നും ആ വിശുദ്ധ നിക്ഷേപത്തെ സംരക്ഷിക്കുന്നതിനായി എദേസ്സായിൽനിന്നു് "ഷിയോസ്" (Chios) എന്ന ദ്വീപിലേക്കു് കൊണ്ടുപോയി. ഏഷ്യാമൈനറിന്റെ പടിഞ്ഞാറേതീരത്തുള്ള ഏജിയൻ കടലിൽ സ്ഥിതിചെയ്യുന്ന ഈ ദ്വീപിന്റെ ചരിത്രം വിശദമല്ല. 1258 വരെ തിരുശേഷിപ്പുകൾ അവിടെ സംരക്ഷിക്കപ്പെട്ടു. പ്രസ്തുത വർഷത്തിൽ ലെയോ ആക്കാസിയോളി(Leo Accaciouli) എന്നയാൾ തിരുവസ്തുക്കൾ "ഓർട്ടോണാ" (Ortona)യിലേക്കുകൊണ്ടുപോയി. അഡ്റിയാററിക്കു് കടൽത്തീരത്തുള്ള ഈ പട്ടണത്തിലാണ് വിശുദ്ധ ശ്ലീഹായുടെ ഭൗതികാവശിഷ്ടങ്ങൾ ഇന്നും വിശ്രമംകൊള്ളുന്നതു്. ഷിയോസിൽ ആയിരുന്നപ്പോൾ, വിശുദ്ധന്റെ രൂപവും പേരും കൊത്തിയിരുന്ന ഒരു കല്ലുകൊണ്ടു് അതു് മൂടപ്പെട്ടിരുന്നു. ഈ ശിലാപാളിയും ഓർട്ടോണായിലെ ഭദ്രാസനദൈവാലയത്തിൽ സൂക്ഷിച്ചുവരുന്നു. ഷിയോസിൽനിന്നു് പൂജ്യാവശിഷ്ടങ്ങൾ മാററപ്പെട്ടതായും "മാർത്തിരോളജി" സൂചിപ്പിക്കുന്നുണ്ട്.

ഓർട്ടോണാ, ഇററലിയിലെ "ഷിയേത്തി" (Chietti) പ്രോവിൻസിൽ ഉൾപ്പെടുന്നു. ഇതു് റോമ്മായിൽനിന്നു് കിഴക്കുവടക്കു്—കിഴക്കായി 53 കിലോമീററർ (33 മൈൽ) അകലെ സ്ഥി

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 27 | ERNAKULAM, NOVEMBER 11, 1953 || No. 12


# കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനി

കേരളസഭാചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു മംഗളദിനമാണിന്നു്. കർദ്ദിനാൾ സംഘത്തിന്റെ ഡീനും പൗരസ്ത്യതിരുസ്സംഘത്തിന്റെ സെക്രട്ടറിയുമായ ഒരു കർദ്ദിനാൾ ഇദംപ്രഥമമായിട്ടാണു കേരളം സന്ദർശിക്കുന്നതു്. ഏതാണ്ടു് ഒരു കൊല്ലത്തിനുമുമ്പു മൊട്ടിട്ട ആശാസുമമാണു് ഇന്നു പ്രഫുല്ലമായിരിക്കുന്നതു്. ഈ വസ്തുത നമ്മുടെ ആനന്ദത്തെ ദ്വിഗുണീഭവിപ്പിക്കുന്നു. ഏവംവിധം ചിരപ്രതീക്ഷിതവും ശാശ്വതസ്മരണാർഹവുമായ ഈ സുദിനത്തിൽ, ക്രിസ്തുമതത്തോളംതന്നെ പഴക്കമുള്ള കേരളസഭയെ സന്ദർശിക്കുന്നതിനായി ആഗതനാകുന്ന അത്യുന്നത കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനിക്കു സത്യദീപം ഹൃദയംഗമമായ സ്വാഗതമാശംസിച്ചുകൊള്ളുന്നു.

## കർദ്ദിനാൾ എന്നാലർത്ഥമെന്തു ?

തിരുമനസ്സിലെ ജീവിതചരിത്രത്തെയും വ്യക്തിവിലാസത്തെയുംപറ്റി പ്രതിപാദിക്കുന്നതിനുമുമ്പു തിരുമേനി സമലങ്കരിക്കുന്ന ഉന്നതസ്ഥാനങ്ങളെപ്പറ്റി ചില വിവരങ്ങൾ നൽകുന്നതു പ്രയോജനപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. "കർദ്ദിനാൾ" എന്നാലർത്ഥമെന്തു് ? നമ്മിലധികംപേരും പ്രാർത്ഥനയുടെ ഇടയ്ക്കായിരിക്കും ഈ ശബ്ദവുമായി ആദ്യം പരിചയപ്പെട്ടതു്. "മാർപ്പാപ്പാ, കർദ്ദിനാളന്മാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ........." ഇങ്ങനെ സഭാനേതാക്കന്മാരെ അവരോഹണക്രമത്തിനു് അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക സർവ്വസാധാരണമാണു്. അങ്ങനെ കർദ്ദിനാളന്മാർ മാർപ്പാപ്പായ്ക്കും മെത്രാപ്പോലീത്താമാർക്കും മദ്ധ്യേയുള്ള ഉന്നതസ്ഥാനികളാണെന്നു നാം മനസ്സിലാക്കിയിട്ടുണ്ടു്.

കർദ്ദിനാൾ (Cardinal) എന്ന ശബ്ദം ഉത്ഭവിച്ചിരിക്കുന്നതു Cardo(കാർദൊ) എന്ന ലത്തീൻ ശബ്ദത്തിൽനിന്നാണു്. "കാർദൊ" എന്നു പറഞ്ഞാൽ "ചുഴിയാണി"(Hinge) എന്നർത്ഥം. കതകിന്റെ അററം കൂർമ്പിച്ചു വാതിൽപ്പടിയിലേക്കു ഇറക്കിയിരിക്കുന്നതിനെയാണു് ചുഴിയാണിയെന്നു പറയുന്നതു്. അങ്ങനെയൊരു സജ്ജീകരണം ഉള്ളതുകൊണ്ടാണു കതകിനു നിഷ്പ്രയാസം അങ്ങോട്ടുമിങ്ങോട്ടും തിരിയാൻ സാധിക്കുന്നതു്. വാതിലിന്റെ പ്രവർത്തനത്തിൽ ചുഴിയാണി എന്തു സ്ഥാനം വഹിക്കുന്നുവോ അതുപോലെയുള്ള ഒരു സ്ഥാനം സഭാപ്രവർത്തനത്തിൽ കർദ്ദിനാളന്മാർ വഹിക്കുന്നുവെന്നാണു് കാർഡിനൽ എന്ന ശബ്ദത്തിന്റെ വ്യംഗ്യം.

"കാർദൊ" എന്ന പ്രയോഗം അതിപുരാതനമാണു്. ഫിലിസ്ത്യൻ ജാതിക്കാരുടെ ഇടയിലുണ്ടായിരുന്ന അഞ്ചു രാജകുമാരന്മാർ "കാർദൊ"കൾ(Axles or Hinges) എന്നാണു വിളിക്കപ്പെട്ടിരുന്നതു്. (See Joshua XIII' 3; Judges III, 3) ക്രിസ്തുവർഷം ആരംഭിച്ചശേഷം നിഖ്യാസൂനഹദോസിനു (325) മുമ്പുള്ള ലത്തീൻലിഖിതങ്ങളിൽ കർദ്ദിനാലിസ് (Cardinalis) എന്ന പ്രയോഗം കാണുന്നുണ്ടു്. അതിന്റെ ഇംഗ്ലീഷുരൂപമാണല്ലോ കാർഡിനൽ എന്നതു്. ഏതെങ്കിലും ഒരു പള്ളിയോടു സ്ഥിരമായി ബന്ധപ്പെട്ടിരുന്ന വൈദികസമൂഹത്തെ കുറിക്കുവാനാണു് ആ ശബ്ദം ഉപയോഗിച്ചിരുന്നതു്. വാതിലിന്റെ കതകു ചുഴിയാണിയിൽ ചുററുന്നതുപോലെ പള്ളിഭരണം അവരെ ആശ്രയിച്ചിരുന്നു. മെത്രാന്മാർക്കും സാധാരണപുരോഹിതന്മാർക്കും ഡീക്കൺമാർക്കും ഒരു പള്ളിയോടുണ്ടായിരുന്ന ബന്ധമാകട്ടെ, താല്ക്കാലികമായിരുന്നു. അങ്ങനെ "കാർഡിനൽ" ശബ്ദം സ്ഥിരതയേയും പ്രാധാന്യത്തേയും സൂചിപ്പിക്കുന്ന ഒന്നായിത്തീർന്നു. റോമൻസഭയിൽ ഈ വിശേഷണത്തോടുകൂടിയ മെത്രാന്മാരും പുരോഹിതന്മാരും ഡീക്കൺമാരും (Cardinal Bishops, Cardinal Priests, Cardinal Deacons) ഉണ്ടായിരുന്നു. കാലാന്തരത്തിൽ മാർപ്പാപ്പായെ തിരഞ്ഞെടുക്കാനുള്ള അവകാശം അവരുടേതായിത്തീർന്നു. ആദ്യകാലങ്ങളിൽ കർദ്ദിനാളന്മാർ എല്ലാവരും മെത്രാപ്പോലീത്താമാരേയും മെത്രാന്മാരേയും അപേക്ഷിച്ചു മുൻഗണന ഉണ്ടായിരുന്നില്ല. ഇന്നാകട്ടെ അവർക്കെല്ലാവർക്കും മെത്രാപ്പോലീത്താമാരേയും മെത്രാന്മാരേയും മാത്രമല്ല പാത്രിയർക്കീസുമാരെപ്പോലും അപേക്ഷിച്ചു മുൻഗണനയുണ്ടു്. കാർഡിനൽ ബിഷപ്പ്, കാർഡിനൽ പ്രീസ്റ്റ് (പുരോഹിതൻ), കാർഡിനൽ ഡീക്കൺ എന്ന സ്ഥാനവ്യത്യാസങ്ങൾ ഉണ്ടെങ്കിലും, ഇപ്പോഴുള്ളവർ എല്ലാവരും മെത്രാൻപട്ടം സ്വീകരിച്ചിട്ടുള്ളവരാണു്. കർദ്ദിനാളന്മാരുടെ എണ്ണം 70-ൽ കവിയരുതെന്നു 1586-ൽ ചെയ്ത നിശ്ചയം ഇന്നും നിലവിലിരിക്കുന്നു.

## കർദ്ദിനാളന്മാരുടെ അവകാശങ്ങളും കർത്തവ്യങ്ങളും

കർദ്ദിനാളന്മാരുടെ നിയമനത്തേയും അവകാശങ്ങളേയും കർത്തവ്യങ്ങളേയും മററുംപററി 230 മുതൽ 241 വരെ കാനോനകളിൽ പ്രതിപാദിക്കുന്നുണ്ടു്. മാർപ്പാപ്പായുടെ ഭരണസമിതി (സെനട്ട്) അവരെക്കൊണ്ടുള്ളതാണു്; ഭരണകാര്യത്തിൽ പ്രമുഖരായ ആലോചനക്കാരും സഹപ്രവർത്തകരുമെന്ന നിലയിൽ അവർ തിരുമേനിയെ സഹായിക്കുന്നു. (230) കർദ്ദിനാളന്മാരെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നു മാർപ്പാപ്പാ തിരുമേനി യഥേഷ്ടം തിരഞ്ഞെടുക്കുകയാണു ചെയ്യുന്നതു്. അവർക്കു പുരോഹിതപട്ടമെങ്കിലും ഉണ്ടായിരിക്കണം; അനന്യസാധാരണമായ പാണ്ഡിത്യം, ഭക്തി, ഭരണനൈപുണ്യം എന്നിവയിൽ മികച്ചവരുമായിരിക്കണം.(232—1) ലോകത്തിന്റെ ഏതുഭാഗത്തും കുമ്പസാരംകേൾക്കാൻ അവർക്കു വാദമുണ്ടു്; എവിടേയും ദൈവവചനം പ്രസംഗിക്കുവാൻ സ്വാതന്ത്ര്യമുണ്ടു്; 200 ദിവസത്തെ ദണ്ഡവിമോചനം കല്പിച്ചനുവദിക്കാൻ അവർക്കധികാരവുമുണ്ടു്. (239-ാം കാനോനയിൽ ഇവപോലുള്ള 24 അവകാശങ്ങളെപ്പററി പറയുന്നുണ്ടു്.) സഭാഭരണം നടന്നുപോകുന്നതു തിരുസ്സംഘങ്ങൾ എന്നു വിളിക്കപ്പെടുന്ന വിവിധ ഡിപ്പാർട്ടുമെന്റുകൾവഴിയാണു്. അവയിൽ കർദ്ദിനാളന്മാർ ഓരോരോ നിലകളിൽ സേവനമനുഷ്ഠിച്ചുവരുന്നു. ചുരുക്കിപ്പറഞ്ഞാൽ, സഭയുടെ ഭരണചക്രം തിരിക്കുന്നവരാണു കർദ്ദിനാളന്മാർ.

## കർദ്ദിനാൾസംഘത്തിന്റെ "ഡീൻ" എന്നുവച്ചാൽ അർത്ഥമെന്തു്?

തിസ്സെരാങ്ങ് തിരുമേനി കർദ്ദിനാൾസംഘത്തിന്റെ "ഡീൻ" ആണെന്നു ആദ്യം പ്രസ്താവിച്ചുവല്ലൊ. "ഡീൻ" എന്നുവച്ചാൽ പ്രഥമഗണനീയൻ എന്നാണർത്ഥം. ഡീനു മററു കർദ്ദിനാളന്മാരുടെമേൽ അധികാരമില്ല; എന്നാൽ "സമന്മാരിൽ പ്രമുഖസ്ഥാന"മുണ്ടു് (കാനോന 237). ഡീൻ എന്ന വാക്കുത്ഭവിച്ചതു് ദേച്ചം (Decem = 10) എന്ന ശബ്ദത്തിൽനിന്നാണെന്നു കാണുന്നു. 10 സന്യാസിമാരുടെ ഉത്തരവാദിത്വം വഹിച്ചിരുന്ന ആൾ ആദ്യകാലങ്ങളിൽ ഡീൻ എന്നു വിളിക്കപ്പെട്ടിരുന്നു. ക്രമേണ "പ്രഥമഗണനീയൻ" അഥവാ "പ്രമുഖൻ" എന്ന അർത്ഥത്തിൽ അതുപയോഗിച്ചുതുടങ്ങി. അങ്ങനെ സർവ്വകലാശാലകളിൽ ഒരു പ്രത്യേക വകുപ്പിന്റെ (Faculty) മേധാവിയെ ഡീൻ എന്നു വിളിക്കുന്നു. അദ്ദേഹത്തിനു മററു പ്രഫസറന്മാരുടെമേൽ പറയത്തക്ക അധികാരമൊന്നുമില്ലെങ്കിലും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും നിയന്ത്രണവും അനുസരിച്ചാണു് ആ വകുപ്പിലെ മിക്ക കാര്യങ്ങളും നടക്കുന്നതു്.

കർദ്ദിനാൾസംഘത്തിലെ "മെത്രാൻ"വകുപ്പിൽപ്പെട്ട ഒരാളായിരിക്കും കാർഡിനൽ ഡീൻ. ആ വകുപ്പിൽപ്പെട്ട കർദ്ദിനാളന്മാർക്കു റോമിനു ചുററുമുള്ള രൂപതകളുടെ ഭരണാധികാരമുണ്ടു്. ആ ഭരണാധികാരം കൈവന്നതിന്റെ കാലക്രമം (Priority) അനുസരിച്ചാണു ഒരാൾക്കു ഡീൻസ്ഥാനം ലഭിക്കുന്നതു്. "മെത്രാൻ"വകുപ്പിൽ ആകെ ആറു കർദ്ദിനാളന്മാരാണുള്ളതു്. അവരിൽ അഞ്ചുപേർക്കും ഓരോ രൂപതമാത്രമുള്ളപ്പോൾ കർദ്ദിനാൾ ഡീനു രണ്ടുരൂപതകളുണ്ടു്. മാർപ്പാപ്പാ നിര്യാതനായാൽ പുതിയ മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പ്, സ്ഥാനാരോഹണം മുതലായവയുടെ മേൽനോട്ടം വഹിക്കുന്നതു കാർഡിനൽ ഡീനാണു്. പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന മാർപ്പാപ്പായ്ക്കു പുരോഹിതപട്ടമോ മെത്രാൻപട്ടമോ കൊടുക്കേണ്ടിവരുന്നപക്ഷം അതിനുള്ള അവകാശവും കാർഡിനൽ ഡീനുള്ളതാണു്. (കാനോന 239)

## പൗരസ്ത്യതിരുസ്സംഘത്തിന്റെ സെക്രട്ടറിയുടെ നിലയെന്തു ?

കത്തോലിക്കാസഭയിൽ ആകെ 11 തിരുസ്സംഘങ്ങളാണുള്ളതു്. അവയിൽ മൂന്നെണ്ണത്തിന്റെ അദ്ധ്യക്ഷൻ മാർപ്പാപ്പാതന്നെയാണു്. ഈ മൂന്നെണ്ണത്തിൽ ഒന്നാണു പൗരസ്ത്യതിരുസ്സംഘം. "ഹോളി ഓഫീസ്", "കൺസിസ്റ്ററി" എന്നിവയാണു മററു രണ്ടെണ്ണം. കിഴക്കൻ സഭകളിലെ അംഗങ്ങൾ, ശിക്ഷണക്രമം, റീത്തുകൾ തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളെല്ലാം പൗരസ്ത്യതിരുസ്സംഘത്തിന്റെ പരിധിയിൽപ്പെടുന്നു. ഈ സംഘത്തിന്റെ അദ്ധ്യക്ഷനായ മാർപ്പാപ്പായ്ക്കു തൽസംബന്ധമായ എല്ലാ കാര്യങ്ങളിലും ഇടപെടാൻ സമയവും സൗകര്യവും ഉണ്ടായിരിക്കയില്ലല്ലൊ. ആകയാൽ സെക്രട്ടറിയുടെ സ്ഥാനം വലുതും ഉത്തരവാദിത്വം ഗുരുതരവുമാണെന്നുള്ളതു് അനുക്തസിദ്ധമത്രെ. തിസ്സെരാങ്ങ് തിരുമേനിക്കു ഹീബ്രു, സുറിയാനി തുടങ്ങിയ പൗരസ്ത്യഭാഷകളിലുള്ള വ്യുൽപത്തിയും കിഴക്കൻ റീത്തുകാരുടെ ആചാരനടപടികളിലുള്ള പരിജ്ഞാനവും തിരുമേനിയെ പ്രസ്തുതസ്ഥാനത്തിനു സർവ്വഥാ അർഹനാക്കുന്നുണ്ടെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

## കർദ്ദിനാൾതിരുമേനിയുടെ ജീവചരിത്രം

ഫ്രാൻസിലെ ഒരു പ്രസിദ്ധനഗരമായ നാൻസിയിൽ തിരുമനസ്സുകൊണ്ടു് 1884 മാർച്ച് 24-ാംനു ഭൂജാതനായി. ഏഴാമത്തെ വയസ്സിൽ "സിസ്റ്റേഴ്സ് ഓഫ് ക്രിസ്റ്റ്യൻ ഡോക്ട്രിൻ" എന്ന സന്യാസിനീസമൂഹത്താൽ നടത്തിവന്ന പ്രാഥമികവിദ്യാലയത്തിൽ ചേർന്നു. ആ ഘട്ടത്തിൽതന്നെ ഈ ബാലവിദ്യാർത്ഥി ലത്തീനും ജർമ്മനും പഠിക്കുവാൻ തുടങ്ങി. 8-ാമത്തെ വയസ്സിൽ ഹൈസ്ക്കൂളിൽ ചേർന്നു പഠനമാരംഭിച്ചു. 12-ാമത്തെ വയസ്സിൽ "സെൻറ് സിജിസ്ബെർട്ടിന്റെ കോളെജി"ൽ ചേർന്നു അഭ്യസനം തുടരുകയും നാലു കൊല്ലത്തിനുശേഷം കണക്കിലും തത്വശാസ്ത്രത്തിലും പ്രശസ്തവിജയം കൈവരിക്കുകയും ചെയ്തു. താമസംവിനാ നാൻസിയിലെ സെമ്മിനാരിയിൽ ചേർന്നു വൈദികപഠനമാരംഭിച്ചു. 1904 ഒക്ടോബറിൽ ജറുസലത്തു ഡൊമിനിക്കൻ വൈദികർ നടത്തിവന്ന ബിബ്ലിക്കൽ സ്ക്കൂളിൽ പ്രവേശിച്ചു വേദപുസ്തകസംബന്ധമായ പ്രത്യേകപഠനങ്ങൾ നടത്തി. ഒരു വർഷം കഴിഞ്ഞപ്പോഴേക്കും സ്വദേശത്തേക്കു മടങ്ങി ഒരു കൊല്ലത്തെ സൈനികസേവനം നിർവ്വഹിക്കുവാൻ ഗവമ്മെൻറുനിയമപ്രകാരം അദ്ദേഹം നിർബന്ധിതനായി. തദനന്തരം അദ്ദേഹം സ്വമെത്രാനാൽ പാരീസിലെ കാത്തലിക് ഇൻസ്റ്റിററ്യൂട്ടിലേക്കു് അയക്കപ്പെട്ടു. അവിടെവച്ചു ഹീബ്രു, സുറിയാനി, അറബിക്, എത്തിയോപ്പിയൻ, അസ്സീറിയൻ തുടങ്ങിയ ഭാഷകൾ ഹൃദിസ്ഥമാക്കി. അക്കാലത്തുതന്നെ പുരാണവസ്തുസംബന്ധമായ പല ശാസ്ത്രങ്ങളിലും വൈദഗ്ദ്ധ്യം നേടുകയും ചെയ്തു. 1907 ആഗസ്റ്റ് 4-ാംനു നാൻസിയിൽവച്ചു് 23-ാമത്തെ വയസ്സിൽ പുരോഹിതപട്ടം സ്വീകരിച്ചു. തുടർന്നു പത്താം പീയൂസുപാപ്പായാൽ റോമിലെ അപ്പൊളിനാരിസ് സർവ്വകലാശാലയിൽ പ്രഫസറായും വത്തിക്കാൻ ഗ്രന്ഥാലയത്തിലെ പൗരസ്ത്യലിഖിതങ്ങളുടെസൂക്ഷിപ്പുകാരനായും നിയമിക്കപ്പെട്ടു. തുടർന്നുള്ള ആറു വർഷങ്ങൾക്കുള്ളിൽ, പൗരസ്ത്യപിതാക്കന്മാരെയും മററും സംബന്ധിക്കുന്ന ആറു മഹാഗ്രന്ഥങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയും ഇതരസാഹിത്യസേവനങ്ങൾ നടത്തുകയും ചെയ്തു. ഇക്കാലഘട്ടത്തിൽ ഒരിക്കൽക്കൂടി പലസ്തീന സന്ദർശിക്കുകയുണ്ടായി. എന്നാൽ വീണ്ടും യുദ്ധസേവനത്തിനായി വിളിക്കപ്പെട്ടതിനാൽ 1914 മുതൽ 18 വരെ അതിൽ ചെലവഴിക്കേണ്ടിവന്നു. 1919-ൽ റോമിലേക്കു മടങ്ങി അക്കൊല്ലം ഡിസംബർ മാസത്തിൽ വത്തിക്കാൻ ഗ്രന്ഥാലയത്തിന്റെ പ്രീഫെക്ററ് ആയി നിയമിക്കപ്പെട്ടു. 1921-ൽ മോൺസിഞ്ഞോർസ്ഥാനത്തേക്കു് ഉയർത്തപ്പെട്ടു. 1930-ൽ വത്തിക്കാൻ ഗ്രന്ഥാലയത്തിന്റെ പ്രൊപ്രിഫെക്ററ് ആയി. 1936 ജൂൺ 15-ാംനു പൗരസ്ത്യതിരുസ്സംഘത്തിന്റെ കാര്യദർശിയും "കർദ്ദിനാൾ ഡീക്കൺ"മായി. 1937 ജൂലൈ 17-ാംനു "കർദ്ദിനാൾപുരോഹിതനും" 1946-ൽ "കർദ്ദിനാൾ മെത്രാനും" 1951 ജാനുവരി 13-ാംനു കർദ്ദിനാൾ സംഘത്തിന്റെ ഡീനുമായി പടിപടിയായി ഉയർന്നു.

വന്ദ്യതിരുമേനിയുടെ സംഭവബഹുലമായ ജീവിതത്തിലെ ഏതാനും മൈൽക്കുററികൾ മാത്രമാണു ഞങ്ങൾ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. ഇവയിൽ നിന്നുതന്നെ തിരുമേനിയുടെ അനന്യസാധാരണമായ വ്യക്തിവിലാസത്തെപ്പററി നമുക്കൊരേകദേശജ്ഞാനം ലഭിക്കുന്നതാണു്. അന്യാദൃശമായ ഭക്തിപ്രചുരിമ, അഗാധമായ ബുദ്ധിശക്തി, അത്ഭുതാവഹമായ ഭാഷാപരിജ്ഞാനം തുടങ്ങി ജന്മസിദ്ധവും കർമ്മസിദ്ധവുമായ നിരവധി വരങ്ങളാൽ അനുഗൃഹീതനായ വന്ദ്യതിരുമേനി കത്തോലിക്കാ സഭാമാതാവിനു് ആധുനികകാലത്തുണ്ടായിട്ടുള്ള വീരസന്താനങ്ങളിൽ ഒരു പ്രമുഖസ്ഥാനമലങ്കരിക്കുന്നെന്നു നിസ്സംശയം പറയാവുന്നതാണു്. പൗരസ്ത്യസഭാസംബന്ധമായ കാര്യങ്ങളിൽ തിരുമേനിക്കുള്ള വ്യുൽപത്തിയും താല്പര്യവും പൗരസ്ത്യരുടെ ആചാരങ്ങളെപ്പററിയുള്ള മതിപ്പും നിമിത്തം തിരുമേനി കിഴക്കൻറീത്തുകാരുടെ ആരാദ്ധ്യപുരുഷനായി ഭവിച്ചിരിക്കുന്നെന്നു പറയാം. സർവ്വോപരി, തിരുമേനിക്കു നമ്മുടെനേരെയുള്ള നിസ്സീമമായ സ്നേഹം നിമിത്തമാണു് പ്രായാധിക്യവും യാത്രാക്ലേശങ്ങളും വകവയ്ക്കാതെ ഈ സന്ദർശനം നടത്താൻ സന്നദ്ധനായതു്. തിരുമേനിയുടെ പര്യടനം സർവ്വഥാ വിജയപ്രദമാകുവാനും തിരുമേനി സസുഖം റോമിൽ തിരിച്ചെത്തുവാനും വേണ്ടി നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം. സത്യദീപം ഒരിക്കൽക്കൂടി തിരുമനസ്സിലേക്കു സ്വാഗതമാശംസിക്കുകയും ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു. കർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനി നീണാൾ വാഴട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### ശ്രീമതി അക്കാമ്മ കോൺഗ്രസ്സാദർശത്തിൽനിന്നും വ്യതിചലിച്ചില്ലെന്നോ?

തനിക്കുവേണ്ടി കൂടിയ പ്രചരണയോഗത്തിൽ ചെയ്ത പ്രസംഗത്തിൽ ശ്രീമതി അക്കാമ്മ ചെറിയാൻ പ്രസ്താവിച്ചു: "കോൺഗ്രസ്സിൽനിന്നും ഞാൻ പിരിഞ്ഞതല്ല, എന്നെപ്പോലെയുള്ളവരിൽനിന്നു കോൺഗ്രസ്സ് അകന്നുപോയതാണു്" എന്നു്. ആ ശ്രീമതിതന്നെ പുറപ്പെടുത്തിയ അഭ്യർത്ഥനയിൽ ഇങ്ങനെ കാണുന്നു: "കോൺഗ്രസ്സ് വിരോധികളായ എല്ലാ കക്ഷികളുടേയും വ്യക്തികളുടേയും സഹായത്തെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു." ഏററവും കടുത്ത കോൺഗ്രസ്സ് വിരോധികൾ കമ്മ്യൂണിസ്റ്റ് പാർട്ടിയാണല്ലോ. ആ പാർട്ടിയുടേയും സഹായത്തെ അക്കാമ്മ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നുണ്ടെന്നു് സ്പഷ്ടമാകുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി എം. എൽ. എ. യെക്കൊണ്ടു് നിർദ്ദേശപത്രി

കപ്പിടുവിച്ചതും ഇടതു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തിരഞ്ഞെടുപ്പുപ്രചരണം സംബന്ധിച്ചുള്ള നടപടികളും ആ സ്വാഗതത്തെ പ്രാവർത്തികമാക്കിയിട്ടുമുണ്ട്. അക്കാമ്മ കോൺഗ്രസ്സിലെ ഒരു സജീവപ്രവർത്തകയായിരുന്ന കാലത്ത് കമ്മ്യൂണിസ്റ്റ് പാർട്ടിയെ കോൺഗ്രസ്സ് എങ്ങനെ വീക്ഷിച്ചിരുന്നുവെന്നും, ആ പാർട്ടിയുടെ സഹായം ഏതെങ്കിലും കാര്യത്തിൽ കോൺഗ്രസ്സ് അന്ന് സ്വാഗതം ചെയ്യുമായിരുന്നോ എന്നും ആലോചിക്കേണ്ടതാണ്.

ശ്രീമതി അക്കാമ്മ കോൺഗ്രസ്സിൽ സജീവമായി പ്രവർത്തിച്ചിരുന്ന 1114-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സിനെപ്പററി ഇല്ലാക്കുററങ്ങൾ പറഞ്ഞു പരത്തിയിരുന്നു. കഴിഞ്ഞ ലോകമഹായുദ്ധത്തിനിടയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സിന്റെ ദേശീയപ്രസ്ഥാനങ്ങൾക്കെതിരായി ബ്രിട്ടീഷ് പക്ഷം ചേർന്നു. 1942-ൽ "ക്വിററ് ഇന്ത്യാ" പ്രമേയം കോൺഗ്രസ്സ് പാസ്സാക്കുകയും അതിനെത്തുടർന്ന് കോൺഗ്രസ്സ്നേതാക്കന്മാർ അറസ്റ്റ് ചെയ്യപ്പെടുകയും ചെയ്ത ഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കോൺഗ്രസ്സിന്റെ ഈ ധർമ്മസമരത്തിനെതിരായി ഇടവിടാതെ പ്രചരണംനടത്തി. ഇങ്ങനെ കോൺഗ്രസ്സിനേയും ദേശീയതയേയും ഒററിക്കൊടുത്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നടപടികളെപ്പററി റിപ്പോർട്ടു സമർപ്പിക്കുവാൻ അഖിലേന്ത്യാ കോൺഗ്രസ്സ് വർക്കിംഗ്കമ്മിററി നെഹ്റുവിനേയും പട്ടേലിനേയും പാന്റിനേയും ഒരു സബ്കമ്മിററിയായി നിയമിച്ചു. അവരുടെ റിപ്പോർട്ടിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെമേൽ പല ചാർജ്ജുകളും ഉണ്ടായിരുന്നു. അവയ്ക്കു സമാധാനം പറയുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സാധിക്കാഞ്ഞതിനാൽ ആ പാർട്ടിയിലെ അംഗങ്ങളെ കോൺഗ്രസ്സിലെ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽനിന്നു നീക്കംചെയ്യുവാൻ സബ്കമ്മിററി ശുപാർശചെയ്തു. അതനുസരിച്ച് വർക്കിംഗ്കമ്മിററി ഒരു ബഹിഷ്കരണപ്രമേയം പാസാക്കി. എ. ഐ. സി. സി. യിലെ അംഗങ്ങളായ 8 കമ്മ്യൂണിസ്റ്റുകാരുടെപേരിൽ ശിക്ഷണനടപടി എടുക്കണം; അവരുടെ നാമങ്ങൾ കമ്മിററിയംഗങ്ങളുടെ ലിസ്റ്റിൽനിന്നും അവർ അംഗത്വം വഹിച്ചുകൊണ്ടിരിക്കുന്ന മററു സകല കോൺഗ്രസ്സ് കമ്മിററികളിൽനിന്നും നീക്കംചെയ്യണം; കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങളെ നാഷണൽ കോൺഗ്രസ്സിലെ ഉത്തരവാദിത്വമുള്ളതും ജനനിയുക്തവുമായ ഉദ്യോഗങ്ങളിൽനിന്ന് . ബഹിഷ്കരിക്കാൻ പ്രൊവിൻഷ്യൽ കോൺഗ്രസ്സ് കമ്മിററികൾക്ക് നിർദ്ദേശം നൽകണം—ഇവയായിരുന്നു പ്രമേയത്തിലെ നിശ്ചയങ്ങൾ. അന്നുമുതൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നാഷണൽ കോൺഗ്രസ്സിന്റെ ശത്രുക്കളായി വർത്തിച്ചുപോരികയാണ്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ദേശീയവിരുദ്ധമായ ആദർശങ്ങളോടും നടപടികളോടും അന്നത്തെ കോൺഗ്രസ്സിനുണ്ടായ അറപ്പും വെറുപ്പും ശ്രീമതി അക്കാമ്മ അന്നു സ്വാഗതം ചെയ്തിരുന്നില്ലേ? കൊമിൻഫോറം സംഘടനയിൽപെട്ടതും സോവ്യററുഷ്യയെ പിതൃരാജ്യമായി സ്വീകരിച്ചുപോരുന്നതുമായ കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്നും ദേശീയവിരുദ്ധമായ ആദർശങ്ങളും നടപടികളും തുടർന്നുകൊണ്ടിരിക്കുന്നില്ലയോ? ആ സ്ഥിതിക്ക് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് പഴയപോലെ അറപ്പും വെറുപ്പും ശ്രീമതി അക്കാമ്മയ്ക്കു് ഇന്നും ഉണ്ടായിരിക്കേണ്ടയോ? ഈ ന്യായങ്ങളെല്ലാം അവഗണിച്ച്, തിരഞ്ഞെടുപ്പിന്റെ വിജയത്തെമാത്രം ലക്ഷ്യമാക്കി, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹായം സ്വാഗതംചെയ്യുന്ന അക്കാമ്മ വാസ്തവത്തിൽ കോൺഗ്രസ്സിൽനിന്ന് പിരിയുകയാണ്; അല്ലാതെ അക്കാമ്മയിൽനിന്ന് കോൺഗ്രസ്സ് അകന്നുപോവുകയല്ല ചെയ്തിരിക്കുന്നത്.

* * *

### പശ്ചിമലയിലല്ല, കമ്മ്യൂണിസ്റ്റ് ഭരണത്തിലാണ് വെടിയുണ്ടകൊണ്ടു മറുപടി

മീനച്ചിൽ ഉപതിരഞ്ഞെടുപ്പു സംബന്ധിച്ച് ഹൈറേഞ്ച് പ്ലാന്റേഷൻ യൂണിയൻ പ്രസിഡണ്ടായ ഒരു സഖാവ് എസ്റ്റേററ് തൊഴിലാളികളെ ആഹ്വാനം ചെയ്തുകൊണ്ട് പറയുന്നു: "കുഞ്ഞുങ്ങൾക്ക് കഞ്ഞിക്കുള്ള അരി ചോദിച്ചതിന് വെടിയുണ്ടകൊണ്ട് പശ്ചിമലയിൽ മറുപടിപറഞ്ഞ എ. ജെ. ജോണിന്റെ കോൺഗ്രസ്സാണ് ജനങ്ങളെ സമീപിക്കുന്നത്. ആ സംഭവത്തിന് പകരംചോദിക്കുവാനും, അതുവഴി കോൺഗ്രസ്സിനു ഊക്കേറിയ ഒരു പ്രഹരം ഏല്പിക്കുന്നതിനും ഏററവും പാററിയ അവസരമാണ് വന്നുചേർന്നിരിക്കുന്നത്....." കുഞ്ഞുങ്ങൾക്ക് കഞ്ഞിക്കുള്ള അരി ചോദിച്ചതിന് 'വെടിയുണ്ടകൊണ്ട്' തൊഴിലാളികൾക്ക് മറുപടിപറഞ്ഞ സംഭവമൊന്നും ഇന്നാട്ടിലുണ്ടായിട്ടില്ല. അക്രമപ്രസക്തരായ ചില തൊഴിലാളികളുടെ അക്രമപ്രയോഗം തടയുവാൻ മററുമാർഗ്ഗങ്ങളില്ലാതെ വന്നപ്പോൾ വെടിവയ്ക്കേണ്ടിവന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ആഹ്വാനത്തിൽ പറയുന്നതരം വെടിയുണ്ടകൊണ്ടുള്ള മറുപടി കമ്മ്യൂണിസ്റ്റ് ഗവമ്മെൻറുകൾ കൊടുക്കുക പതിവാണ്. അതിനൊന്നാംതരം ദൃഷ്ടാന്തമാണല്ലോ കഴിഞ്ഞ ജൂണിൽ കിഴക്കെ ജർമ്മനിയിൽ നടന്നത്.

അവിടത്തെ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന ഭയങ്കരങ്ങളായ അവശതകൾ, അവരുടെ പണിമുടക്കിന്റേയും തുടർന്നുണ്ടായ ലഹളയുടേയും ഇടയ്ക്ക്, അവിടത്തെ പ്രധാനമന്ത്രിയും ഡപ്യൂട്ടി പ്രധാനമന്ത്രിയും പരസ്യമായി പ്രസംഗത്തിൽ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. രാജ്യത്തിലെ കുറവുകൾ ഭരണപരവും പോലീസ് സമ്പ്രദായത്തിലുള്ളതുമായ നടപടികളാൽ നീക്കം ചെയ്യുന്നതിനു ഗവമ്മെൻറു ശ്രമിച്ചു; ആ നടപടികളും പോലീസിന്റെ ഇടപെടലും ജനങ്ങളുടെ സൃഷ്ടിപരമായ ശക്തികളെ കെടുത്തിക്കളഞ്ഞു; മധ്യവർഗ്ഗക്കാരുടെ ചില്ലറ വ്യാപാരങ്ങളെ ഞെക്കിഞെരുക്കി നശിപ്പിക്കുവാൻ അവ കാരണമായി. ഗവമ്മെൻറിന്റെ ഈ നടപടികളെപ്പററി തൊഴിലാളികൾക്ക് നീതിയുക്തമായ അതൃപ്തിയുണ്ട്. കൂലിയില്ലാത്ത വേല ചെയ്യണമെന്നു ഗവമ്മെൻറ് ഉത്തരവിട്ടു. ഗവമ്മെൻറുതന്നെ സമ്മതിക്കുന്ന ഈ അവശതകളുടെ പ്രേരണയാൽ തൊഴിലാളികൾ കൂട്ടമായി പണിമുടക്കുകയും ബഹളംകൂട്ടുകയും ചെയ്തു. ആ തൊഴിലാളികളോട് അവിടത്തെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിന്റെ പോലീസും പട്ടാളവും പെരുമാറിയതെങ്ങനെയെന്ന റോയിട്ടരുടെ കമ്പിസന്ദേശങ്ങൾ നാം കണ്ടു. പ്രകടനക്കാർ പോലീസുമായി ഏററുമുട്ടി. പട്ടാളം വെടിവച്ചു. ചിലർ മരിക്കുകയും പലരെപ്പേർക്ക പരുക്ക പററുകയും ചെയ്തു. പ്രകടനക്കാരെ നിർദ്ദയം അടിച്ചമർത്താൻ സോവ്യററ് ഗവമ്മെൻറ് അവരുടെ ടാങ്ക് വ്യൂഹങ്ങൾക്ക് കല്പനകൊടുത്തു. ആയിരക്കണക്കിനു തൊഴിലാളികളുടെമേൽ അവർ പീരങ്കിനിറയൊഴിച്ചു. റോയിട്ടരുടെ ഒരു ലേഖകനെ പോലീസ്തലസ്ഥാനത്തിനു വെളിയിൽവച്ച് കിഴക്കെജർമ്മൻ പോലീസ് ആക്രമിച്ചു. അദ്ദേഹം പ്രസ്സ് കാർഡ് കാണിച്ചിട്ടും ആക്രമണം തുടർന്നു. കിഴക്കെ ബർലിനിലെ 18 ലക്ഷം ജനങ്ങളെ പട്ടാളനിയമത്തിനു വിധേയമാക്കി. നിശാനിയമവും നടപ്പാക്കി. ഒരു പണിമുടക്കുകമ്മിററി രൂപീകരിക്കുവാൻ യോഗം കൂടിയപ്പോൾ സോവ്യററു ടാങ്കുകൾ യോഗത്തിന്റെനേരെ പാഞ്ഞുകയറി. ഇങ്ങനെപോകുന്നു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറുകളുടെ വെടിയുണ്ടകൊണ്ടുള്ള മറുപടികൾ.

കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് ഇന്നാട്ടിൽ വരാതിരിക്കണമെങ്കിൽ, അങ്ങനെ കമ്മ്യൂണിസ്റ്റ് മർദ്ദനം അനുഭവിക്കാതിരിക്കണമെങ്കിൽ, തങ്ങളുടെ വോട്ടുകൊടുത്ത് കോൺഗ്രസ്സിനെ സുശക്തമാക്കണമെന്ന് ഇവിടത്തെ പാവപ്പെട്ട തൊഴിലാളികൾ അറിഞ്ഞിരുന്നെങ്കിൽ!!!

* * *

### കൗമുദിയുടെ അന്ധവിശ്വാസം കത്തോലിക്കരുടെ വോട്ടിംഗ് മറയെപ്പററി

തിരഞ്ഞെടുപ്പിൽ കത്തോലിക്കരുടെ കടമയെന്തെന്നു അവരെ പ്രായോഗികമായി ഉപദേശിക്കുന്ന കത്തോലിക്കാവൈദികരുടെ പ്രവൃത്തി "അനധികൃതവും അനാവശ്യവുമായ കൈകടത്തലും" മററുമാണെന്ന് ആക്ഷേപിച്ചുകൊണ്ട് കേരളകൗമുദി എഴുതിയിരിക്കുന്ന മുഖപ്രസംഗത്തിൽ അതെഴുതിയ ആളുടെ അന്ധവിശ്വാസം തെളിഞ്ഞുകാണുന്നുണ്ട്. "ദൈവത്തിന്റെ പ്രതിപുരുഷന്മാർ ലൗകികകാര്യങ്ങളിലേക്ക് കടന്നുവരുന്നു." "അഭിപ്രായഭിന്നതയ്ക്കിടയുള്ള രാഷ്ട്രീയകാര്യങ്ങളെ അവർ കൈകാര്യം ചെയ്യുന്നു." "അതു കത്തോലിക്കരുടെ ദൈവവിശ്വാസത്തെ ശിഥിലമാക്കുന്നു." "നിഷ്പക്ഷമായി നടക്കേണ്ട തിരഞ്ഞെടുപ്പുകളിൽ അൽമേനികളെ അസ്വതന്ത്രചിത്തരാക്കുന്നു." എന്നു തുടങ്ങിയ പ്രസ്താവങ്ങൾ കത്തോലിക്കാമതത്തിന്റെ സിദ്ധാന്തങ്ങളേയും കത്തോലിക്കാവൈദികരുടെ കടമകളേയും കുറിച്ചുള്ള പരിതാപകരമായ അജ്ഞതയെയാണ് വെളിപ്പെടുത്തുന്നത്.

രാഷ്ട്രീയപാർട്ടികളെന്ന് അവകാശപ്പെടുന്ന കമ്മ്യൂണിസ്റ്റു പാർട്ടികളും മററു മാർക്സിസ്റ്റ് പാർട്ടിയും മതപരവും സന്മാർഗ്ഗികവും മനുഷ്യാവകാശസംബന്ധവുമായ പല തത്വങ്ങളും നിഷേധിക്കുന്നവരോ അവഗണിക്കുന്നവരോ ആണ്. ആ നിലയിൽ ആ പാർട്ടികൾ മതവിരുദ്ധങ്ങളോ സന്മാർഗ്ഗവിരുദ്ധങ്ങളോ മനുഷ്യാവകാശവിരുദ്ധങ്ങളോ ആയിത്തീരുന്നു. അപ്പോൾ ആ പാർട്ടികൾക്ക് വോട്ടുനൽകുന്നത് മതത്തോടും സന്മാർഗ്ഗത്തോടും മനുഷ്യാവകാശങ്ങളോടും ചെയ്യുന്ന ദ്രോഹമായിരിക്കും. ആ ദ്രോഹംചെയ്യാൻ ഒരു മനുഷ്യനും, അവനേതുമതക്കാരനായാലും, പാടുള്ളതല്ല. കത്തോലിക്കാമതക്കാർക്ക് ആ ബോധ്യമുണ്ട്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതു് അവരുടെ കർത്തവ്യമാണ്. പ്രസ്തുത കർത്തവ്യം കത്തോലിക്കരെ പറഞ്ഞറിയിക്കേണ്ടതു് വൈദികരുടെ ചുമതലയാണ്. ആ ചുമതല നിർവ്വഹിച്ചില്ലെങ്കിൽ അവരുടെ പേരിൽ അതു വലിയ കൃത്യവിലോപമായിരിക്കും. ഈ കാരണങ്ങളാൽ കത്തോലിക്കർ നിഷിദ്ധങ്ങളായ പാർട്ടികൾക്ക് വോട്ടുചെയ്യരുതെന്ന് അൽമേനികളെ ഉപദേശിക്കുന്ന വൈദികരുടെ പ്രവൃത്തി അധികൃതവും ആവശ്യകവുമാകുന്നു. അതു ചെയ്യുമ്പോൾ ദൈവത്തിന്റെ പ്രതിപുരുഷന്മാർ ലൗകികകാര്യങ്ങളിലേക്കു കടക്കുന്നില്ല. നിഷിദ്ധരായ രാഷ്ട്രീയപാർട്ടികളെപ്പററി കത്തോലിക്കരുടെയിടയിൽ അഭിപ്രായഭിന്നതയില്ല. തങ്ങളുടെ കർത്തവ്യമനുസരിച്ച് തിരഞ്ഞെടുപ്പിൽ പ്രവർത്തിക്കുവാൻ അൽമേനികളെ വൈദികരുടെ പ്രസ്തുതോപദേശം സഹായിക്കുന്നതുകൊണ്ടു അതു് അവരെ അസ്വതന്ത്രചിത്തരാക്കുന്നില്ല.

മെത്രാന്മാരുടെ ഇടയലേഖനത്തിനെതിരായി കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം കേസ്സുണ്ടായപ്പോൾ കത്തോലിക്കരെ അവരുടെ കർത്തവ്യങ്ങൾ അറിയിക്കുന്ന ഇടയലേഖനങ്ങൾ തിരഞ്ഞെടുപ്പുചട്ടങ്ങൾക്കു വിരുദ്ധമല്ലെന്നു് തിരു-കൊച്ചി ഹൈക്കോടതി വിധിച്ച വസ്തുത കേരളകൗമുദി ഓർമ്മിക്കേണ്ടതായിരുന്നു. കമ്മ്യൂണിസ്റ്റു പാർട്ടിക്ക് വോട്ടുകൊടുക്കരുതെന്ന് ആഗമാനന്ദസ്വാമികൾ ഹിന്ദുക്കൾക്ക് ഒരു പരസ്യപ്രസംഗത്തിൽ നൽകിയ ഉപദേശമെങ്കിലും ആ പത്രം അറിയേണ്ടതായിരുന്നു. "ഏതു കക്ഷിയിൽപ്പെട്ട ആളായാലും നിങ്ങളെ വോട്ടിനു സമീപിക്കുമ്പോൾ നിങ്ങൾ അവരോടു ചോദിക്കണം: നിങ്ങൾ ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടോ? നിങ്ങളുടെ കുട്ടികൾ രാവിലേയും വൈകുന്നേരവും നാമം ജപിക്കാറുണ്ടോ? നിങ്ങൾ ഈശ്വരവിചാരം ചെയ്യാറുണ്ടോ? നിങ്ങൾ ദേവാലയങ്ങളിൽ ആരാധിക്കാറുണ്ടോ?......ഉണ്ടെന്നു പറയുകയാണെങ്കിൽ മാത്രമേ നിങ്ങൾ അയാൾക്ക് വോട്ടുകൊടുക്കാവൂ. നാസ്തികന്മാർ നിയമസഭയിൽ വന്നാൽ അവർ നിരീശ്വരന്മാരെ ദേവസ്വംബോർഡിലേക്ക് നിർദ്ദേശിക്കും. ഈശ്വരവിശ്വാസമില്ലാത്തവർ ദേവസ്വം ബോർഡിന്റെ ഭരണമേററാൽ ദേവാലയങ്ങൾ എത്ര ദിവസം നില്ക്കും? പൂച്ചയുടെ കൈയിൽ എലിയെ വളർത്താൻ കൊടുത്താലുള്ള അവസ്ഥയല്ലേ ഉണ്ടാവുക." ഇതാണ് സ്വാമികൾ ഹിന്ദുക്കൾക്കു നൽകിയ ഉപദേശം.

* * *

### വിദ്യാർത്ഥിഫെഡറേഷൻ പഠിപ്പുമുടക്കുകൾക്ക് പുറപ്പെട്ടിരിക്കുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ ലക്ഷ്യപ്രാപ്തിക്ക് വിദ്യാർത്ഥികളേയും ആയുധമായി ഉപയോഗിക്കുന്നുണ്ടല്ലോ. അതിനായി വിദ്യാർത്ഥി ഫെഡറേഷൻ എന്ന പേരിൽ ഒരു സംഘടന അവർ നേതൃത്വം വഹിച്ച് നടത്തുന്നുമുണ്ട്. ഇതിലെ വിദ്യാർത്ഥികളെ അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ പഠിപ്പുമുടക്കുകളും മററും വഴിയായി കുഴപ്പമുണ്ടാക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി പല കോളെജുകളിൽ ഇപ്പോൾത്തന്നെ പഠിപ്പുമുടക്കുബഹളങ്ങൾ തുടങ്ങിയിരിക്കുന്നു. ഫെഡറേഷന്റെ പിടിയിൽപ്പെട്ട വിദ്യാർത്ഥികൾ പന്തളംകോളജിൽ കുഴപ്പമുണ്ടാക്കിയപ്പോൾ 120-ൽപ്പരം പൗരന്മാർചേർന്ന് മുഖ്യമന്ത്രിക്ക് ഒരപേക്ഷ കൊടുത്തു. വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ പ്രവേശിക്കുന്നതും അവരെ അതിലേക്ക് ആഹ്വാനം ചെയ്യുന്നതും ശിക്ഷാർഹമാക്കണമെന്നും, കോളെജുകളിലും ഹൈസ്കൂളുകളിലും വിദ്യാർത്ഥിസമാജങ്ങൾ സർവ്വകലാശാല കൊടുക്കുന്ന നിർദ്ദേശമനുസരിച്ചു മാത്രമേ പാടുള്ളുവെന്ന് വെക്കണമെന്നും അപേക്ഷയിൽ ആവശ്യപ്പെട്ടു. ശ്രീ കെ. അയ്യപ്പൻ ബി. ഏ. യുടെ പത്രാധിപത്യത്തിലുള്ള "സഹോദരൻ" ഈ വസ്തുത ചൂണ്ടിക്കാണിച്ചുശേഷം അതിനെപ്പററി ഒരു പരാമർശനം നടത്തിയിരിക്കുന്നു. ഞങ്ങൾക്ക് പറയാനുള്ളതും ഞങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ളതുമായ ആശയങ്ങളാണ് ആ പരാമർശനത്തിൽ അടങ്ങിയിട്ടുള്ളത്. എന്നാൽ ഒരു അകത്തോലിക്കാ പത്രത്തിലൂടെ പുറത്തുവന്നിട്ടുള്ളതാകയാൽ ആ പരാമർശനത്തിനു ഞങ്ങൾ പ്രത്യേകമായ വില കല്പിക്കുകയും സന്തോഷപൂർവ്വം അതു ചുവടെ ഉദ്ധരിക്കുകയും ചെയ്യുന്നു.

* * *

### ബഹളക്കാരായ വിദ്യാർത്ഥികൾക്ക് രക്ഷാകർത്താക്കൾ ഫീസ്സ് കൊടുക്കരുതു്

പൗരന്മാർ വിചാരിച്ചാൽ അവരവരുടെ കുട്ടികളെയെങ്കിലും അച്ചടക്കമുള്ളവരാക്കാൻ വളരെ സാധിക്കും. കുട്ടികൾ രാഷ്ട്രീയ പ്രക്ഷോഭണങ്ങൾക്കും മററും ഇറങ്ങുകയാണെങ്കിൽ വിദ്യാലയഫീസും ഹോസ്റ്റൽഫീസും കൊടുക്കുകയില്ലെന്നു വയ്ക്കണം. രക്ഷാകർത്താക്കൾ വിചാരിച്ചാൽ മിക്കവാറും വിദ്യാർത്ഥികളെ ശരിക്കു നിർത്തുവാൻ സാധിക്കും. അവരുടെ പിടിയിലും നില്ക്കാത്ത തലതിരിഞ്ഞ ചിലരുണ്ടായേക്കാം. അവർ വളരെ ചുരുക്കമായേ കാണുകയുള്ളു. അവർമാത്രം വിചാരിച്ചാൽ സ്കൂളുകളിലും കോളെജുകളിലും കുഴപ്പമുണ്ടാക്കാൻ സാധിക്കയില്ല. അച്ചടക്കകാര്യം മുഴുവൻ അദ്ധ്യാപകരുടെ പിടിയിൽവച്ചു രക്ഷാകർത്താക്കൾ ഹർജിയുംകൊണ്ടു നടന്നാൽ പ്രശ്നത്തിനു തീരുമാനമുണ്ടാകാൻ പോകുന്നില്ല. പ്രശ്നത്തിന്റെ തീരുമാനത്തിനു് ഗവമ്മെൻറിൽനിന്നും അദ്ധ്യാപകരിൽനിന്നും ചിലതെല്ലാം ചെയ്യേണ്ടതായിട്ടില്ലെന്നു പറയുന്നില്ല. രക്ഷാകർത്താക്കളുടേയും സഹകരണം ഉണ്ടെങ്കിലേ അവയെല്ലാം ഫലിക്കയുള്ളു. വിദ്യാലയത്തിൽ കുഴപ്പത്തിന്റെ ലക്ഷണം കണ്ടാൽ അതിനെ മുളയിലേ നുള്ളണം. ആദ്യകുഴപ്പക്കാർ ഒന്നോ രണ്ടോ പേർമാത്രമേ ഉണ്ടായിരിക്കയുള്ളു. അവരെ മററുള്ളവർക്കു ദൃഷ്ടാന്തമായി ശിക്ഷിച്ചാൽ പിന്നെ കുഴപ്പം വളരുകയില്ല. ശിക്ഷിക്കേണ്ടവരെ ന്യായമായി ശിക്ഷിക്കുന്നതിനു വിദ്യാലയാധികൃതർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതിൽ അവരെ വിദ്യാഭ്യാസവകുപ്പും ഗവമ്മെൻറും രക്ഷാകർത്താക്കളും അങ്ങേയററംവരെ താങ്ങണം. ശിക്ഷിക്കപ്പെട്ട കുട്ടി എം. എൽ. ഏ. യുടെ സ്വന്തമോ മന്ത്രിയുടെ സ്വന്തമോ ഏതെങ്കിലും പ്രധാനിയുടെ സ്വന്തമോ ആയാലും ശിക്ഷ മുറപോലെ നടക്കാൻ ഇടവരണം. ഇങ്ങനെ ചിലതൊക്കെ നടന്നാൽ കുട്ടികൾക്ക് രാഷ്ട്രീയം ശിക്ഷാർഹമാക്കുന്ന നിയമമുണ്ടാകാതെ അവരെ അച്ചടക്കത്തോടുകൂടി പഠിക്കുന്നവരാക്കാം.

വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യത്തിൽ ഏർപ്പെടരുതെന്നു പലരും ഇപ്പോൾ പറയുന്നുണ്ട്. അവരവരുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളമല്ല, മററുപാർട്ടികളെ സംബന്ധിച്ചിടത്തോളം മാത്രമാണ് അതു നടപ്പിലായിക്കാണാൻ അധികംപേരും ആഗ്രഹിക്കുന്നതു്......... രാഷ്ട്രീയപ്രവർത്തകർക്ക് സ്ഥാനങ്ങൾ

കിട്ടാനുള്ള വേലകളിൽ ഹോമിക്കപ്പെടാനുള്ളതല്ല വിദ്യാർത്ഥികൾ. വിദ്യാർത്ഥികൾ അവരുടെ സ്വന്തം ഭാവിക്കും അതുവഴി പൊതുഭാവിക്കും വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടവരാണ്. വിദ്യാർത്ഥികളോടും അവരുടെ കുടുംബങ്ങളോടും പ്രാഥമികമര്യാദയുള്ളവരാരും അവരെ അവരുടെ ആ ഒരുക്കത്തിൽനിന്നു തെറ്റിക്കാൻ നോക്കുകയില്ല. ആ മര്യാദ നമ്മുടെ രാഷ്ട്രീയനേതാക്കന്മാർക്കുണ്ടായാൽ വിദ്യാർത്ഥികളെക്കൊണ്ടു പിന്നെ ഇവിടെ ഒരു കുഴപ്പവും ഉണ്ടാകയില്ല.

"സഹോദര"ന്റെ ബുദ്ധിപൂർവ്വകവും പ്രായോഗികവും ഫലപ്രദവുമായ ഈ ഉപദേശം ബഹുളക്കാരായ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ പ്രത്യേകിച്ചും സർവ്വാത്മനാ സ്വീകരിച്ച് പ്രവർത്തിക്കണമെന്നാണ് ഞങ്ങൾക്കും അഭ്യർത്ഥിക്കുവാനുള്ളത്.

കവർചിത്രം

അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങ് തിരുമേനി

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ | ക. 6— 8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

## തിരുക്കൊച്ചിവാർത്തകൾ

പി. എസ്. പി. യുടെ

തീരുമാനം

തിരുക്കൊച്ചി പ്രജാസോഷ്യലിസ്റ്റു പാർട്ടി എക്സിക്യൂട്ടീവ് നവ. 5-ാംനു എറണാകുളത്തുവച്ച് ശ്രീ പട്ടംതാണുപിള്ളയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച്, "അടുത്ത പൊതുതിരഞ്ഞെടുപ്പിൽ ഒരഖിലേന്ത്യാപാർട്ടിയെന്ന നിലയിൽ സർവ്വ കഴിവുകളുമുപയോഗിച്ച് കോൺഗ്രസിനെ തീരായി മത്സരിക്കുവാനും അങ്ങനെ ചെയ്യുന്നതിൽ കഴിയുമെങ്കിൽ കോൺഗ്രസിനെ എതിർക്കുന്ന ഇതരകക്ഷികളുമായി ഒരു ത്രികോണമത്സരം ഒഴിവാക്കുവാൻ ശ്രമിക്കുന്നതിനും" തീരുമാനിച്ചിരിക്കുന്നുവത്രെ.

തിരഞ്ഞെടുപ്പ്

തിരുക്കൊച്ചി അസംബ്ലി യിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് ജനുവരി അവസാനവാരത്തിലും ഫെബ്രുവരി ആദ്യവാരത്തിലുമായി നടത്തുന്നതാണെന്നും പുതിയഅസംബ്ലി 1954 മാർച്ച് 23-ാംനു കുമ്പു് സമ്മേളിക്കുന്നതാണെന്നും മുഖ്യമന്ത്രി ശ്രീ എ. ജെ. ജോൺ പ്രസ്താവിച്ചിരിക്കുന്നു.

വോട്ടേഴ്സ് ലിസ്റ്റിലെ

തിരുത്തലുകൾ

ഇപ്പോൾ പ്രസിദ്ധീകൃതമായിട്ടുള്ള സമ്മതിദായകപ്പട്ടികയിൽ പേരുകൾ വിട്ടുപോയിട്ടുള്ളവർക്ക് അവ ചേർക്കുന്നതിനും ആവശ്യമായ മററു തിരുത്തലുകളും മാററങ്ങളും വരുത്തുന്നതിനും കൂടുതൽ സൗകര്യം ലഭിക്കുന്നതിനുവേണ്ടി ഇലക്ഷൻ ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തിയിരിക്കുന്നു. ഇതനുസരിച്ച് ആവശ്യക്കാർ ഒരു രൂപാ ഫീസടച്ച് തഹസിൽദാരുടെ പക്കൽ അപേക്ഷ ബോധിപ്പിച്ചാൽ വേണ്ട തിരുത്തലുകൾ ചെയ്തുകിട്ടുന്നതാണ്. ഒരു ക്ലിപ്തകാലാവധിവരെ മാത്രമേ ഈ സൗജന്യം ഉണ്ടായിരിക്കയുള്ളു. അതിനുശേഷം 10ക. പിഴയൊടുക്കി ചീഫ് ഇലക്ടറൽ ഓഫീസറുടെ പക്കൽ അപേക്ഷിക്കേണ്ടിവരും.

## വിദേശവാർത്തകൾ


സുഡാനിൽ തിരഞ്ഞെടുപ്പ്

ആഫ്രിക്കാ ഭൂഖണ്ഡത്തിലെ പത്തുലക്ഷം ചതുരശ്രമൈൽ വിസ്തീർണ്ണവും 85 ലക്ഷം ജനങ്ങളുമുള്ള സുഡാൻ സംസ്ഥാനത്ത് പൊതുതിരഞ്ഞെടുപ്പാരംഭിച്ചിരിക്കുന്നു. സുഡാൻ പരിപൂർണ്ണസ്വാതന്ത്ര്യയായിരിക്കണമെന്നു വാദിക്കുന്ന ഉമാപാർട്ടിയും അല്ല, ഈജിപ്തുമായി യോജിക്കണമെന്നു വാദിക്കുന്ന നാഷനൽയൂണിയൻ പാർട്ടിയും തമ്മിലാണ് അവിടെ പ്രധാനമായി മത്സരം നടക്കുന്നതു്.

10-ാം പീയൂസിന്റെ നാമകരണനടപടികൾ പൂർത്തിയായി

ധന്യനായ 10-ാം പീയൂസ് മാർപ്പാപ്പായെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിരിക്കുന്നതായും 1954-ലെ മരിയൻ ജൂബിലിവർഷത്തിൽ നാമകരണം നടക്കാനിടയുള്ളതായുമറിയുന്നു. നേപ്പിൾസിലെ ഒരഭിഭാഷകനായ ഫ്രാൻസിസ് ബൽസാനിക്കും പലേർമോയിലെ ഒരു സന്യാസിനിയായ സി. മരിയ ലൂയിസാ സ്കോർസിയാക്കും അത്ഭുതകരമായി ലഭിച്ച രോഗശാന്തിയാണ് നാമകരണത്തിനു് ആധാരമായി സ്വീകരിച്ചിരിക്കുന്ന രണ്ടത്ഭുതങ്ങൾ.

പരേതനായ



കല്ലുങ്കൽ ബ. ലൂക്കാച്ചൻ

വാഴക്കുളം

ജനനം: 1902 ഫെ. 26

ഗുരുപ്പട്ടം: 1935 ഡി. 22

മരണം: 1953 നവ. 5

R. I. P.

## നിര്യാതനായി

കല്ലുങ്കൽ ബ. ലൂക്കാച്ചൻ


വാഴക്കുളം ഇടവക കല്ലുങ്കൽ ബ. ലൂക്കാച്ചൻ 51-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. കല്ലാനിക്കൽ പള്ളിയിൽ വികാരിയായിരിക്കവേ ഏദോഗവും പ്രമേഹസംബന്ധമായ അസ്വാസ്ഥ്യവും പിടിപെടുകയാൽ, അദ്ദേഹം ജോലിയിൽനിന്നു വിരമിച്ച ചികിത്സയിൽ കഴിഞ്ഞുകൂടുകയായിരുന്നു. ചികിത്സകൊണ്ടൊന്നും ഫലം കാണായ്കയാൽ സ്വന്ത ഇടവകയായ വാഴക്കുളത്തേക്കു പോരുകയും അവിടെവെച്ചു നവമ്പർ 5-ാംനു നിര്യാതനാവുകയുമാണുണ്ടായതു്. ശവസംസ്കാരം പിറേറദിവസം ആദ്യം എറണാകുളം വികാരിജനറാൾ മൊറാ റവ. മോൺ. പോത്തനാമൂഴി അവർകളുടെയും തുടർന്നു പരേതന്റെ സഹപാഠിയായ പാലാ മെത്രാൻ മൊറാ റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമനസ്സിലെയും പ്രധാനകാർമ്മികത്വത്തിലും, എഴുപതോളം വൈദികരുടേയും മൂവായിരത്തോളം വരുന്ന ഒരു ജനസമൂഹത്തിന്റേയും സാന്നിദ്ധ്യത്തിലും യഥാവിധി നിർവ്വഹിച്ചിരിക്കുന്നു. നിർമ്മലകോളെജ് പ്രിൻസിപ്പാൾ റവ. ഫാദർ തോമസ് നെടുങ്കല്ലേൽ എം. എ. ബി. റ്റി. പരേതന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ച് ഒരു പ്രസംഗം ചെയ്യുകയുണ്ടായി. പരേതനായ ഈ വന്ദ്യവൈദികൻ നെടിയകാട്, നെടിയശാല, തലയനാട്, ലൂർദ്ദ്, കല്ലാനിക്കൽ മുതലായ പള്ളികളിൽ വികാരിയായിരുന്നു സേവനമനുഷ്ഠിച്ചിട്ടുണ്ട്. കല്ലാനിക്കൽ അടുത്തകാലത്തു പണികഴിപ്പിച്ചിട്ടുള്ള പള്ളി അദ്ദേഹത്തിന്റെ സ്ഥിരപരിശ്രമത്തിന്റേയും ത്യാഗസന്നദ്ധതയുടേയും ലക്ഷ്യമായി പരിലസിക്കുന്നതാണ്. പരേതന്റെ ആത്മാവിനു നിത്യശാന്തി നേർന്നുകൊള്ളുന്നു.

## പ്രതിമാസ ഗ്രന്ഥക്ലബ്ബ്

എറണാകുളം

ത്രിവിധജീവിതം II ഭാഗം

ഒരു തിരഞ്ഞെടുപ്പുവേളയിൽ കമ്മ്യൂണിസ്റ്റ് അണിയറകളിൽ നടക്കുന്ന ഗൂഢതന്ത്രങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകം വായിക്കുക. മററുള്ളവരെ പറഞ്ഞു മനസ്സിലാക്കുക.






(5-ാംപേജ് തുടർച്ച)

തിചെയ്യുന്നു. ഈ പട്ടണത്തിലെ വരുമാനം വർത്തിക്കാൻ ബസ്സിക്കായുടെ പണിക്കുവേണ്ടി, ഇററലിയിലെ രാജാവായിരുന്ന ചാൾസ് വിനിയോഗിച്ചതായി ചരിത്രപക്ഷങ്ങളിൽ കാണുന്നു. വിശുദ്ധന്റെ ശരീരാവശിഷ്ടങ്ങൾ വണങ്ങപ്പെട്ടിരുന്ന മഹാദൈവാലയം പലരുടേയും ആക്രമണങ്ങൾക്ക് വിധേയമായിട്ടുണ്ട്. "നോർമൻസ്" ആയിരുന്നു ഇതിനെ ആദ്യമായി കയ്യേറിയതു്. 1556-ൽ ടർക്കികൾ പട്ടണമാക്രമിക്കുകയും പള്ളികൾക്ക് കൊള്ളിവയ്ക്കുകയും അവയുടെ വസ്തുവകകൾ കവർച്ച ചെയ്യുകയുമുണ്ടായി. കത്തീഡ്രൽ ദൈവാലയവും അഗ്നിക്കിരയാക്കപ്പെട്ടുവെങ്കിലും തിരുശേഷിപ്പുകൾ അത്ഭുതകരമായി സംരക്ഷിക്കപ്പെട്ടു. "ഷിയോസി"ൽ നിന്നു കൊണ്ടുവന്ന കല്ലലകയ്ക്കു് കേടു സംഭവിച്ചു. വിശുദ്ധന്റെ തലയോട്ട് ഒരു കല്ലിന്റെ അടിയിൽപ്പെട്ട് ശിഥിലമായി. പിന്നീട് അതു് ഭദ്രമായി കൂട്ടിയോജിപ്പിക്കുകയാൽ കേടു സംഭവിച്ചതായി ഇന്നു തോന്നുകയില്ല. ഈ ആക്രമണങ്ങൾക്കു ശേഷവും അതിഭയങ്കരമായ ഭൂകമ്പത്തിനു് ഈ പൂജ്യവസ്തു വിധേയമായിട്ടുണ്ടു്. ഇനിയും ഇത്തരത്തിലുള്ള വിപത്സന്ധികളിൽനിന്നു് തിരുശേഷിപ്പുകൾ സംരക്ഷിക്കപ്പെടുന്നതിനായി ഓട്ടുകൊണ്ടുള്ള പേടകത്തിലാക്കി ഒരു മാർബിൾ അൾത്താരയുടെ വശത്തു സ്ഥാപിച്ചു. തലയോട്ട് ഒരു വെള്ളി "ബസ്റ്റി"ൽവച്ച് തിരുനാളുകളിൽ പരസ്യവണക്കത്തിനായി പ്രദർശിപ്പിച്ചുപോന്നു: "ഷിയോസി"ൽനിന്നു് കൊണ്ടുവരപ്പെട്ട കല്ലലകയും കേടുപോക്കി, പുതുക്കിപ്പണിത ഭദ്രാസനപ്പള്ളിയിൽ സൂക്ഷിക്കപ്പെടുന്നു.

രണ്ടാം ലോക മഹായുദ്ധകാലത്തു് ജർമ്മൻകാർ ഓർട്ടോണായിലെ കത്തീഡ്രലിനു് "മൈൻ" ചെയ്തുവെങ്കിലും തിരുശേഷിപ്പുകൾക്കു് ഹാനി ഭവിച്ചില്ല. 1943 ഡിസംബർ 21-ാംനു-യാണ് ഈ സംഭവം നടന്നതു്. ദൈവാലയത്തിനു് സാരമായ വിപത്തുണ്ടായി. യുദ്ധാനന്തരം "കത്തീഡ്രൽ" കേടുപോക്കപ്പെടുകയും ഒരു കർദ്ദിനാൾ അതിന്റെ ഉൽഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഇപ്പോൾ തിരുശേഷിപ്പുകൾ ഇടവക വികാരിയുടെ വസതിയിൽ സൂക്ഷിച്ചുവരുന്നു. തലയോട്ട് വെള്ളികൊണ്ടുള്ള "ബസ്റ്റി"ലാക്കി ഒരു ഭിത്തിക്കുള്ളിൽ രഹസ്യമായി വച്ചിരിക്കുന്നു. ഈ സ്ഥലം ബ. വികാരിക്കും മററു ചുരുക്കം ചിലർക്കും മാത്രമേ അറിയാവൂ.

ഓർട്ടോണാ നിവാസികൾക്ക് സെൻ തോമസിന്റെ നേർക്കുള്ള ഭക്തി അപാരമാണ്. തിരുശേഷിപ്പ് ഓർട്ടോണായിൽനിന്നു് മാററി കുറേക്കൂടി സുരക്ഷിതമായ ഒരു സ്ഥലത്തു് സ്ഥാപിക്കാനുണ്ടായ പരിശ്രമങ്ങളെ അവിടത്തുകാർ നിരാകരിച്ചു. അവരുടെ അഭിവന്ദ്യ മെത്രാപ്പോലീത്തായും വിശ്വാസികളുടെ അഭിപ്രായത്തെ അനുകൂലിക്കുന്നു.

ഓർട്ടോണാക്കാരുടെ "തോമ്മാഭക്തി", മൈലാപ്പൂർ ബിഷപ്പായിരുന്ന ഡോക്ടർ ഡോൺ തെയൊട്ടോണിയസ് തിരുമേനി നേരിട്ടു കണ്ടിട്ടുള്ളതാണ്. അദ്ദേഹം 1904-ൽ ഓർട്ടോണാ സന്ദർശിക്കുകയുണ്ടായി. 1905 ഒക്ടോബർ 28-ലെ അദ്ദേഹത്തിന്റെ ഇടയലേഖനത്തിൽ ചരിത്രം സൃഷ്ടിച്ച ആ സന്ദർശനത്തെപ്പററി അദ്ദേഹം എഴുതുന്നു:

"ഓർട്ടോണായിലെയും പരിസരങ്ങളിലെയും ജനങ്ങൾ മൈലാപ്പൂരിനെ പൂജ്യമായിക്കരുതുന്നു. തോമസ് അപ്പസ്തോലന്റെ രക്തസാക്ഷിത്വവും കബറടക്കവും അവിടെവച്ചായിരുന്നുവെന്നു് അവരുടെ പൂർവ്വികന്മാർ അവരെ പഠിപ്പിച്ചിട്ടുണ്ടു്."

"മൈലാപ്പൂരിന്റെ മെത്രാൻ ഓർട്ടോണ സന്ദർശിക്കാൻ വരുന്നുവെന്ന വാർത്ത ജനങ്ങൾക്ക് ആനന്ദമരുളി. അതിരാവിലെ നാലരമണിക്കാണ് നാം അവിടെ എത്തിയതെങ്കിലും റെയിൽവേസ്റ്റേഷനിൽ പൗരജനങ്ങൾ നമ്മെ പ്രതീക്ഷിച്ച തടിച്ചുകൂടിയിരുന്നു. ദൈവാലയങ്ങളിലെ മണിമുഴക്കം നമ്മുടെ സാന്നിദ്ധ്യത്തെ വിളിച്ചറിയിച്ചു. മെത്രാപ്പോലീത്താ തിരുമേനിതന്നെ നമ്മെ സ്വീകരിക്കുവാൻ സന്നിഹിതനായിരുന്നു. അന്നു് അവിടത്തെ മെത്രാൻ നാം ആയിരുന്നു!! നമ്മുടെ പൊന്തിഫിക്കൽ കുർബ്ബാനയ്ക്കുശേഷം വിശുദ്ധ ശ്ലീഹായുടെ തിരുശേഷിപ്പ് ബസ്സിക്കായുടെ പ്രധാനമായ അൾത്താരയിലേക്ക് നാം ആഘോഷമായി സംവഹിച്ചു."

"ഓർട്ടോണായിലെ വൈദികർക്കും ജനങ്ങൾക്കും വിശുദ്ധന്റെ തിരുശേഷിപ്പുകളോട് അത്യധികമായ ആദരവുണ്ടു്. ശ്ലീഹായെ അവർ അതിയായി സ്നേഹിക്കുന്നു, വണങ്ങുന്നു. വിശുദ്ധന്റെ മാദ്ധ്യസ്ഥത്താൽ അനേകം അത്ഭുതങ്ങളും സംഭവിക്കുന്നുണ്ടു്."

"സെൻതോമസിന്റെ പിൻഗാമിയായ നമ്മെ സ്വീകരിക്കുന്നതിനു് "സിവിൽ" അധികാരികളും ആഗതരായിരുന്നു. പട്ടണത്തിലെ പൗരന്മാർ നമ്മെ സ്വീകരിച്ച് ആതിഥ്യം നൽകുകയും നമ്മുടെ ബഹുമാനാർത്ഥം ഒരു വിരുന്നു നടത്തുകയും ഒരു സംഘം അംഗരക്ഷകന്മാരെ നമുക്കായി നിയോഗിക്കുകയുംചെയ്തു ഇതെല്ലാം വി. തോമസിനോടുള്ള അവരുടെ ഭക്തിയേയും ബഹുമാനത്തേയുമല്ലയോ പ്രദ്യോതിപ്പിക്കുന്നതു്?"

അദ്ദേഹം തുടരുന്നു: "നമുക്ക് ഇഷ്ടമെങ്കിൽ പന്ത്രണ്ടു കാനൺമാരെ ഓർട്ടോണായിലേക്ക് അയക്കുന്നതിനും അവിടെനിന്നും പന്ത്രണ്ടുപേരെ മൈലാപ്പൂരിലേക്കു സ്വീകരിക്കുന്നതിനും അവിടത്തെ കത്തീഡ്രൽ വികാരി നിർദ്ദേശിച്ചു. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് നാം ഒരുവിധത്തിൽ തോമാശ്ലീഹായെ ബഹുമാനിക്കുകയായിരിക്കും ചെയ്യുന്നതു്."

ചങ്ങനാശ്ശേരി മെത്രാൻ ഡോ: മാത്യു കാവുകാട്ട് തിരുമനസ്സുകൊണ്ടു്, പ്രൊപ്പഗാൻഡാ കോളെജിലെ കേരളീയ വിദ്യാർത്ഥികളുമൊത്തു് ഈക്കൊല്ലത്തിന്റെ ആരംഭത്തിൽ ഓർട്ടോണാ സന്ദർശിച്ചു വസ്തുതയും പ്രകൃതത്തിൽ സ്മരണീയമാണ്. അവിടത്തെ മെത്രാപ്പോലീത്താ തിരുമേനിയും ജനങ്ങളുംകൂടി അദ്ദേഹത്തിനു് ഗംഭീരമായ ഒരു സ്വീകരണം നൽകി. തിരുമേനി സുറിയാനി റീത്തിൽ "റാസ"ക്കുർബാനയർപ്പിക്കുകയും പൗരാവലി സഹർഷം അതിൽ പങ്കുകൊള്ളുകയുംചെയ്തു.

ഇതാണ് തോമാശ്ലീഹായുടെ പൂജ്യമായ ഭൗതികാവശിഷ്ടങ്ങളുടെ സംക്ഷിപ്തചരിത്രം.

വിശുദ്ധന്റെ തിരുശേഷിപ്പുകളിൽ ഒരുഭാഗം അത്യുന്നത കർദ്ദിനാൾ തിസ്സെറാങ്ങ് തിരുമേനിയാൽ നമ്മുടെ മദ്ധ്യത്തിലേക്ക് സംവഹിക്കപ്പെടുവാൻ പോകുന്നു. വീണ്ടും നമ്മുടെ പിതാവ് നമ്മുടെ പക്കലേക്കു!! അപാരമായ സ്നേഹത്തോടും ഹൃദയം വഴിഞ്ഞൊഴുകുന്ന കൃതജ്ഞതയോടും കൂടിയല്ലാതെ, ആ സംപൂജ്യനിധി ഏററുവാങ്ങുവാൻ കേരളീയർക്കു സാധ്യമോ?

ചെറുകഥ

# വികാരങ്ങളുടെ ഭാഷ

(വറുഗീസ് കാഞ്ഞിരത്തുങ്കൽ)

നാനച്ചന്റെ ചിന്ത പലേടത്തേക്കും തിരിഞ്ഞു. ചില ഊടുവഴികളിൽക്കൂടെയും അതു നുഴഞ്ഞുനോക്കി. പക്ഷേ എങ്ങുമങ്ങും ഉറയ്ക്കുന്നില്ല. വഴുതിവഴുതിപ്പോവുകയാണ്.

എങ്ങനെയെങ്കിലും രൊക്കം ഒരായിരം രൂപ ഒത്തുവരണം. അതിനുള്ള മാർഗ്ഗമാണ് ചിന്തയുടെ തുടക്കവും ഒടുക്കവും.

ഭാര്യവീട്ടുകാരോടു ചോദിച്ചാലോ?

ഉള്ളകള്ളികളെല്ലാം അറിഞ്ഞിരുന്നുകൊണ്ട് എങ്ങനെ ചോദിക്കും! ചോദിച്ചിട്ടു കിട്ടാതെവരുമ്പോൾ അതൊരു വിഷമം. തരമൊന്നാകാതെവരുമ്പോൾ അവരുടെ അസ്വസ്ഥത. ഇളയ അളിയന്റെ പുരപണിക്ക് നല്ലൊരു സംഖ്യ തകർത്തിട്ടുണ്ട്. പോരാഞ്ഞിട്ട്, അനുജത്തിപ്പെണ്ണിന്റെ കല്യാണച്ചെലവും. ആകെക്കൂടി അവരൊന്നു കുഴഞ്ഞുനില്ക്കുകയാണ്. ഇതൊന്നുമല്ലെങ്കിൽത്തന്നെ ബന്ധുവീട്ടുകാരോട് കടംകൊള്ളുന്നതു്, ചിതമാണോ?

ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും ആഭരണങ്ങൾ വല്ല ബാങ്കിലും കൊണ്ടു പണയം വച്ചാലോ—? പണത്തിനു പലിശ കൊടുക്കുന്ന നഷ്ടം സാരമില്ല. പക്ഷേ പുറത്തറിഞ്ഞാൽ കുറച്ചിലല്ലേ! "കുടുംബക്കാരു" വല്ലവരും പെണ്ണുങ്ങളുടെ കാതും കഴുത്തും പാർക്കുമോ!! ഒരു കൊല്ലമെങ്കിലും വേണ്ടിവരികയില്ലേ അതു തിരിയെ എടുപ്പിക്കാൻ? അതിനിടയ്ക്ക് ആഭരണങ്ങൾ മുഴുവനും എടുത്തണിയേണ്ട വല്ല പ്രശ്നവേളയും വന്നുപോയാൽ! ഭാര്യ പൊറുപ്പിക്കുമോ! നാനച്ചന്റെ സ്ഥിതിക്ക് "എരവല്" വാങ്ങാൻ നടക്കുന്നതു് ഭംഗിയാണോ?

പിന്നെ എന്താണൊരു പോംവഴി?

നാനച്ചൻ തലപുകഞ്ഞ് ആലോചിക്കയാണ്.

ഏതെങ്കിലുമൊരു പറമ്പോ നിലമോ ഈടുവച്ചാൽ പണം കൊടുക്കാൻ വല്ലവരും കണ്ടേക്കും. പക്ഷേ വസ്തു ഈടുവയ്ക്കുന്നതുപോയിട്ട് ഒരു പ്രോനോട്ടുപോലും എഴുതിക്കൊടുക്കാൻ നാനച്ചൻ തയാറായില്ല. അങ്ങനെയൊരു "കരണം" എഴുതിക്കൊടുത്തിട്ട് അദ്ദേഹത്തിനു പണം വേണ്ട. അതൊന്നും തറവാടിത്തത്തിനു പററിയതല്ലെന്നാണ് നാനച്ചന്റെ വിശ്വാസം. അദ്ദേഹത്തിന്റെ മതിപ്പിലും പിടിപ്പിലും വിശ്വസിച്ചു് ആരെങ്കിലും രൂപകൊടുക്കാൻ തയാറാവണം. അദ്ദേഹത്തിന്റെ വാക്കുതന്നെ വലിയൊരു "ഈടാ"യി അംഗീകരിച്ചുകൊള്ളണം. പററുന്ന പണത്തിന് ബാങ്കുപലിശ കൊടുത്തേക്കാം.

പക്ഷേ മാന്യമായ ഈ വ്യവസ്ഥയ്ക്കു് പണമുള്ളവരുടെ "സേഫ്" തുറപ്പിക്കുവാൻ കഴിഞ്ഞില്ല!

എന്തായാലും ആയിരം രൂപ ഉണ്ടായേ പററൂ. ആവശ്യം അത്ര ഗൗരവമേറിയതാണ്. രണ്ടായിരം രൂപയുടെ ലാഭമാണ് അതുമൂലം കൈവരാനിരിക്കുന്നതു്. പണം രൊക്കത്തിൽ ഉണ്ടാവുകയുംവേണം. നാളെത്തന്നെ കിട്ടിയാൽ അത്രയ്ക്കു നന്ന്. ഒട്ടും താളത്തിവിട്ടുകൂടാ. പലരും അതിൽ കണ്ണുവച്ചിട്ടുണ്ട്. നീട്ടിക്കൊണ്ടുപോയാൽ ആരെങ്കിലും ചാടി മീതെ വീഴും. അതിനുമുമ്പ് കൈവശപ്പെടുത്തിയാൽ മിടുക്കനായിരിക്കും.

വ്യവസ്ഥകളെല്ലാം പറഞ്ഞു സമ്മതിച്ചിരിക്കയാണ്. പണം കൊടുക്കാൻ താമസമേയുള്ളൂ. നാനച്ചന്റെ ഒരു വാക്കിൽ തൂങ്ങിനില്ക്കയാണ്. അതു തെററിയാൽ ആകെ തെററും. നാനച്ചന്റെ "മാനാങ്കാണി" ജലരേഖപോലാകും. എന്തായാലും അങ്ങനെ വരുത്തിക്കൂടാ. വന്നുംകൂടാ.

ഇത്രയ്ക്ക് അനുകൂലമായ വ്യവസ്ഥകളിൽ ഒരു കരാർ സമ്മതിപ്പിക്കുവാൻ ഇക്കാലത്തു നന്നെ പ്രയാസമാണ്. ഒരു മങ്കണര അത്രടമൊന്നും സമ്മതിച്ചുതരികയില്ല. ആവശ്യങ്ങൾവന്ന് പിടലിക്കു കേറിയിരുന്ന് ഞെരുക്കിയിരുന്നില്ലെങ്കിൽ അയാളും അതിനു വഴങ്ങുകില്ലായിരുന്നു. ആയിരംരൂപയ്ക്കു നടപ്പുപണയം. പന്ത്രണ്ടുകൊല്ലത്തെ കാലാവധി. ഫേണ്ഡുകൾക്കും ഈടുമാടുകൾക്കുമുള്ള സ്വാതന്ത്ര്യവും.

ഇന്ന മാർക്കററിൽവച്ച് വില പേശാൻ വിട്ടുകൊടുത്തിരുന്നെങ്കിൽ കഥ ഇതൊന്നുമായിരുന്നില്ല. നാനച്ചന്റെ പിടിയിൽനില്ക്കാതെ വസ്തുവിന്റെ വില കുതറിക്കുതിച്ചേനെ. പക്ഷേ അതിലേക്കുള്ള പ്രേരണയുടെ പഴുതുകളെല്ലാം നാനച്ചൻ നേരത്തെ അടച്ചുകളഞ്ഞു. നാനച്ചന്റെ കുടുംബത്തോട്, ശുദ്ധഗതിക്കാരനായ ആ ഗ്രാമീണനുണ്ടായിരുന്ന പൂർവ്വകാലമമതാബന്ധത്തിന്റെ തടങ്കൽപ്പാളയത്തിൽ പിടിച്ചുനിർത്തി അദ്ദേഹം വേണ്ടുംപടിയെല്ലാം സമ്മതംമൂളിക്കുകയും ചെയ്തുകഴിഞ്ഞു.

സ്വന്തം അനുജനാണ്, കാര്യമൊക്കെ കൊള്ളാം, പക്ഷേ വാവച്ചനെപ്പോലും ഇതു് അറിയിക്കാൻ പാടില്ലാത്തതാണ്. ഒരുവേള അവന്റെപക്കൽ രൂപ കണ്ടേക്കും. സംഗതി അറിഞ്ഞുപിടിച്ചുവരുമ്പോൾ അവനും അതിൽ മോഹംതോന്നാൻ പാടില്ലായ്കയില്ല. ചേട്ടൻ വാക്കുപറഞ്ഞുറപ്പിച്ചുവച്ചിരിക്കുന്നതാണെന്നുള്ള വിവേകമൊന്നും അപ്പോഴുദിച്ചെന്നുവരില്ല. ആദായവിലയ്ക്കു വസ്തു കൈവശംകിട്ടിയാൽ അവനുണ്ടോ കയ്ക്കു! മണ്ണാശതിന്ന മനുഷ്യൻ കാണുമോ?

നാനച്ചൻ പലവട്ടം മുറുക്കിത്തുപ്പി. കുററിമീശ തെരുപ്പിടിച്ചു. നെററിമേൽ അമർത്തിത്തടകി. കൈവിരൽ മടക്കി കവിളത്തൂന്നി ചുണ്ടു കോട്ടിയപാടേ ഇരുന്നു. ചക്രവാളച്ചുവരിൽനിന്നെന്തോ കണ്ടെടുക്കാനെന്നപോലെ കണ്ണുകൾ അകലെ സഞ്ചരിച്ചുകൊണ്ടിരുന്നു.

കിട്ടിപ്പോയി, പണം കായ്ക്കുന്ന "പഗോഡാമരം"!!

നാനച്ചന്റെ കനിഷ്ഠസഹോദരൻ ഫാ. ജോസഫ് പട്ടമേററിട്ട് ഇപ്പോൾ ഏഴുകൊല്ലം കഴിഞ്ഞു. പുത്തൻകുർബാന ചൊല്ലിയ കൊല്ലംതന്നെ "അസ്സേന്തി"യായി അദ്ദേഹത്തിനു നിയമനം കിട്ടി. അതും നല്ല വരുമാനമുള്ള ഒരു ഫൊറോനാപ്പള്ളിയിലേക്ക്. ഇടവകക്കാർക്കൊക്കെ അവരുടെ "അസ്സേന്തി"യച്ചനെ വലിയ കാര്യമാണ്. വികാരിയച്ചനും നല്ല മതിപ്പും തൃപ്തിയുമാണ്. ഒന്നുരണ്ടു് സ്ഥലംമാററക്കല്പനകളുണ്ടായിട്ടും ഇടവകപ്രമാണികൾ പിതാവിന്റെ പക്കൽ സങ്കടംബോധിപ്പിച്ച് ആ കല്പന റദ്ദ്ചെയ്യിക്കുകയാണുണ്ടായതു്.

പണം വാരിക്കൂട്ടുകയാണെന്നാണ് ജനസംസാരം. എല്ലാം ബാങ്കിൽ നിക്ഷേപിക്കയായിരിക്കണം. സ്വന്തം ചെലവാണെങ്കിൽ തീരെ തുച്ഛമാണ്. സാധാരണക്കാരന്റേതിൽ സാധാരണമായ ലളിതജീവിതം. ആ സ്ഥിതിക്ക് നല്ലൊരു സംഖ്യ ബാങ്കിൽ കാണണം. കാണാതെവരാൻ വഴിയില്ല.

വീട്ടിലേക്കാണെങ്കിൽ ഇന്നുവരെ ഒരു പൈപോലും തന്നിട്ടില്ല. പണം ചെലവാക്കാമായിരുന്ന പല സന്ദർഭങ്ങളും വീട്ടിലുണ്ടായി. പക്ഷേ അന്നേരമൊന്നും അദ്ദേഹം അനങ്ങിയില്ല. ആരുമൊന്നും ചോദിച്ചതുമില്ല.

പിന്നെ, ഏലിയാമ്മയുടെകാര്യം. നേരുപറഞ്ഞാൽ അവൾക്കങ്ങനെ അന്ന്, ആങ്ങളമാരോടൊന്നും ആലോചിക്കാതെ അച്ചനെ ചെന്നു കാണേണ്ടകാര്യമില്ലായിരുന്നു. അഥവാ കാണാൻ ചെന്നാലും മറെറാന്നും ചോദിക്കേണ്ടതില്ലായിരുന്നു. മനസ്സറിഞ്ഞുകൊടുത്തെങ്കിൽ മേടിച്ചാൽ പോരായിരുന്നോ! തോക്കിൽകേറി അവളെന്തിനു വെടിവച്ചു? അവൾ കൊണ്ടുചെന്ന പ്ലാക്കേക്കും ഹൽവയുമൊക്കെക്കൊണ്ട് അച്ചനെ മോഴ്പൂട്ടാമെന്നാണവൾ കരുതിയതു്. അവളുടെ അത്യാഗ്രഹമല്ലേ അതു്? അവളുടെ കല്യാണം കഴിഞ്ഞിട്ട് ഒരു കൊല്ലം തികഞ്ഞില്ല. പത്തിരുപതുപവന്റെ ആഭരണങ്ങൾ അവൾക്ക് നാനച്ചൻ പണിയിച്ചുകൊടുത്തതാണ്. മാലയാണെങ്കിൽ നാലഞ്ചുണ്ട്, തരാതരത്തിൽ. അവയുടെ പുതുമപോലും മായാറായിട്ടില്ല. എന്നിട്ട് ഏലിയാമ്മ കണ്ണിൽ പിടിപ്പതു പലഹാരങ്ങളും കെട്ടിച്ചുമപ്പിച്ച് ഭർത്താവുമൊന്നിച്ച് ആങ്ങളയച്ചനെ കാണാൻചെന്നിരിക്കുന്നു! പെണ്ണുങ്ങൾക്ക് പൊന്നാശയ്ക്കും ഒരതിരുവേണ്ടേ?

അച്ചൻ അവളോട് അങ്ങനെതന്നെ പെരുമാറിയതു നന്നായി. പൊൻമാലമോഹിച്ചു ചെന്നവൾക്ക് ഒരു ജപമാലമാത്രം കൊടുത്തുവിട്ടതു്. അവൾ ആങ്ങളയോടു കെറുവിച്ചായിരിക്കും പോന്നതു്. അതും നന്നായി. ഏലിയാമ്മയും അച്ചനുമായി മനസ്സുകൊണ്ട് അകന്നുനില്ക്കുന്നതാണ് നാനച്ചനുംമററും നല്ലതു്. അല്ലെങ്കിൽ, കണ്ടകാഴ്ചകളുമായി കൂടെക്കൂടെച്ചെന്ന് "ജാട" പറഞ്ഞ് ഉഴറുന്നതു് അവൾ തട്ടിക്കൊണ്ടുപൊയ്ക്കളയും. പെണ്ണുങ്ങൾക്ക് കൊടുക്കരുതെന്ന് വിലക്കാമോ! പക്ഷേ പുത്തരിയിൽത്തന്നെ കല്ലുകടി ഏററതുകൊണ്ട് ഏലിയാമ്മ മേലാൽ അച്ചനെ ബുദ്ധിമുട്ടിക്കാൻ പോകാനിടയില്ല. എങ്കിലും അക്കൂട്ടത്തന്നെ മറെറാന്നു പറയാതിരിക്കാൻ വയ്യ. പലഹാരം ചുമന്നുകൊണ്ടുചെന്ന വേലക്കാരന് അച്ചൻ ഒരു കണക്കും "കമ്മതി"യും കൂടാതെ ചുമ്മാ പത്തുരൂപാ എടുത്തുകൊടുത്തുകളഞ്ഞെന്നു കേട്ടു!! അതുമാത്രം വേണ്ടായിരുന്നു. അവനൊരു രണ്ടുരൂപ കൊടുത്താൽ പോരായിരുന്നോ! അച്ചനിങ്ങനെ ഇമ്പും രൂപവുമില്ലാതെ രൂപ കണ്ടമാനം ചെലവാക്കിക്കളഞ്ഞാലോ! പോരായാലാക്കപ്പോകും? കുടുംബത്തിനല്ലേ അതുകൊണ്ടുള്ള നഷ്ടമൊക്കെ? വേലക്കാർക്കുംമററും പണംകൊടുക്കുന്നതിൽ ഇത്രയൊന്നും കൈയയച്ചുവിടാൻ പാടില്ല. കുറേക്കൂടി പിടിത്തം വേണമെന്ന് അദ്ദേഹത്തോടൊന്നു പറയണം. പറയേണ്ടതു പറയേണ്ട സമയത്തു് പറഞ്ഞ് നേരത്തെതന്നെ കാര്യങ്ങൾക്ക് ഒരു നിയന്ത്രണം വരുത്തിയില്ലെങ്കിൽ അതിന്റെയൊക്കെ ഫലം അനുഭവിക്കേണ്ടിവരുന്നതു് അവരല്ലേ! കാര്യം പറയുമ്പോൾ എല്ലാം പറയണ്ടേ. പരമാർത്ഥം പറഞ്ഞാൽ അച്ചനു് അല്പം ധാരാളിത്തമുണ്ട്. സ്വന്തം ചെലവുകളില്ല കണ്ടവർക്കു കൊടുക്കുന്നകാര്യത്തിൽ ഒരു "എച്ചും പിച്ചും" ഇല്ല. കൈയിൽ കിട്ടുന്നതെന്താണോ അതങ്ങു വാരിക്കൊടുത്തേക്കും. അതൊരു പിടിപ്പില്ലായ്മ തന്നെയല്ലേ? സ്വന്തം അനുജനാണെന്നുവച്ച് ഉള്ളകാര്യം പറയാതിരിക്കുവാൻ പററുമോ! ഏലിയാമ്മ പണിപ്പെട്ടുണ്ടാക്കിക്കൊണ്ടുചെന്ന പലഹാരങ്ങളുടെ കാര്യംതന്നെ എടുത്തുനോക്കിയാൽ മതിയല്ലോ. ഒന്നാന്തരം കേക്കും ഹൽവയുമൊക്കെ, എങ്ങിനെപിന്നാകെടുത്തുകൊടുക്കുമ്പോലെ, ചുമ്മാ പിച്ചക്കാർക്കു വാരിക്കൊടുക്കുകയല്ലേ അദ്ദേഹം ചെയ്തതു്. അദ്ദേഹത്തിനു വേണ്ടായിരുന്നെങ്കിൽ, "താരാപൂരം" കളയാതെ ഒരാൾവശം വീട്ടിലേക്കു കൊടുത്തയച്ചേക്കുകയെങ്കിലും ചെയ്യാമായിരുന്നല്ലോ. പക്ഷേ അതൊന്നും അദ്ദേഹം ചെയ്തില്ല. അതാണ് അദ്ദേഹത്തിനു ചില നോട്ടക്കുറവുകളുണ്ടെന്നു് നാനച്ചൻ പറയുന്നതു്.

ഇതൊക്കെയാണെങ്കിലും അച്ചന്റെപക്കൽ നല്ലൊരു തുക സമ്പാദ്യം കാണും. നാനച്ചൻ ആവശ്യപ്പെട്ടാൽ അഞ്ഞൂറുരൂപ അദ്ദേഹം കൊടുക്കാതിരിക്കുകയുമില്ല.


പക്ഷേ ഔസേപ്പച്ചന്റെ കാര്യമായതുകൊണ്ട് ഒന്നും തീർച്ചപ്പെടുത്താൻ വയ്യ. വാവച്ചൻ വലിയ പ്രതീക്ഷയോടെ ഗേററുപണിയാൻ "പത്തുനാനൂറു" രൂപ ചോദിച്ചിട്ടു് അദ്ദേഹം എന്താണ് പറഞ്ഞതു്? ഏലിയാമ്മയ്ക്ക് അത്രടംചെന്നിട്ട് ഒരു കൊന്തയെങ്കിലും കിട്ടി. വാവച്ചനോ? ലളിതജീവിതത്തെ പുരസ്കരിച്ചു കുറെ ഉപദേശങ്ങൾമാത്രം! "നിനക്ക് നാനൂറുരൂപ ചെലവാക്കി വീടിനൊരു ഗേററു പണിയാഞ്ഞിട്ട്. നാലുരൂപ മുടക്കി കൂരയൊന്നു കെട്ടിക്കിടക്കാൻ ഗതിയില്ലാത്തവരുടെ കാര്യമോ?" രൂപയ്ക്കു നിർബന്ധം കൂടിയപ്പോൾ അച്ചൻ അനുജനോടു ചോദിച്ചതാണ്. അതിലവൻ മടങ്ങി. മടങ്ങാതെ തരമുണ്ടോ!

പക്ഷേ ഏലിയാമ്മയ്ക്കും വാവച്ചനും നേരിട്ട അനുഭവം നാനച്ചനു വരികയില്ല. ഒന്നാമതു് തലമൂത്ത ജ്യേഷ്ഠൻ ആദ്യമായി ഒട്ടാകെ സംഗതി ആവശ്യപ്പെടുമ്പോൾ അദ്ദേഹമങ്ങനെ തീരെ പൊരുക്കാതിരിക്കുകയില്ല. പിന്നെ ആവശ്യങ്ങൾക്കുമില്ലേ അന്തരം? അവർ രണ്ടുപേരും എന്തിനാണ് രൂപ ആവശ്യപ്പെട്ടതു്? വെറും അലങ്കാരത്തിനും ഭംഗിക്കും വേണ്ടിയല്ലേ! നാനച്ചന്റെ ആവശ്യം അത്തരത്തിൽപെട്ടതല്ലല്ലോ. തെങ്ങിനും കമുകിനും ഒരേ തളപ്പു കെട്ടിയാൽ പോരല്ലോ. അതുകൊണ്ടു് ആവശ്യം ബോധ്യപ്പെടുമ്പോൾ അച്ചൻ നാനച്ചന്റെമേൽ കനിയാതിരിക്കയില്ല.

രണ്ടുംകല്പിച്ച് നാനച്ചൻ ഇറങ്ങിത്തിരിച്ചു.

നാനച്ചൻ ഉച്ചയോടുകൂടി പള്ളിമേടയിൽ എത്തി. ഫാ. ജോസഫ് ഏതാനും ജ്ഞാനസ്നാനാർത്ഥികൾക്കു മതോപദേശം നൽകിക്കൊണ്ടിരിക്കയായിരുന്നു. ഏറെനാൾ കൂടിയിരുന്നു്, ജ്യേഷ്ഠസഹോദരനെ കണ്ടപ്പോൾ ഫാ. ജോസഫ് ഒരു ശിശുവിനെപ്പോലെ ഓടിച്ചെന്നു് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു.

സന്ദർശകരെ പിരിച്ചയച്ചശേഷം ആ സഹോദരന്മാർ ഏകയാ



അമേരിക്കയിലെ ഫോർഡാം സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ, വി. ഫ്രാൻസീസ് സേവ്യറിന്റെ 4-ാം ചരമശതാബ്ദം ആഘോഷിച്ചപ്പോൾ "ഡോക്ടർ ഓഫ് ലോസ്" എന്ന ബഹുമതിബിരുദം ലഭിച്ച മേരിനോൾ മിഷൻ ശ്രേഷ്ഠൻ ബിഷപ്പ് ലേയിൻ തിരുമേനിക്കു ന്യൂയോർക്കുമെത്രാപ്പോലീത്താ കർഡിനൽ സ്പെൽമൻ ഹസ്തദാനം ചെയ്യുന്നു. ഇടതുവശത്തു നില്ക്കുന്നതു സർവ്വകലാശാലാ പ്രസിഡന്റ് ഫാദർ ലോറൻസ് ജെ. മാക്ഗിൻലി എസ്. ജെ. ആണ്.

ഏഷ്യാററിക് മർക്കൈൻറയിൽ ബാങ്ക് ലിമിററഡ്

H. O. കൊച്ചി. ബ്രാഞ്ചുകൾ: എറണാകുളം & തൃശ്ശൂർ

തിരു-കൊച്ചി ഗവമ്മെൻറിൽനിന്നു സിദ്ധിച്ച 4-9-'53-ലെ L. Dis 5956/53 R. D. ഉത്തരവുപ്രകാരം തുടങ്ങുന്ന

## പുതിയ മാസക്കുറി

56 നമ്പ്ര്. നമ്പ്ര് 1-ൽ 2നറുക്ക്. നറുക്ക് 1ക്ക് 100ക. ആകെ സല. 11200ക. ഒരു നറുക്ക് എടുക്കലും ഒരു നറുക്ക് ലേലവും—മററു നിശ്ചയങ്ങളോടുകൂടി ബാങ്കിന്റെ കൊച്ചി ബ്രാഞ്ചിൽനിന്നും 3—12—1953-ൽ (18—4—1129-ൽ) ഒരു പുതിയ മാസക്കുറി തുടങ്ങുന്നതാകുന്നു. കൂടുതൽ വിവരങ്ങൾക്കു ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ ആവശ്യപ്പെടുക.

കൊച്ചി 10-9-'53 | എ. എൽ. ശ്രീധരശേണായി, ചെയർമൻ ഓഫ് ദി ബോർഡ് ഓഫ് ഡയറക്ടേഴ്സ്

സഹൃദയമായ സംഭാഷണത്തിൽ മുഴുകി. വീട്ടുവിശേഷങ്ങൾ, നാട്ടുവർത്തമാനങ്ങൾ, ഏലിയാമ്മയുടെ കാര്യം അങ്ങനെ പലതിനെക്കുറിച്ചും അവർ സംസാരിച്ചു. പറഞ്ഞിട്ടും കേട്ടിട്ടും മതിവരാത്ത വിശേഷങ്ങൾ!!

ഉച്ചയൂണുകഴിഞ്ഞു.

"ചേട്ടനൊന്നു മയങ്ങുന്നോ?"

"ഇല്ല. എനിക്കു് ഒന്നരയ്ക്കുള്ള എക്സ്പ്രസ്സിനു മടങ്ങിപ്പോകണം. അതിനുമുമ്പു് ഒരു കാര്യം കൂടി പറഞ്ഞുതീർത്തിട്ടു പോയാൽ കൊള്ളാമെന്നുണ്ടു്."

നാനച്ചൻെറ ആഗമനോദ്ദേശം അദ്ദേഹം സഹോദരനെ വിവരിച്ചുകേൾപ്പിച്ചു. ഫാ. ജോസഫ് എല്ലാം മൂളിക്കേട്ടു ഒടുവിൽ പറഞ്ഞു

"ചേട്ടാ, എൻെറ സ്വന്തം ചെലവുകൾക്കുതന്നെ പണം തികയാതെ ഞാൻ വിഷമിക്കയാണല്ലോ. പത്രമേനിയുടെ ആദായത്തിൽനിന്നുതന്നെ ഒരുഭാഗം ചോദിക്കണമെന്നു വിചാരിച്ചിരിക്കയായിരുന്നു. ഉള്ളതു പറഞ്ഞാൽ ഞാൻ നല്ലൊരു സംഖ്യ കടത്തിലാണു്."

കുറേനേരത്തേക്കു് നാനച്ചൻ ഒന്നും പറഞ്ഞില്ല പിന്നെ സുഖകരമല്ലാത്ത ഒരു സ്വരത്തിൽ അദ്ദേഹം ചോദിച്ചു.

"അച്ചനു്, എടുക്കാമ്പാടില്ലാത്തപോലെ ഇത്രവലിയ പ്രാരബ്ധം? അല്ല അറിയാഞ്ഞു ചോദിക്കയാ."

"എൻെറ പ്രാരബ്ധമോ! ഒരു വൈദികനടുത്ത പ്രാരബ്ധങ്ങളേയുള്ളു." ഫാ. ജോസഫ ഒരു പുഞ്ചിരിയോടെ പറഞ്ഞു

"പിന്നെ ഇത്രവലിയ കടക്കാരനായതു്?"

"അതറിയാൻ ചേട്ടൻ ഇത്ര താല്പര്യം കാണിക്കുന്നതുകൊണ്ടു പറയാം. ഒന്നുരണ്ടു് അനാഥകുടുംബങ്ങളുടെ സംരക്ഷണം ഞാൻ ഏറ്റെടുത്തിരിക്കയാണു്. നാലഞ്ചു് അനാഥബാലന്മാരുടെ വിദ്യാഭ്യാസവും."

"കാര്യമതൊക്കെക്കൊള്ളാം. പക്ഷേ വരുമാനത്തിൻെറ തോതനുസരിച്ചുപോരേ അത്തരം കാര്യങ്ങളൊക്കെ?" അതൊന്നും അത്ര ബുദ്ധിപൂർവ്വമല്ലെന്നുള്ള മട്ടിൽ നാനച്ചൻ പറഞ്ഞു.

"എല്ലാം ദൈവം നടത്തിത്തരുമെന്ന ശരണത്തിൽ മുമ്പോട്ടു പോവുകയാണു്. നല്ല നിയോഗത്തോടുകൂടി നല്ല കാര്യങ്ങൾക്കായി നാം പ്രവർത്തിക്കുമ്പോൾ ദൈവസഹായമില്ലാതെ വരുമോ?"

"അപ്പോൾ അച്ചൻ ഞങ്ങളുടെ കാര്യങ്ങളൊക്കെ തീരെ ഉപേക്ഷിച്ചിരിക്കയാണില്ലേ?" പരിഭവവും നീരസവും കലർന്ന സ്വരത്തിൽ നാനച്ചൻ ചോദിച്ചു.

"ചേട്ടൻ അങ്ങനെ ചോദിച്ചതിൽ ഞാൻ വ്യസനിക്കുന്നു. അതുവട്ടെ, ഞാനൊരു നല്ല വൈദികനായി കാണുവാൻ നിങ്ങളെല്ലാവരും ആഗ്രഹിക്കുന്നില്ലേ?"

"എല്ലാനേരവും അതല്ലേ ഞങ്ങൾക്കു പ്രാർത്ഥനയുള്ളു!"

"എന്നാൽ ഒരു നല്ല വൈദികനായിത്തീരുവാൻ നിങ്ങളെന്നെ സഹായിക്കുകൂടെ ചെയ്യണം."

"അതിനു ഞങ്ങളെന്തുവേണമെന്നാ, അച്ചൻ പറയുന്നതു്?"

"ഒന്നാമതു നിങ്ങളുടെ പ്രാർത്ഥനയും ആശീസ്സുകളും തന്നെ. പിന്നെ എൻെറ ഭൗതികനേട്ടങ്ങളിൽ നിങ്ങൾ വലിയ ആശ വയ്ക്കരുതു്. ഭൗതികമായി എനിക്കെന്തെങ്കിലുമുണ്ടെങ്കിൽ അതെല്ലാം വിററു് ആദ്ധ്യാത്മികമായി വല്ലതും സമ്പാദിക്കാൻ സാധിക്കുമോയെന്നു് പരീക്ഷിക്കയാണു ഞാൻ. അങ്ങനെ ആത്മീയമായി ചെറിയൊരു മുതൽക്കൂട്ടെങ്കിലും എനിക്കു സ്വരൂപിക്കാൻ സാധിച്ചാൽ അതിൻെറ മുന്തിയ പങ്കു് എൻെറ സഹോദരന്മാർക്കും കുടുംബാംഗങ്ങൾക്കുമായി ഞാൻ നീക്കിവയ്ക്കുന്നതുമായിരിക്കും."

ആ സഹോദരന്മാർ യാത്രപറഞ്ഞു പിരിഞ്ഞു. പക്ഷേ വന്ന മുഖത്തോടെയല്ല നാനച്ചൻ സ്വസഹോദരൻെറ മുറിയിൽനിന്നിറങ്ങിപ്പോയതെന്നു തോന്നുന്നു.

പിറേറന്നുതന്നെ ഫാ. ജോസഫ് മാത്തുച്ചേട്ടനു് ഒരു കത്തിട്ടു. കത്തു് കിട്ടിയ ഉടനെ ആ പരാധീനൻ അച്ചൻെറ അടുക്കലേക്കു തിരിച്ചു

നേരം എരിഞ്ഞടങ്ങാറായി മാത്തുച്ചേട്ടൻ അവിടെയെത്തിയപ്പോൾ. അച്ചൻ സ്ഥലത്തില്ല അയാൾ അക്ഷമതയോടെ ഗേററുങ്കൽപോയി നിലയായി.

കുറേ ദരിദ്രഭവനങ്ങൾ സന്ദർശിച്ചശേഷം "കർത്രുമണി" അടിക്കുംമുമ്പേ ഫാ. ജോസഫ തിരിച്ചെത്തി. മാത്തുച്ചേട്ടനെ കണ്ടു കുശലപ്രശ്നങ്ങൾ കഴിഞ്ഞു വേലക്കാരൻ കാപ്പി കൊണ്ടുവന്നു. മാത്തുച്ചേട്ടനുവേണ്ടി, ഫാ. ജോസഫ, അന്നത്തെ അദ്ദേഹത്തിൻെറ കാപ്പികുടി വേണ്ടെന്നുവച്ചു.

കുളിയും പ്രാർത്ഥനയും കഴിഞ്ഞു് അവർ ഒരുമിച്ചിരുന്നു് അത്താഴം ഉണ്ടു.

പിന്നെ, നീണ്ടുനീണ്ടുപോയ ഒരു സംഭാഷണത്തിലേക്കിറങ്ങി അവർ. മാത്തുച്ചേട്ടൻ പറയുകയും അച്ചൻ കേൾക്കുകയും.

ഫാ. ജോസഫ്, തൻെറ കുടുംബസ്നേഹിതനെ താല്പര്യപൂർവ്വം ശ്രദ്ധിക്കയായിരുന്നു. മാത്തുച്ചേട്ടൻ വല്ലാതെ ആളുമാറിപ്പോയിരിക്കുന്നു. ആ നർമ്മബോധവും ഉല്ലാസഭാവവുമെല്ലാം പറപറന്നുപോയി. മുഖത്തു് പ്രാരബ്ധത്തിൻെറ ഉഴവുചാലുകൾ എമ്പാടും വീണിരിക്കുന്നു. ജീവിതസമരത്തിൽ പരുക്കേററ ഒരു പടയാളിയുടെ ദൈന്യമാണു് ആ മുഖത്തു നിഴലിക്കുന്നതു്. എപ്പോഴും എണ്ണ കനിഞ്ഞുവരുമ്പോലിരുന്ന ആ ശരീരം ഇന്നു മൊരിപിടിച്ചിരിക്കയാണു്. ഹൃദയാലുക്കളോടു് ആ മനുഷ്യക്കോലം നിശ്ശബ്ദമായി പലതും പറയുന്നുണ്ടായിരുന്നു.

മാത്തുച്ചേട്ടൻെറ പഴയകാലങ്ങൾ ആ വൈദികസ്നേഹിതൻെറ സ്മരണയിലുണർന്നു. മാത്തുച്ചേട്ടനെപ്പോലെ വിരുതനായ ഒരു എണ്ണകാച്ചുകാരനെ അദ്ദേഹം കണ്ടിട്ടില്ല. അച്ചൻെറ അപ്പനുണ്ടായിരുന്ന കാലത്തു, ഒരു നേരത്തെ ആഹാരം എന്നും അയാൾക്കു് അവിടെയായിരിക്കും. മിക്കദിവസവും എണ്ണയോ കുഴമ്പോ തയാറാക്കുന്ന ജോലിയുമുണ്ടായിരിക്കും. ഏതുതരം എണ്ണയുടെയും മരുന്നുകളും പാകങ്ങളും അയാൾക്കു നല്ല തിട്ടമാണു്. ഭേദപ്പെട്ട മിക്ക വീടുകളിലും എണ്ണയും കുഴമ്പും തയാറാക്കാൻ മാത്തുച്ചേട്ടനെയാണു വിളിക്കുക. പക്ഷേ ഇന്നു് മാത്തുച്ചേട്ടനെ വല്ലവരും എണ്ണകാച്ചാൻ വിളിക്കുന്നുണ്ടോ ആവോ! ഒരുവേള മിക്കവരും വൈദ്യശാലകളിൽനിന്നു വാങ്ങുകയായിരിക്കാം. വീട്ടിലും അങ്ങനെയായിരിക്കണം.

ഫാ. ജോസഫിനു്, ക്ലേശമനുഭവിക്കുന്ന ആ സഹോദരൻെറമേൽ അതിരററ അനുകമ്പതോന്നി. മാത്തുച്ചേട്ടൻ പറയുന്നതോരോന്നും അദ്ദേഹം അനുഭാവപൂർവ്വം ശ്രദ്ധിച്ചു.

മാത്തുച്ചേട്ടൻെറ ഇളയമകൾ മാമ്മി കെട്ടുപ്രായം കവിഞ്ഞുനില്ക്കയാണു്. പലേടത്തും കല്യാണംപറഞ്ഞു. സ്ത്രീധനത്തിൻെറ കാര്യത്തിൽവച്ചു എല്ലാം തെററിപ്പിരിഞ്ഞു. ഒടുക്കം കടവെച്ചൂരനിന്നു് ഒരാലോചനവന്നു. മൂന്നൂറുരൂപയും അഞ്ചുപവൻെറ ആഭരണങ്ങളും കൊടുത്താൽമതി. നല്ല തറവാട്ടുകാരാണു്. ഒരു ചെക്കനേയുള്ളു. കഷ്ടിച്ചു കഴിഞ്ഞുകൂടാനുള്ള കൊറുപാടുണ്ടു്. അവരുടെ നിലയ്ക്കു് ഒരഞ്ഞൂറുരൂപ സ്ത്രീധനം കിട്ടാൻ വിഷമമില്ല. എങ്കിലും പെൺകുട്ടിയെ അവർക്കു ബോധിച്ചു. അതുകൊണ്ടു മുന്നൂറിനു സമ്മതിച്ചതാണു്. പക്ഷെ പണം റൊക്കംകിട്ടണം "മനസ്സമ്മൽ" കഴിഞ്ഞിരിക്കയാണു്. പണംകൊടുത്താലുടൻ വിളിച്ചുചൊല്ലാം. മൂന്നു വിളിച്ചുചൊല്ലി കല്യാണവും നടത്താം. സമയത്തിനു പണംകൊടുത്തില്ലെങ്കിൽ ആ കല്യാണവും മാറിപ്പോയേക്കും. ഇത്രത്തോളമൊക്കെ ഒത്തുപിടിച്ചതു മാറിപ്പോയാൽ മറെറാന്നു് ഇണങ്ങിക്കൂടിവരാൻ എന്തുപാടുണ്ടു്! മാത്തുച്ചേട്ടനാണെങ്കിൽ അങ്ങനെ തിരക്കിനടന്നു തേടിപ്പിടിക്കാനുള്ള വശമൊട്ടില്ലതാനും. പോരെങ്കിൽ സുഖക്കേടുകാരനും. കറപ്പിൻെറ ഒരു പച്ചകൊണ്ടുമാത്രമാണു് ആൾ എണീററുനടക്കുന്നതുതന്നെ. ഇളയ ആൺകുഞ്ഞുങ്ങൾ രണ്ടും പ്രായമായി വന്നാലേ അയാളുടെ കഷ്ടപ്പാടിനൊരറുതിയുണ്ടാകൂ. അതുവരെ അയാൾ ഇരിക്കുമോ! ദൈവത്തിനറിയാം. അതെങ്ങനെയും ദൈവം വരുത്തുമ്പോലെ വരട്ടെ. തല്ക്കാലം ഈ പെണ്ണിനെക്കൂടെയങ്ങു പറഞ്ഞുവിട്ടാൽ മാത്തുച്ചേട്ടൻെറ ഭാരമൊഴിയും. പട്ടിണിയാണെങ്കിലും അയാൾക്കു വല്ലയിടത്തും സമാധാനമായി വളഞ്ഞുകൂടിക്കിടക്കാം.

പിന്നെ, ആൺകുഞ്ഞുങ്ങളുടെ കാര്യം? അതിനെക്കുറിച്ചു് അങ്ങനെ ഉൽകണ്ഠിതനാകേണ്ട കാര്യമില്ല. വാ കീറിയ തമ്പുരാൻ ഇരയും കല്പിച്ചുകാണും. അല്ലെങ്കിൽ കൈയ്ക്കുകൈ പിടിച്ചു്, അവർ രണ്ടുംകൂടെ വഴിനീളെ നടന്നു് തെണ്ടിത്തിന്നുകൊള്ളും എത്ര വന്നാലും രണ്ടാൺകുഞ്ഞുങ്ങളല്ലേ. അവരുടെ കാര്യത്തിനു് എങ്ങനെയും സമാധാനമുണ്ടു്.

പക്ഷേ മാമ്മിക്കുഞ്ഞിൻെറ കാര്യമോർക്കുമ്പോഴാണു് മാത്തുച്ചേട്ടൻെറ ഉള്ളിൽ തീ വീഴുന്നതു!

ഒരഞ്ഞൂറുരൂപയുണ്ടെങ്കിൽ ആ കാര്യം നടക്കും. മൂത്തമകൾ തെറതിയുടെ കല്യാണത്തിനും മാറുമായി വാങ്ങിയ ഒരഞ്ഞൂറുരൂപ മുൻകടവുമുണ്ടു്. അതും ഇക്കൂട്ടത്തിൽ തീർത്തുകളയണമെന്നാണാഗ്രഹം. വസ്തു തീറുവാങ്ങാൻ പലരും തയാറുണ്ടു. പക്ഷേ തീറുവില്ക്കാൻ മാത്തുച്ചേട്ടനു് മനസ്സുകേടാണു്. കാരണവന്മാരായിട്ടു നേടിവച്ച നാഴിമണ്ണുള്ളതു്, തീറെഴുതി വിററു തുലച്ചുവച്ചിരുന്നാൽ, രണ്ടാൺതരിയുള്ളതു്. കണ്ടവരുടെ എറേക്കാട്ടിൽ പോയി കിടക്കേണ്ടിവരികില്ലേ! ആണിൻെറയും ആനിക്കുരുവിൻെറയും വിലയറിയാമോ. ദൈവം പ്രസാദിച്ചു് അതിലൊന്നു കണ്ണുതെളിഞ്ഞുവരാൻ പാടില്ലാത്തതല്ലല്ലൊ. അങ്ങനെ നാലുചക്രത്തിനെഴുവുണ്ടാകുകയാണെങ്കിൽ, കൈയിലിരുന്നതിൻെറ പിടി മുഴുവൻ വിട്ടുകളഞ്ഞേച്ചിരുന്നാൽ നാഴിമണ്ണു് പിന്നെ എവിടെ കിട്ടും! നടപ്പുപണയമായാൽ "ഒററിയർത്ഥം" കൊടുക്കുമ്പോൾ വസ്തു ഒഴിഞ്ഞുകിട്ടുമല്ലോ. കൂടിയാൽ ഫേണ്ടുവിലക്കൂടി കൊടുക്കണമായിരിക്കും. എന്നാലും "ജന്മാവകാശം" നഷ്ടപ്പെടുകയില്ലല്ലോ അതാണു് മാത്തുച്ചേട്ടൻ നാനച്ചനോടു് അങ്ങനെ വാക്കു പറഞ്ഞതു്.

ഫാ. ജോസഫ് കുറേനേരം എന്തോ ആലോചിച്ചുകൊണ്ടിരുന്നു. ഗാഢമായ ആലോചന. പിന്നെ എഴുന്നേററു് അകത്തെ മുറിയിലേക്കുപോയി. അദ്ദേഹം ബാങ്കുകണക്കെടുത്തുനോക്കി. ഇരുന്നൂറുരൂപയേ ബാങ്കിലുള്ളു. മേശവലിപ്പുകൾ മുഴുവൻ തപ്പിയിട്ടു് അൻപതു രൂപയോളം കിട്ടി. അസിസ്റ്റേന്തിയച്ചൻ നേരെ വികാരിയച്ചൻെറ മുറിയിലേക്കു നടന്നു. അവർ തമ്മിൽ എന്തോ കൂടിയാലോചനകൾ നടന്നു.

രാത്രിയിൽ നല്ല മെത്തപ്പായിൽ കിടന്നിട്ടും മാത്തുച്ചേട്ടനു് ഉറക്കംവന്നില്ല. നേരം പുലർന്നു. കുർബാനയും കാപ്പികുടിയും കഴിഞ്ഞു. മാത്തുച്ചേട്ടൻ പോകാനൊരുങ്ങി.

ഫാ. ജോസഫ് മുന്നൂററി അൻപതു രൂപ മാത്തുച്ചേട്ടനെ എണ്ണിയേല്പിച്ചു. ഒരുമാസത്തിനകം മാത്തുച്ചേട്ടനു് ആവശ്യമായിരിക്കുന്ന ആയിരംരൂപ തികച്ചുകൊടുക്കാമെന്നും ആ ദയാലു വാക്കുകൊടുത്തു അതിൽ എണ്ണൂറുരൂപ മാത്രം തിരിച്ചുകൊടുത്താൽമതി. അതും പലതവണകളായി. നാലുകൊല്ലത്തേക്കു് പലിശയൊന്നും വേണ്ട. അവിടംകഴിഞ്ഞാൽ ആറുശതമാനം പലിശവയ്ക്കും. കടം വേഗം തീർക്കാനുള്ള പ്രേരണയുണ്ടാകാൻവേണ്ടി മനഃപൂർവ്വം കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥയാണിതു്. ഇതെല്ലാം കാണിച്ചു് അടുത്തുതന്നെ പള്ളിക്കാര്യത്തിലേക്കു ഒരു ഈടാധാരം രജിസ്റ്റർചെയ്യണമെന്നുകൂടി അസിസ്റ്റേന്തിയച്ചൻ പറഞ്ഞു. മാത്തുച്ചേട്ടൻ എല്ലാം സമ്മതിച്ചു. അയാളുടെ കണ്ണുകളിൽ ആനന്ദാശ്രുക്കൾ നിറഞ്ഞു. എന്തെല്ലാമോ പറയാൻവേണ്ടി അയാൾ വെമ്പുന്നുണ്ടായിരുന്നു. പക്ഷേ ആ നിരുദ്ധകണ്ഠനു് ഒന്നും പറയാൻ കഴിഞ്ഞില്ല.

"അദ്ധ്വാനിക്കുകയും ഭാരം വഹിക്കുകയും ചെയ്യുന്ന അവശസഹോദരങ്ങളുടെ കണ്ണുനീർ തുടയ്ക്കുവാൻവേണ്ടി ജീവിക്കുന്ന ത്യാഗിവര്യാ, അങ്ങയെ മറെറാരു ക്രിസ്തുവായി ഞങ്ങൾ ആദരിക്കുന്നു."

മാത്തുച്ചേട്ടൻെറ ഹൃദയത്തിൽ നിറഞ്ഞുയന്ന വികാരങ്ങളുടെ ഭാഷയും ഭാഷ്യവും അതായിരുന്നു.

——

## ശുദ്ധീകരാത്മാക്കളുടെ വണക്കമാസം

നവീനരീതിയിൽ പരിഷ്കരിച്ച പതിപ്പ്

പരിഭാഷകൻ: റവ. ഫാ. വിക്ടറർ സി. ഡി.

വില 1ക. 6ണ. (കാലിക്കോ), 1ക 14ണ. (തുകൽ)

റവ. ഫാ. ആബേൽ എഴുതിയ "നമ്മുടെ ബലി", പൂക്കാലം. ന. ബലി സാധാരണ ബയൻറു് 1-നു് 4ണ. കാലിക്കോ 1-നു് 6ണ. പൂക്കാലം 1-നു് 3ണ.

കച്ചവടക്കാർക്കു് നല്ല കമ്മീഷൻ

ആവശ്യപ്പെടുക:

എസ്. എച്ച്. ബുക്ക്സ്റ്റാൾ, മാന്നാനം

സ്റ്റോക്കിസ്റ്റ്: മൂക്കന്നൂർ ഓർഫനേജ് ഡിപ്പോ, എറണാകുളം

ഞങ്ങളുടെ സ്ഥാപനത്തിൻെറ പേരു

## കാളൻ

എന്നുമാത്രമാണെന്നും, നാനാവിധ രോഗങ്ങളേയും സുപ്രസിദ്ധങ്ങളായ നിംബാസവം, ദ്രാക്ഷാരിഷ്ടം, ശാരിബാതൈലം എന്നി ഔഷധങ്ങളേയുംപററി പ്രതിപാദിക്കുന്നതും 500 പേജുള്ളതുമായ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൻെറ രണ്ടാംപതിപ്പിൻെറ അച്ചടി തുടങ്ങിയെന്നും, കത്തുമൂലമുള്ള ചികിത്സ നിർത്തൽചെയ്തിരിക്കുന്നതുകൊണ്ടു് മേലാൽ "രോഗവിവരക്കത്തുകൾ" അയക്കേണ്ട ആവശ്യമില്ലെന്നും, അനുകരണങ്ങളെ സൂക്ഷിക്കണമെന്നും താഴെ കാണുന്ന രണ്ടു വാക്കുമാത്രമേ ഞങ്ങളുടെ സ്ഥാപനത്തിലേക്കയക്കുന്ന കത്തുകളിലുംമററും വിലാസം എഴുതാവു എന്നും അറിയിച്ചുകൊള്ളുന്നു.

കാളൻ, നെല്ലായ।

## അനാഘ്രാത കുസുമം

(ഈശ്വരാർച്ചനയ്ക്കുള്ള പുഷ്പം മണക്കാൻ പാടില്ലെന്നുണ്ടു്. ഈശ്വരസേവയ്ക്കായി ആത്മാർപ്പണം ചെയ്തിട്ടുള്ള ജീവിതവും അതുകൊണ്ടു് അനാഘ്രാതകുസുമംതന്നെ.)

പുലരികളിർകാററിൽ
തണ്ടലഞ്ഞുണന്നു ഞാൻ;
അലയും സദാഗതി-
യെന്നെയും സ്പർശിച്ചായോ!
ഇല്ല, ഞാൻ തരിപ്പതു
മഞ്ഞുതുള്ളിയേററിട്ടാ-
ണല്ലാതെൻ മേനിതൊടാ-
നാക്കാനുമുണ്ടോ?
ഉണ്ടെൻെറ നാഥനങ്ങേ-
ക്കുന്നിൻെറ മുകളിലായു്
വിണ്ടലം വിളക്കിക്കൊ-
ണ്ടെൻ നോട്ടമങ്ങോട്ടത്രെ.
ആത്മശോഭയും സ്നേഹ-
മധുവും സുപ്രതീക്ഷാ-
ഗന്ധവുമങ്ങേക്കായി-
ട്ടകമേ സൂക്ഷിപ്പു ഞാൻ.
കൂരിരുൾക്കരിമ്പട-
ച്ചുരുളും ഭേദിച്ചെങ്ങാൻ
രാക്കുയിൽഗാനം വന്നെൻ
ചെവിയിലലയ്ക്കുമ്പോൾ
നീണ്ടരാത്രിയിലെത്ര-
യെന്മനം പിടഞ്ഞില!
പൂണ്ടാകെവിയപ്പെൻമെയ്
പാതിരാക്കുളിരിലും!!
പേടിയാണിരുട്ടിൻെറ
പ്രേമഗായകരെൻെറ
നാഥനായ് കാക്കും നിധി
തട്ടിച്ചെങ്കിലോയെന്നു്.

(ഫാദർ രുഫീനൂസ ടി. ഒ. സി. ഡി.)

(11-ാംപേജ് തുടർച്ച)

തം കഞ്ഞിയിൽ ചേർത്തു് കോരിക്കൊടുക്കണം. 5 ശതമാനം കാർബോളിക്കു് ലായനി നീരുള്ള ഭാഗത്തു് പുരട്ടണം. വേപ്പില വെന്തെടുത്തു് ഇതിനു് പകരം ഉപയോഗിക്കാം- (Neem Decoction). M. & B. 693, സാൽവേഴ്സൺ, ന്യൂയെ സാൽവേഴ്സൺ ഇവയും ഉള്ളിൽ കൊടുക്കുന്നതിനു് ഉപയുക്തമാണു്.

(F. C. Kunnappally,
Chirakadavoo)

ആദ്ധ്യാത്മികവീഥി (7)

# യഥാർത്ഥ സമാധാനമാർഗ്ഗം

ദൈവത്തിന്റെ വത്സലമക്കളേ,

ദൈവമക്കളെന്ന നിലയിൽ ഉത്തമക്രിസ്തീയജീവിതം നയിക്കുന്നെങ്കിൽ നിശ്ചയമായും നിത്യശിക്ഷയിൽ നിന്നൊഴിഞ്ഞു നിത്യസൗഭാഗ്യനികേതനമായ സ്വർഗ്ഗത്തിൽ ചെന്നു ചേരാമെന്നു് നാം കണ്ടുകഴിഞ്ഞു. ഈ വിശ്വാസം ഇഹത്തിൽവച്ചുതന്നെ നമ്മുടെ മനസ്സിനെ സന്തോഷംകൊണ്ടും സമാധാനംകൊണ്ടും നിറയ്ക്കുന്നതാണ്.

കരഞ്ഞുകൊണ്ടു ലോകത്തിലേക്കു പിറക്കുകയും വീണ്ടും കരഞ്ഞുകൊണ്ടുതന്നെ ലോകത്തെ വിട്ടുപിരിയുകയും ചെയ്യുന്ന മനുഷ്യൻ അതിനിടയ്ക്കു മാനസികവും കായികവുമായി അനേകക്ലേശങ്ങൾ സഹിക്കാതെ നിവൃത്തിയില്ല. എന്നാൽ ഈ കഷ്ടപ്പാടുകളുടെയെല്ലാം ഇടയ്ക്കു് ഇവയെല്ലാം പെട്ടെന്നു കഴിഞ്ഞുപോകുമെന്നും അതിനുശേഷം നമ്മുടെ പിതാവിന്റെ ഭവനത്തിൽ ചെന്നു നിത്യം പരമസുഖമായി കഴിക്കാമെന്നും ഉള്ള വിചാരം മാത്രമേ നമുക്കു കലർപ്പുകലരാത്ത യഥാർത്ഥാശ്വാസം നൽകുകയുള്ളു.

ചിലപ്പോൾ ദീർഘമായ യാത്രകഴിക്കുമ്പോൾ പലരാത്രി ഉറക്കമിളയ്ക്കുന്നതിനും ഹിതകരമല്ലാത്ത ഭക്ഷണം കഴിക്കുന്നതിനും മററു പലതരത്തിൽ ക്ലേശിക്കുന്നതിനും ഇടയാകാറുണ്ടല്ലോ. അപ്പോൾ നാം അതൊന്നും അത്ര കാര്യമായി കരുതാറില്ല. വീട്ടിൽ വന്നു് ആ ക്ഷീണമെല്ലാം രണ്ടുമൂന്നു ദിവസം സുഖമായി ഉറങ്ങിയും മററും തീർക്കാമല്ലോ എന്ന വിചാരമാണ് അതിനു കാരണം.

പക്ഷേ, വീട്ടും അവിടെ സുഖമായി ജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഉള്ളവനുമാത്രമേ ഇങ്ങനെ ഒരാശ്വാസത്തിനു സാദ്ധ്യതയുള്ളു. ആകപ്പാടെ ഒരു ചെററക്കുടിലുമാത്രമേയുള്ളു, അവിടെ ആഹാരത്തിനു മാർഗ്ഗമില്ലാതെ എരിപിരികൊണ്ടു കരയുന്ന ഭാര്യയുടെയും അഞ്ചെട്ടു മക്കളുടെയും പക്കലേക്കാണു വെറുംകൈയുമായി ചെല്ലേണ്ടിവരുന്നതു് എന്നു വന്നാൽ, വീടിനെക്കുറിച്ചുള്ള ചിന്ത കൂടുതൽ സമാധാനക്കേടേ ഉണ്ടാക്കുകയുള്ളു. പാപപങ്കിലമായ ജീവിതം നയിക്കുന്നവരുടെ സ്ഥിതി ഇതാണ്.

ഈ വസ്തുതയും പുണ്യജീവിതം നയിക്കുന്നതിനു നമുക്കു പ്രേരണനൽകട്ടെ. പല വിധത്തിലുള്ള അനേകംക്ലേശങ്ങൾ സഹിക്കേണ്ടിവന്നപ്പോൾ സ്വയം ആശ്വസിപ്പിക്കുന്നതിനായി വി. അമ്മത്രേസ്യ ഒരു കടലാസിൽ എഴുതി പുസ്തകത്തിൽ അടയാളമായി വച്ചിരുന്ന ചില വാക്യശകലങ്ങളുടെ ഗാഥാരീതിയിലുള്ള ഒരു വിവർത്തനം താഴെ ചേർക്കുന്നു. അതു നമുക്കും ചിലപ്പോഴെല്ലാം ആശ്വാസപ്രദമായിരിക്കും. മനഃപാഠമാക്കി വച്ചിരുന്നാൽ വളരെ വിഷമംതോന്നുന്ന അവസരത്തിൽ പാടി ആശ്വസിക്കാം.

ഒന്നുമേ നിന്നെയലട്ടാതിരിക്കട്ടെ
ഒന്നുമേ ഭീതിനൽകീടാതെയും
സർവ്വും താനേ കടന്നുപോകുന്നിതാ
സർവ്വേശൻ മാത്രമേ നിത്യനുള്ളു.
ഏററക്ഷമയോടെയേതും സഹിക്കുന്നോൻ
കൂറോടെ കൈവശമാക്കും സർവ്വം
ദൈവത്തെ സ്വായത്തമാക്കുന്നവർക്കെല്ലാം
കൈവരുമേതും വിലോപമെന്യേ
ദൈവംമാത്രം മതി ദൈവം മാത്രം മതി
ദൈവത്തെ വേറിട്ടിന്നെന്തു വേണ്ടു?

ദൈവം നിങ്ങളെ ദയവരേയും അനുഗ്രഹിക്കട്ടെ. എന്നു് പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്.

---

## കൃതജ്ഞത

വി. അന്തോനീസിന്റെ മദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സഫലമായതിനു് നന്ദി. താമസിപ്പിച്ചതിനു ക്ഷമാപണം.

മിസ്സിസ് & മി.
വി. എൽ. ജോർജ്ജ്

---

## ആധുനിക വേദസാക്ഷി

(ഫാ. ജോസഫ് ഹാരാൾഡ് സി. ഡി. മല്ലാൻ)

ഒരുക്കൂട്ടം ചൈനാക്കാരായ കമ്മ്യൂണിസ്റ്റുകാർ വാതില്ക്കലേക്കു് ഓടിയെത്തി. അവർ തോക്കു വഹിച്ചിരുന്നു. ഫാദർ മാത്യു സൂസങ്കീത്തിയുടെ വാതിൽ അടയ്ക്കാൻ ശ്രമിക്കുകയായിരുന്നു. അവർ ആക്രോശിച്ചു.

"ദൈവത്തെപ്പററി സംസാരിക്കരുതെന്നു് തങ്ങളെ ഒപ്പിച്ചതല്ലേ! പിന്നെ എന്തുകൊണ്ടു് താൻ പ്രസംഗിച്ചു? തന്നെ അറസ്റ്റു ചെയ്തിരിക്കുന്നു. വേഗം ഞങ്ങളുടെകൂടെ വരിക."

ഒരു യുവവൈദികൻ ഇതാ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു കഴിഞ്ഞു. കഠിനമായ വേലകൾ സദാ ചെയ്തുകൊള്ളണം. നിസ്സാരഭക്ഷണംമാത്രം. ആശ്വാസം ഒരിക്കലുമില്ല. ഈ ദുരിതങ്ങളൊന്നും ഫാദർ സൂ അത്ര വകവച്ചില്ല. കർത്താവിനുവേണ്ടി സഹിക്കാനിടവന്നതിൽ അദ്ദേഹം സന്തോഷിച്ചു. അഭിമാനംകൊണ്ടു. കാരാഗൃഹത്തിൽവച്ചും അദ്ദേഹം നമ്മുടെ കർത്താവിനെക്കുറിച്ചും അവിടുത്തെ മാതാവിനെക്കുറിച്ചും തന്റെ സഹവാസികളോടു് സംസാരിച്ചിരുന്നു. കമ്മ്യൂണിസ്റ്റുകാർക്കു് ഇദ്ദേഹത്തോടുണ്ടായിരുന്ന കോപം വർദ്ധിച്ചു.

ഒരു സഖാവു് പറഞ്ഞു: 'ഇയാളോടു് കൂടുതൽ കഠിനമായി പെരുമാറണം. കടുത്ത വെയിലത്തു് അയാളെക്കൊണ്ടു് വേല ചെയ്യിക്കണം. യാതൊരാശ്വാസവും അയാൾക്കു് കൊടുക്കരുതു്. അപ്പോൾ അയാൾ തന്റെ ദൈവത്തെ മറന്നുകൊള്ളും."

ദിവസങ്ങൾ രണ്ടുകൂടി കഴിഞ്ഞു. നമ്മുടെ വൈദികൻ സഖാക്കളുടെ ഭീഷണികളൊന്നും അത്ര വകവെച്ചില്ല. അദ്ദേഹം മതകാര്യങ്ങളെപ്പററി സുധീരം സംസാരിച്ചിരുന്നു. വീണ്ടും ഒരു സഖാവു് ഫാദർ സൂവിനെപ്പററിയുള്ള ആവലാതിയുംകൊണ്ടു് നേതാവിന്റെ പക്കൽ എത്തി.

"ഫാദർ സൂ ഇപ്പോഴും ദൈവസ്നേഹത്തെപ്പററി കാരാഗൃഹവാസികളോടു് സംസാരിക്കുകയാണ്. അദ്ദേഹത്തെ നിശ്ശബ്ദനാക്കാൻ നമ്മെക്കൊണ്ടു് സാദ്ധ്യമല്ല."

"ആഹാ! നിങ്ങൾക്കു കഴിയുകയില്ലെന്നോ! എന്നാൽ ഞാനൊന്നു ശ്രമിച്ചുനോക്കാം. പരിപൂർണ്ണപട്ടിണിക്കു് അയാളെ വിധേയനാക്കുക. അപ്പോൾ സംസാരിക്കുന്നതിനു് അയാൾക്കു് കഴിവുണ്ടാകയില്ല. ദൈവത്തെക്കുറിച്ചു് സംസാരിക്കുന്നതിൽനിന്നു വിരമിക്കയില്ലെങ്കിൽ യാതൊരു ഭക്ഷണവും ലഭിക്കയില്ല എന്ന വിവരവും അയാളെയറിയിക്കുക."

ആറു ദിവസങ്ങൾക്കുശേഷം കമ്മ്യൂണിസ്റ്റുനേതാവു് കാരാഗൃഹം സന്ദർശിച്ചു.

"കൊള്ളാം! ഫാദർ സൂ ഇപ്പോൾ ദൈവത്തെപ്പററി സംസാരിക്കുന്നുണ്ടോ?"

"ഉവ്വ്! അദ്ദേഹം ഇപ്പോഴും അങ്ങനെതന്നെ സംസാരിക്കുന്നു. ഞങ്ങൾ യാതൊരു ഭക്ഷണവും അദ്ദേഹത്തിനു കൊടുക്കുന്നില്ല. ഡോക്ടർ പറയുന്നു അദ്ദേഹം മരിക്കാറായിരിക്കുന്നു എന്നു്."

"അയാളെ ഇവിടെ കൊണ്ടുവരൂ." നേതാവു് പറഞ്ഞു.

"ഛേ! ഫാദർ! താങ്കളുടെ മതത്തെ മറക്കുക. അപ്പോൾ താങ്കൾക്കു ഭക്ഷണം തരാം."

"എന്റെ വിശ്വാസത്തിനുവേണ്ടി പീഡസഹിക്കുന്നതു് എനിക്കു് ആനന്ദകരമാണ്. എനിക്കു നിങ്ങളുടെ ഭക്ഷണം വേണ്ട."

രണ്ടു മണിക്കൂർകൂടെ കഴിഞ്ഞു. ആ ധീരാത്മാവിന്റെ പരിപാവനദേഹി സന്താപംനിറഞ്ഞ ലോകത്തിൽനിന്നു് സന്തോഷത്തിന്റെ നികേതനമായ സ്വർഗ്ഗത്തിലേക്കു് പറന്നു. "അവിടെ വിശപ്പും ദാഹവും ഇല്ല."

---

(2-ാംപേജ് തുടർച്ച)

ണ്ടു്. ഇപ്പോഴത്തെ ജീവിതവും ആദർശങ്ങളും ഉപേക്ഷിപ്പാൻ ഞാൻ തയ്യാറില്ല. അവ ദൈവികമാണെന്നും, അവസാനത്തിൽ പൊതുനന്മയ്ക്കു് പര്യാപ്തമായിത്തീരുമെന്നും ഞാൻ വിശ്വസിക്കുന്നു. തിരുമനസ്സുകൊണ്ടു് എന്നോടു് ആവശ്യപ്പെടുന്ന കാര്യം ഞാൻ സമ്മതിക്കുന്നതായാൽ അതിന്റെ ഫലമായി സമുദായവ്യവഹാരങ്ങളിലും ആഭ്യന്തരകലഹങ്ങളിലും ഞാൻ ഉൾപ്പെടാതെ ഗത്യന്തരമില്ലെന്നും, യാക്കോബായ പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിച്ചേ മതിയാവൂ എന്നും വന്നുകൂടും. എന്റെ ആഗ്രഹം ഇവയിൽ നിന്നെല്ലാം വേർപെട്ടു ജീവിക്കണമെന്നാണ്. കഴിഞ്ഞ രണ്ടുമൂന്നു മാസക്കാലത്തിനിടയിൽ തിരുമനസ്സുകൊണ്ടു രഹസ്യമായും പരസ്യമായും ചെയ്തിട്ടുള്ള പ്രസ്താവനകളുടെ ഫലമായി ഞാനും ബഥനിയും അനേകം ആളുകളുടെ നിന്ദയ്ക്കും ദ്വേഷത്തിനും പാത്രീഭവിക്കുകയും, കേവലം നിസ്സാരമായ പിടിയരി മുതലായ സംഭാവനകൾപോലും ലഭിക്കാതെ വരുകയും ചെയ്തിട്ടുണ്ടു്. ഇതിലും കൂടുതലായ കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലും ജീവിതാദർശം ഉപേക്ഷിക്കുകയോ ദൈവദത്തമായ മനോബോദ്ധ്യത്തെ തിരസ്കരിക്കുകയോ ചെയ്യാൻ എനിക്കു യാതൊരു നിവൃത്തിയുമുള്ളതല്ല എന്നുള്ള വിവരം ഏററവും താഴ്മയായി തിരുമനസ്സറിയിച്ചുകൊള്ളുന്നു.

എന്നു്, മാർ ഇവാനിയോസ്
(ഒപ്പ്)

---

ഗ്രാമോദ്ധാരണപംക്തി

## മൃഗങ്ങളുടെ സാംക്രമികരോഗങ്ങൾ

# അടപ്പൻ

കന്നുകാലികളുടെ സാംക്രമികരോഗങ്ങളിൽ നാലാമത്തെ സ്ഥാനമാണു് അടപ്പൻ അഥവാ ആൻത്രാക്സ് എന്ന രോഗത്തിനുള്ളതു്. പ്രാചീനകാലംമുതൽതന്നെ ഈ രോഗം ഏഷ്യയിലും യൂറോപ്പിലും കണ്ടുവരുന്നു. ആഫ്രിക്കാ ഇൻഡ്യാ, ബർമ്മാ, ഇൻഡോചൈന എന്നീ രാജ്യങ്ങൾ ഈ രോഗത്തിന്റെ അധിവാസകേന്ദ്രമായി കരുതിപ്പോരുന്നു.

ഈ രോഗം മിക്കവാറും എല്ലാ മൃഗങ്ങൾക്കും ഉണ്ടാകുന്നുവെങ്കിലും ആടുമാടുകൾക്കാണു് അധികമായി കാണുന്നതു്. മനുഷ്യർക്കും ഈ രോഗം ഉണ്ടാകുന്നതിനാൽ ഇതിനെ സംബന്ധിച്ചു് കൂടുതൽ ശ്രദ്ധ പതിക്കേണ്ടതാണു്. ചെറുപ്രായത്തിലാണു് ഈ രോഗം കൂടുതലായി ബാധിക്കുന്നതു്. ഈ രോഗത്തിന്റെ അണുക്കളാൽ മലിനമാക്കപ്പെട്ട ഭക്ഷണസാധനങ്ങൾവഴിയായിട്ടും ചെറിയ മുറിവുകൾ മുഖേനയും ഈ രോഗം ബാധിക്കുന്നു. മാംസം ശരിയായി വേവിക്കാതെ ഭക്ഷിക്കുന്നതുമൂലമാണു് സാധാരണ മനുഷ്യരിൽ ഈ രോഗം ഉണ്ടാകുന്നതെന്നുതന്നെ പറയാം. അണുക്കൾക്കു് പ്രാണവായുവിന്റെ സാന്നിദ്ധ്യത്തിൽ മാത്രമേ വളരുവാൻ കഴിയുകയുള്ളു. എന്നാൽ പ്രാണവായുവിന്റെ ദൗർലഭ്യത്തിൽ ഇവ സ്പോറുകളു (Spore) ണ്ടാക്കി വളരെക്കാലം ജീവിക്കുന്നു. അനുകൂലപരിതസ്ഥിതിയിൽ ഇവ വീണ്ടും അണുക്കളായി പുറത്തുവരും. ഒരിക്കൽ ഒരു പ്രദേശത്തു് ഈ രോഗം ബാധിച്ചാൽ അതിന്റെ അണുക്കൾ ദീർഘകാലത്തേക്കു് അവിടെയുണ്ടായിരിക്കും.

സാമാന്യം നല്ല ആരോഗ്യമുള്ള കന്നുകാലികളിൽ ചിലതു് അപ്രതീക്ഷിതമായി ചത്തുകിടക്കുന്നതായി കാണാം. ഇങ്ങനെയുള്ള പല അനുഭവങ്ങൾ ഒരേ ദിവസംതന്നെ ഉണ്ടാകും. ഇതാണു് ഈ രോഗത്തിന്റെ ആദ്യലക്ഷണം. ചില ഗ്രാമീണർ ഈ രോഗത്തെ "മാടൻ തല്ലുക" എന്നും പറയാറുണ്ടു്. ചത്തുകിടക്കുന്ന ജന്തുക്കളുടെ നാസികാദ്വാരത്തിൽനിന്നും പൃഷ്ടത്തിൽനിന്നും രക്തമോ രക്തമയമായ ദ്രാവകമോ പുറത്തുപോകുന്നതായി കാണാം. ശവശരീരം വളരെവേഗം വീർത്തുവരുന്നതായിക്കാണാം. സാധാരണ ചത്തുകഴിഞ്ഞു് മാത്രമേ ഈ രോഗം അറിയുവാൻ സാധിക്കുകയുള്ളു. ചാകാതെ കാണുന്ന ചുരുക്കം ചില രോഗികളിൽ താഴെപ്പറയുന്ന ലക്ഷണങ്ങൾ കാണപ്പെടും. ഏകദേശം 104°F മുതൽ 107°F വരെ പനിയുണ്ടായിരിക്കും. നാസികാദ്വാരത്തിൽനിന്നു രക്തമയമായ ഒരു ദ്രാവകം പ്രവഹിച്ചുകൊണ്ടിരിക്കും. മൂത്രത്തിലും മലത്തിലും രക്തം കാണാം. ശ്വാസോച്ഛ്വാസം വളരെ വിഷമമായിരിക്കും. കുടക്കൂടെ മുഖം പിൻഭാഗത്തേക്കു് നോക്കിക്കൊണ്ടിരിക്കും. കാവപ്പുറങ്ങളിൽ പാലു് വളരെ കുറഞ്ഞിരിക്കും. ഉള്ളതുതന്നെ മഞ്ഞനിറത്തിലോ രക്തം കലർന്നതോ ആയിരിക്കും. രോഗം ബാധിച്ചതിൽ 90 ശതമാനവും ചാകുകയാണു് പതിവു്. കഴുത്തിലും മാറിലും തോളിലും നീരു് അനുഭവപ്പെടും. ഇതു് കരിങ്കാലിപോലെ തടവിയാൽ ശബ്ദം കേൾക്കുകയില്ല.

ഇതിന്റെ പ്രതിരോധനത്തിനു് ആൻറി സീറം ഉപയുക്തമെങ്കിലും ഇതിന്റെ ആക്രമണം വളരെ ശീഘ്രഗതിയിലാകയാൽ അത്ര പ്രായോഗികമല്ല. പിന്നീടു് ചെയ്യാവുന്ന ഉപാധികൾ താഴെ കാണുന്നവയാണു്.

1) അടപ്പന്റെ ആക്രമണം ഉണ്ടായിയെന്നു് സംശയം തോന്നിയാൽ ആദ്യമായി ചെയ്യേണ്ടതു് തൊഴുത്തിലുള്ള മൃഗങ്ങളെ അവിടെനിന്നും മാററംചെയ്യുകയാണു്. കന്നുകാലികളെ, രോഗം ബാധിച്ചതിനോടു് സമ്പർക്കം ഉണ്ടായവയെന്നും ഇല്ലാത്തവയെന്നും രണ്ടുതരത്തിൽ തിരിച്ചു്, രണ്ടുകൂട്ടത്തേയും ഉയന്ന ഈർപ്പരഹിതമായ പ്രദേശത്തേക്കു് മാററണം. സമ്പർക്കമില്ലാതിരുന്ന കന്നുകാലികളുടെ ഊഷ്മാവു് ദിവസവും രാവിലെയും വൈകിട്ടും പരിശോധിച്ചുകൊണ്ടിരിക്കണം. പനിയുള്ളവയെ അക്കൂട്ടത്തിൽനിന്നും മാററംചെയ്യണം.

2) മുൻ പറഞ്ഞതുപോലെ ഈ അണുക്കൾക്കു് ജീവിക്കുന്നതിനു് പ്രാണവായു ആവശ്യമാകയാൽ ചത്ത മൃഗശരീരത്തിൽ ഇവയ്ക്കു് ജീവിക്കുവാൻ സാധിക്കുകയില്ല. എന്നാൽ അതിൽനിന്നും പുറത്തായാൽ അവ സ്പോറുകളുണ്ടാക്കി ജീവിക്കും. അതിനാൽ ചത്ത മൃഗങ്ങളെയും അവയുടെ വിസർജ്ജനങ്ങളും വളരെ ശ്രദ്ധയോടുകൂടി മറവുചെയ്യേണ്ടതാണു്. ശവശരീരം ഏകദേശം ആറടിയിൽ കുറയാത്ത ആഴത്തിൽ കുഴിച്ചിടണം. കുഴിയുടെ അടിഭാഗത്തും ചുററിലും കുറച്ചു് കുമ്മായം ഇടുന്നതു് വളരെ പ്രയോജനകരമാണു്. കുഴിച്ചിടാൻ കൊണ്ടുപോകുന്ന ശവശരീരത്തിന്റെ ബാഹ്യദ്വാരങ്ങൾ ഭംഗിയായി അടച്ചു് മൂടിക്കൊണ്ടുതന്നെ പോകണം. വഴിയിൽക്കൂടി വലിച്ചുകൊണ്ടുപോകാൻ പാടില്ല. പട്ടിയും കുറുക്കനുംമററും മാന്താതെ കുഴി ഭദ്രമായി സൂക്ഷിക്കണം. തൊഴുത്തിന്റെ തറ വൈക്കോലോമററോ ഇട്ടു് ചുട്ടു് വൃത്തിയാക്കണം. ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ചും തൊഴുത്തു് വൃത്തിയാക്കാവുന്നതാണു്.

3) മേയുന്നസ്ഥലം മാററി പുതിയ സ്ഥലം അനുവദിക്കണം. അഥവാ കൊളുത്തുകൊണ്ടിരിക്കുന്ന വൈക്കോൽ മാററി പുതിയതു കൊടുക്കണം.

4) സാധിക്കുന്നപക്ഷം ആൻറി സീറം ഉപയോഗിക്കാം. അല്ലാത്ത അവസരത്തിൽ കാർബോളിക് ആസിഡ് ഒരു ഗ്രാമം കറിയുപ്പു് അരയൗൺസുംവി

(ശേഷം 10-ാം പേജിൽ)

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Teresa Theratcil

---

തൈക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ
പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

Reg. M. No. 2295

# Sathya Deepam

Vol. 27 — Ernakulam November 11, 1953 — No. 12

## വിവിധവൃത്താന്തങ്ങൾ

### എപ്പോഴെങ്കിലും നിങ്ങൾ ഇക്കാര്യം കേട്ടിട്ടുണ്ടോ?

നാം വസിക്കുന്ന ഭൂഗോളത്തിന്റെ മുക്കാൽഭാഗവും കടലാണ്, കാൽഭാഗമേ കരയുള്ളു. അതായതു ഭൂമിക്കു ആകെ 19 കോടി 60 ലക്ഷം ചതുരശ്രമൈൽ വിസ്താരമുള്ളതിൽ 14 കോടി 10 ലക്ഷവും ജലമാണ്!—ഇപ്പോൾ നടക്കുന്ന ഐക്യയൂറോപ്പുപ്ലാൻ പുത്തനല്ല. ഫ്രാൻസിലെ ഹെൻറി നാലാമൻ രാജാവ് 1638-ൽ ഇതു അഭിപ്രായപ്പെട്ടതാണ്. ഒന്നരനൂററാണ്ടുകഴിഞ്ഞ്, ഇമ്മാനുവേൽ കാൻറ് എന്ന ജർമ്മൻ തത്വശാസ്ത്രജ്ഞനും ഈ പ്ലാൻ തന്നെ നിർദ്ദേശിക്കയുണ്ടായി. 1929 ലാണ് ഫ്രാൻസിലെ പ്രധാനമന്ത്രി ബ്രയാൻ ഇങ്ങനെയൊരു പദ്ധതിയുമായി മുമ്പോട്ടുവന്നതു്—മരംകൊണ്ടുതന്നെ ലോകത്തിൽ ഒന്നാമതായി പണികഴിച്ച കെട്ടിടം ഇപ്പോൾ ജപ്പാനിൽ നാറാ എന്ന സ്ഥലത്തുള്ളതാണ്. 1157 വർഷങ്ങൾക്കു മുമ്പാണു അതു പണിതീർത്തതു്. ഇപ്പോഴും യാതൊരു കേടുംകൂടാതെ അതു നിലകൊള്ളുന്നു. ഒററ ഇരുമ്പാണിപോലും അതിനു് ഉപയോഗിച്ചിട്ടില്ല!

### ഭാരതീയസാഹിത്യകാരൻ കമ്മ്യൂ: ചൈനായെക്കുറിച്ച്

ബോംബെയിലെ ഒരു പേരുകേട്ട എഴുത്തുകാരനായ ജി. പി. ഹത്തിസിങ്ങ്, ഇന്നത്തെ ചൈനായെപ്പററി ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. "ആ വലിയ സമാധാനം — ചുവപ്പുചൈനായെപ്പററി ഒരു ഏഷ്യാക്കാരന്റെ തുറന്ന പ്രസ്താവന" എന്നാണ് ഗ്രന്ഥത്തിന്റെ നാമധേയംതന്നെ. 1951-ലും 52-ലും അദ്ദേഹം ചൈനാ സന്ദർശിച്ച് നേരിട്ടുകണ്ട വിവരങ്ങളാണു പ്രതിപാദ്യവിഷയം. അദ്ദേഹം പറയുന്നു: "സയാം, മലയാ, ഇൻഡോചൈന, ഇൻഡോനേഷ്യാ ഈ പ്രദേശങ്ങളിൽ ചിതറിക്കിടക്കുന്ന ഒരു കോടിയോളം ചൈനാക്കാർ വഴിയായി ഭക്ഷ്യണാപഹരസ്സ, ഏഷ്യാ മുഴുവനിലേക്കും നുഴഞ്ഞുകയറുന്നതിനാണ് പെക്കിങ്ങ് ഗവമ്മെൻറിന്റെ ഉദ്ദേശമെന്നു സ്പഷ്ടമായിക്കഴിഞ്ഞിരിക്കുന്നു. ചൈനായുടെ വിദേശനയമെന്താണെന്നു ചോദിച്ചാൽ, മനുഷ്യന്റെ ആയുസ്സിനെ മാത്രമല്ല, മനസ്സിനെപ്പോലും ഒരു പുതിയ സാമ്രാജ്യത്വത്തോടു വലിച്ചുകെട്ടുന്നതിനുള്ള ഉദ്യമമാകുന്നു. ഈ യത്നത്തിൽ കോടിക്കണക്കിനു ജനങ്ങളുടെ മേൽ ഒരു പുതിയ അടിമത്തം അടിച്ചേല്പിച്ചിരിക്കുന്നതായിക്കാണാം. വ്യക്തിസ്വാതന്ത്ര്യം അവർക്കു വെറും പുല്ലുമാണ്. നയംകൊണ്ടും ഭയംകൊണ്ടും അനേകകോടി ജനങ്ങളിൽ കമ്മ്യൂണിസം കുത്തിവയ്ക്കാനാണു അവരുടെ പരിശ്രമം. അവിടത്തെ വിദ്യാലയങ്ങളും കോളെജുകളുമെല്ലാം ഇതിലേക്കുള്ള യന്ത്രശാലകൾ മാത്രമാണ്......."

### ഐറിഷ് ഭാര്യ ഇററാല്യൻ കമ്മ്യൂണിസ്റ്റിനെ തിരിച്ചെടുക്കുന്നു

ഇററലിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകന്മാരിലൊരാളാണ് ഇഗ്നാസ്യോ സിലോണെ. മോസ്കോയിൽ ലെനിൻ, ട്രോട്സ്കി, സ്റ്റാലിൻ മുതലായവരുമായി അദ്ദേഹം സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. പേരുകേട്ട ഒരു കമ്മ്യൂണിസ്റ്റു ഗ്രന്ഥകാരനുമാണദ്ദേഹം. എന്നാൽ ഒടുവിൽ അദ്ദേഹം കമ്മ്യൂണിസം പരിത്യജിച്ച് സോഷ്യലിസത്തിലേക്കു കടന്നു. ഇപ്പോൾ അവിടെനിന്നു കത്തോലിക്കാസഭയിലേക്കു കടക്കാനുള്ള ഒരുക്കത്തിലെത്തിയിരിക്കയാണ്. ഐറിഷ്കാരിയായ സ്വഭാര്യനിമിത്തം ഉണ്ടായിട്ടുള്ള പരിവർത്തനമാണിതെല്ലാം. ഡബ്ലിൻ യൂണിവേഴ്സിററിയിൽ ബിരുദമെടുത്തിട്ടുള്ള ഈ മഹതി വളരെനാളത്തേക്കു "ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ" പത്രത്തിന്റെ സ്റ്റാഫിൽ ജോലിചെയ്തിട്ടുള്ളതാണ്. സിലോണേയുടെ മുറിയിൽ ഇപ്പോൾ ഒരു ക്രൂശിതരൂപവും സ്ഥാനമെടുത്തിട്ടുണ്ട്. "അവളുടെ കത്തോലിക്കത്വം എന്നെ വളരെ ആകർഷിക്കുന്നു" എന്നാണ് ഈയിടെ അദ്ദേഹം പ്രസ്താവിച്ചതു്.

### നിരായുധീകരണത്തിന്റെ പൂർവ്വചരിത്രം

1945 ജൂൺ 26-ാം തീയതി ഐക്യരാഷ്ട്ര സംഘടനയിലെ 50 രാജ്യങ്ങൾ ചേർന്ന്, യുദ്ധം അവസാനിച്ചാലുടനെ, നിരായുധീകരണത്തിനുള്ള ശ്രമങ്ങൾ എല്ലാ രാജ്യങ്ങളും ആത്മാർത്ഥമായി ആരംഭിക്കണമെന്നു നിശ്ചയംചെയ്തു. ലോകനന്മയ്ക്കായി വിനിയോഗിക്കേണ്ടതായ എന്തുമാത്രം ധനവും ശക്തിയും യുദ്ധയത്നങ്ങൾക്കായി നഷ്ടപ്പെടുത്തിക്കളയുന്നതിനെപ്പററിയുള്ള അതിയായ ഖേദവും അവർ പ്രദർശിപ്പിച്ചു. അമേരിക്ക ഈ വിഷയത്തിൽ മാതൃകായോഗ്യമായിട്ടാണ് വർത്തിച്ചതു്. യുദ്ധാനന്തരം 18 മാസത്തിനകം അമേരിക്കൻ സൈന്യശക്തി ഒന്നരക്കോടിയിൽനിന്നു 15 ലക്ഷമായി കുറച്ചു. ആയുധനിർമ്മാണപരിപാടികളും സാരമായി കുറച്ചു. എന്നാൽ റഷ്യാ എന്താണു ചെയ്തതു്? സൈന്യശക്തി അനുദിനം വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. 1950 ആയപ്പോഴേക്കും റഷ്യയിലും അധീനരാജ്യങ്ങളിലുമായി 215 ഡിവിഷൻ സൈന്യങ്ങളെ സജ്ജമാക്കി. യുദ്ധസാമഗ്രികളുടെ നിർമ്മാണവും അതുപോലെ ത്വരിതപ്പെടുത്തി. ഈ വഞ്ചനകണ്ട് പരിഭ്രാന്തരായിട്ടാണ് അമേരിക്കയും മററു രാജ്യങ്ങളും ആയുധീകരണസംരംഭങ്ങൾ വീണ്ടും ആരംഭിച്ചതു്.

### ഗ്രിഗോറിയൻ സർവ്വകലാശാലയുടെ 4-ാംശതാബ്ദപൂർത്തി

ഈശോസഭക്കാരുടെ മേൽനോട്ടത്തിൽ റോമിൽ നടത്തിവരുന്ന സുപ്രസിദ്ധമായ ഗ്രിഗോരിയൻ സർവ്വകലാശാല സ്ഥാപിതമായിട്ട് 400 കൊല്ലം തികയുന്നതു സംബന്ധിച്ച ജൂബിലി ഈയിടെ ആഘോഷിച്ചിരിക്കുന്നു. വി. ഇഗ്നേഷ്യസ് ലയോളയും വി. ഫ്രാൻസിസു ബോർജിയായുമാണ് പ്രസ്തുത സർവ്വകലാശാലയുടെ സ്ഥാപനത്തിൽ പ്രധാന പങ്കു വഹിച്ചതു്. അവിടെ അഭ്യസനം നടത്തിയവരിൽ 6 പുണ്യവാന്മാരും 30 സിദ്ധന്മാരും 13 മാർപ്പാപ്പാമാരും അനേകം കർദ്ദിനാളന്മാരുംമെത്രാന്മാരും ഉൾപ്പെടുന്നു.

### കുഷ്ഠരോഗത്തിനു മരുന്നു

സിസ്റ്റർ മരിയസൂസന്ന എന്ന ഒരു കന്യാസ്ത്രീ കുഷ്ഠരോഗത്തിന്റെ പ്രചാരത്തെതടയുന്നതിനുപററിയ ഒരു സിദ്ധൗഷധം കണ്ടുപിടിച്ചിരിക്കുന്നു. ഫിജി ദ്വീപുകളിലെ മിക്കോഗായി എന്ന കുഷ്ഠരോഗകേന്ദ്രത്തിൽവച്ച് പ്രസ്തുത കന്യാസ്ത്രീ 25 വർഷം ഏതത്സംബന്ധമായ ഗവേഷണം നടത്തി. പാരിസിലും റോമിലും വച്ച് അതു തുടർന്നു. അങ്ങനെ 30 കൊല്ലത്തെ പരിശ്രമഫലമാണ് ഈ കണ്ടുപിടുത്തം.

### ബെല്ലക്കിനെക്കുറിച്ച് ബ്രിട്ടന്റെ അനുശോചനം

ലണ്ടനിൽ വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രലിൽ നടന്ന ചരമശേഷച്ചടങ്ങുകളിൽ കത്തോലിക്കർ മാത്രമല്ല, ബ്രിട്ടീഷ് ജനത മുഴുവൻ സംബന്ധിച്ചിരുന്നതുപോലെകാണപ്പെട്ടു. സുപ്രസിദ്ധ വാഗ്മിയായ മോൺസിഞ്ഞോർ റൊനാൾഡ് നോക്സ് ഒരു അനുശോചനപ്രസംഗമദ്ധ്യേ പറഞ്ഞു: "ചിലർ അദ്ദേഹത്തെ അനുസ്മരിക്കുന്നതു് ആംഗ്ലേയഗദ്യസാഹിത്യത്തിന്റെ അധിപതിയഗുരുഭൂതൻ എന്ന നിലയിലായിരിക്കാം. അതേ, സ്റ്റേൺ, കോബെററു് എന്നവരെപ്പോലെ ഉജ്ജ്വലത്തും സജീവവുമായിരുന്നു അദ്ദേഹത്തിന്റെ ഭാഷാശൈലി. മററു ചിലർക്കു സ്വിഫ്ററ്, മോളിയർ എന്നിവരെ അനുസ്മരിപ്പിക്കുന്ന ഒരു നാടകകൃത്തായിരിക്കാം അദ്ദേഹം. ഇനിയും വേറെ ചിലർക്ക്, ഭൂതകാലത്തെ പുനർജ്ജീവിപ്പിക്കുന്ന അനുഗൃഹീതനായ ഒരു ചരിത്രകാരനായിരിക്കാം അദ്ദേഹം. എന്നാൽ നമുക്കോ, ഇതെല്ലാം അദ്ദേഹത്തിന്റെ മഹത്വത്തിന്റെ പുറംതൊങ്ങലുകൾ മാത്രമാണ്. ദൈവികകാര്യങ്ങളെ, മനോഹരചിത്രങ്ങളിലും മാതൃഭാഷയിലും വിശദീകരിച്ചുകൊണ്ടിരുന്ന ഒരു മഹാപുരുഷനായിരുന്നു നമുക്കു അദ്ദേഹം. നമുക്കു അദ്ദേഹം ഒരു പ്രവാചകനായിരുന്നു. പ്രവാചകൻ എന്നു വച്ചാൽ ധാത്വർത്ഥത്തിൽ, തുറന്നു സംസാരിക്കുന്നവനെന്നാണു വിവക്ഷ. ഒളിവും വളവും കൂടാതെ അദ്ദേഹം സംസാരിച്ചിരുന്നു. ഭയാശങ്കകൂടാതെ അദ്ദേഹം സംസാരിച്ചിരുന്നു......"

### ജർമ്മൻകാര്യത്തിൽ റഷ്യയുടെ പരാജയം

"ബാൾട്ടിമോർ സൺ" എന്ന പത്രം പറകയാണ്: പടിഞ്ഞാറേ ജർമ്മനിയിൽ അഡെനോവറുടെ വിജയത്തോടെ, ജർമ്മനിയെ മുഴുവൻ പിടിയിലാക്കാമെന്നുള്ള റഷ്യൻ പ്രതീക്ഷ പരാജയമടഞ്ഞിരിക്കുന്നു. ഈ ചുരുങ്ങിയ മാസങ്ങൾക്കിടയിൽ റഷ്യക്കു ജർമ്മനിയിലുണ്ടായ രണ്ടാമത്തെ തോൽവിയാണിതു്. ഒന്നാമത്തേതു കഴിഞ്ഞ ജൂൺമാസത്തിൽ കിഴക്കേ ജർമ്മനിയിലെ തൊഴിലാളികൾ ഒന്നാകെ ഇളകി, കമ്മ്യൂണിസ്റ്റു ഭരണത്തോടുള്ള അവരുടെ പ്രതിഷേധം പ്രകടിപ്പിച്ചതാണെന്നു പറയേണ്ടതില്ലല്ലോ.

### പ്രസ്ബിറേററിയൻ മതാദ്ധ്യക്ഷൻ കത്തോലിക്കാസഭയെപ്പററി

റവ. ഡബ്ളിയു. റോളൻഡ് എന്ന പ്രസ്ബിറേററിയൻ സഭയിലെ ഒരു വൈദികപ്രമുഖൻ ഓസ്ട്രേലിയായിൽ റോട്ടറി ക്ലബ്ബുകാരോടു ചെയ്ത ഒരു പ്രഭാഷണത്തിൽ പ്രസ്താവിച്ചതായതു്: റോമൻ കത്തോലിക്കാസഭ അവളുടെ സന്താനങ്ങൾക്കെല്ലാവർക്കും തന്നെ മതപരമായ ഒരു വിദ്യാഭ്യാസം നൽകിക്കൊണ്ടിരിക്കുന്നുവെന്നുള്ളതു അവളുടെ പ്രശസ്തിക്കും അത്യധികമായ ത്യാഗത്തിനും കാരണമായിട്ടുണ്ട്. കാലങ്ങൾ കടന്നുപോകുന്തോറും അഭിമുഖീകരിക്കേണ്ടിവരുന്ന നിശിതങ്ങളായ പരീക്ഷണങ്ങളെ നേരിടുന്നതിനുവേണ്ട ശക്തിമത്തായ സ്വഭാവരൂപവല്ക്കരണം നൽകുന്നതിനു പര്യാപ്തമായ ഒരു വിദ്യാഭ്യാസം പ്രദാനം ചെയ്കയെന്നുള്ളതു വലിയ ഒരു പ്രശ്നമാണ്. ഇന്നു് ഒരുതരം മതപരിശീലനവും സിദ്ധിക്കാത്ത ഒരു ലക്ഷത്തോളം കുട്ടികൾ ഈ വിക്ടോറിയാ സ്റ്റേററിൽ നമുക്കുണ്ടെന്നു കാണുന്നു. അടുത്ത പത്തുകൊല്ലക്കാലത്തിനകം ഈ നിലയിൽ എന്തൊക്കെ സംഭവിക്കുമോ, ആർക്കറിയാം. ആദ്യകാലങ്ങളിലെ വിദ്യാലയങ്ങളും കലാശാലകളും ശാസ്ത്രസമിതികളും മതത്തിൽനിന്നു ഉടലെടുത്തിട്ടുള്ളവയാണ്. കുറേ മുമ്പുവരെ വിദ്യാഭ്യാസജോലി മുഴുവൻ സഭതന്നെയാകുന്നു നിർവ്വഹിച്ചിരുന്നതു്. മതത്തിൽനിന്നു വേർപെട്ടുള്ള വിദ്യാഭ്യാസം തല വെട്ടിമാററിയ ഉടലുപോലെയായിരിക്കും. ലോകചരിത്രംപോലും മതത്തിന്റെ വെളിച്ചത്തിലല്ലാതെ വേണ്ടപോലെ ഗ്രഹിക്കാൻ സാധിക്കുന്നതല്ല......"

### വിദ്യാഭ്യാസവാരത്തിലെ വിജ്ഞേയമായ പ്രസ്താവനകൾ

ഇക്കഴിഞ്ഞ ആഗസ്റ്റ് 16 മുതൽ ഓസ്ട്രേലിയായിൽ വിദ്യാഭ്യാസവാരം ആഘോഷിക്കപ്പെട്ടു. സെൻറ് പാട്രിക്സ് കത്തീഡ്രലിൽ വിദ്യാഭ്യാസഞായറാഴ്ചത്തെ പ്രസംഗത്തിൽ ഫാദർ തോമസ് മുറേ എന്ന പ്രസിദ്ധപ്രാസംഗികൻ പറഞ്ഞു: "ഇന്നു ഓസ്ട്രേലിയായിലുള്ള 1500 കത്തോലിക്കാ വിദ്യാലയങ്ങളിലായി മൂന്നുലക്ഷത്തോളം കത്തോലിക്കാ കുട്ടികൾ അദ്ധ്യയനം നടത്തുന്നുണ്ട്. പതിനായിരത്തോളം കന്യാസ്ത്രീകളും, രണ്ടായിരത്തിൽപ്പരം സന്യാസസഹോദരന്മാരുമാണു ഈ മഹനീയജോലിയിൽ ഏർപ്പെട്ടിരിക്കുന്നതു്. വിക്ടോറിയാ സ്റ്റേററിൽ 1938-ൽ കത്തോലിക്കാ വിദ്യാലയങ്ങളിലെ കുട്ടികളുടെ സംഖ്യ 53,744 മാത്രമായിരുന്നു. 1952-ൽ അതു 74,454 ആയി വർദ്ധിച്ചിട്ടുണ്ട്. അതായതു് 14 കൊല്ലത്തിനിടയ്ക്കു് മുപ്പത്തെട്ടുശതമാനത്തിന്റെ വർദ്ധനവുണ്ടായി. അതേകാലഘട്ടത്തിൽ ഗവമ്മെൻറു വിദ്യാലയങ്ങളിലുണ്ടായിട്ടുള്ള വർദ്ധനവ് 17 ശതമാനം മാത്രമാകുന്നു. കഴിഞ്ഞ 40 കൊല്ലങ്ങൾക്കിടയിൽ മെൽബോൺ രൂപതതന്നെ കത്തോലിക്കാ വിദ്യാലയങ്ങൾ പണിയുന്നതിലേക്കു 17 ലക്ഷം പവനാണു ചെലവുചെയ്തിട്ടുള്ളതു്. ഈ തെയിററു കൂടിക്കൂടി വരികയാണ്. കഴിഞ്ഞ 14 കൊല്ലത്തിനിടയ്ക്കുള്ള ചെലവ് 10 ലക്ഷത്തോളമായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നമ്മുടെ ഓസ്ട്രേലിയൻ ഗവമ്മെൻറിനു ഒരു പ്രത്യേകതയുണ്ട്. ബ്രിട്ടീഷ് കോമൺവെൽത്തു രാജ്യങ്ങളിൽ, കത്തോലിക്കാ സ്കൂളുകളെ ഇത്ര കുറച്ചുമാത്രം പ്രോത്സാഹിപ്പിക്കുന്ന വേറൊരുരാജ്യവും കാണുകയില്ല!..."

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

